
'ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായും'

# ക്രൈസ്തവ കാഹളം



DHARMARAM COLLEGE LIBRARY BANGALORE.

Vol. XXIII. June 1964 No. 2.

വരിസംഖ്യ മുൻകൂർ 2ക. 50ന. പ.
വിദേശങ്ങളിൽ 3ക. 50ന. പ.

# CHRISTHAVA KAHALAM

(An Organ of the Catholic Re-union Movement)

## ഈ ലക്കത്തിൽ

| | | | പേജ് |
|---|---|---|---|
| 1. | ആധുനികഭാരതശില്പിയായ പണ്ഡിററ് നെഹ്റു | | 37 |
| 2. | പത്രാധിപക്കുറിപ്പുകൾ | | 38 |
| 3. | ആർച്ചുബിഷപ്പ് തിരുമനസ്സിലെ കത്ത് | | 40 |
| 4. | പാർശ്വവീക്ഷണം | — (A. A) | 42 |
| 5. | ആരാധനക്രമം നമ്മുടെ ജീവിതത്തിൽ | — (ഫാ. ജേക്കബ് ഞായലൂർ) | 43 |
| 6 | വത്തിക്കാൻ കൗൺസിൽ | — സി. പി മാത്യു, എം. എ.) | 45 |
| 7. | പ്രസംഗപംക്തി | — വ. ദി. ശ്രീ. ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ) | 48 |
| 8. | സഭാ ഐക്യത്തിൻെറ പുരോഗതി | — (ഫാ. മാക്കോസ്, കേളച്ചന്ദ്ര) | 53 |
| 9. | തിരുഹൃദയം (കവിത) | — (ദ. അയ്യനേത്തു്) | 56 |
| 10. | അയ്മേനികൾ ആധുനികലോകത്തിൽ | തർജ്ജമ — (കെ. റോയ് പോൾ) | 57 |
| 11. | അസുഖം നിമിത്തം കിടപ്പിലാകുമ്പോൾ | — (ഫാ. ഓസ്വാൾഡ്) | 66 |
| 12. | ലീജിയൻ ഓഫ് മേരി ജൂബിലി സമ്മേളനം | | 69 |
| 13. | വിവിധ വൃത്താന്തങ്ങൾ | | 70 |
| 14. | സഭാകലണ്ടർ | | 71 |
| 15. | രൂപതാതിരൂപതാവാർത്തകൾ | | 72 |

### സെൻറ മേരീസ് പ്രസ്സിൽ നിന്നും കിട്ടുന്നതാണ്

| | | Rs. | nP. |
|---|---|---|---|
| മലങ്കര സുറിയാനി കത്തോലിക്കരുടെ പ്രാത്ഥനക്രമം | | | |
| വെള്ള മേനിക്കടലാസ് പ്ലാസ്റ്റിക് കവർ ചെയ്തതു് | ...... | 1 | 50 |
| പ്രാത്ഥനക്രമം കുംതാ—കുർബാനക്രമം ഇവ ഒന്നിച്ചു | | | |
| ബയൻറുചെയ്തു പ്ലാസ്റ്റിക് കവർ ഇട്ടതു് ഒന്നാംതരം | ...... | 3 | 00 |
| രണ്ടാംതരം | ...... | 2 | 50 |
| കുംതാ—കുർബാനക്രമം ...... ...... ...... | ...... | 0 | 75 |
| കുർബാനക്രമം ...... ...... ...... ...... | ...... | 0 | 40 |

*Chief Editor*: Rt. Rev. Msgr. Philipose Ramban.

*Sub*: ,, Rev. Fr. Jacob Gnayalloor,

***Publishing Editor***:
Rev. Fr. C. A. Abraham,
Mar Ivanios College,
Trivandrum-15.

# ക്രൈസ്തവകാഹളം

| പുസ്തകം 23 | ജൂൺ 1964 | ലക്കം 2. |
|---|---|---|

## ആധുനികഭാരതശില്പിയായ പണ്ഡിററ് നെഹ്റു

[ഇൻഡ്യയുടെ നേതാവും പ്രകാശവുമായിരുന്ന പണ്ഡിററ് ജവഹർലാൽ നെഹ്റുവിനെപ്പററി തിരുവനന്തപുരം ആർച്ചുബിഷപ്പ് മോസ്റ്റ് റവ. ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി പുറപ്പെടുവിച്ചതും ആൾഇൻഡ്യാ റേഡിയോ പ്രക്ഷേപണം ചെയ്തതുമായ പ്രസ്താവനയിലെ ചില ഭാഗങ്ങൾ]

"...എൻെറ രാജ്യം എൻെറ ഏക ചിന്ത" എന്നു് പണ്ഡിററ്ജി ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ ജീവിതത്തെ മുഴുവൻ ഈ വാക്കുകളിൽ സംഗ്രഹിക്കാം. അദ്ദേഹം ഇൻഡ്യയെ കണ്ടെത്തി, ഇൻഡ്യയെ സ്നേഹിച്ചു, ഇൻഡ്യയ്ക്കായി ജീവിച്ചു. ഇൻഡ്യൻ ജനതയ്ക്കുവേണ്ടി തൻെറ സകലവും നിസ്വാർത്ഥമായി, ഉദാരമായി ചിലവഴിച്ചു. ആ സ്നേഹത്തിൽ കളങ്കമോ, പരിമിതിയോ, കണക്കുകൂട്ടലോ ഇല്ലായിരുന്നു. കലവറയില്ലാത്ത ഈ സ്നേഹമത്രെ അദ്ദേഹത്തിൻെറ വിജയരഹസ്യം. സ്നേഹസ്വരൂപനായ ഈശ്വരൻ അദ്ദേഹത്തിനു് നിത്യശാന്തി നല്കട്ടെ!

സങ്കുചിതമായ എല്ലാ ചിന്തകൾക്കും അതീതമായി രാജ്യത്തെ സ്നേഹിക്കുകയും മററുള്ളവർക്കുവേണ്ടി നമ്മുടെ കഴിവുകളെ വിനിയോഗിക്കുകയും ഐകമത്യത്തോടെ മുന്നേറുകയുമാണു് പണ്ഡിററ്ജിയോടു് നമ്മുടെ പ്രതിസ്നേഹം കാണിക്കുന്നതിനുള്ള ഉത്തമമാർഗ്ഗം. സ്നേഹത്തിൻെറയും ഐക്യത്തിൻെറയുമായ ഈ മാർഗ്ഗത്തിൽകൂടി ഐശ്വര്യത്തിലേക്കും യഥാർത്ഥ ശാന്തിയിലേക്കും ഈശ്വരൻ ഭാരതത്തെ നയിക്കട്ടെ!

# പത്രാധിപക്കുറിപ്പുകൾ

## നാമും തെററുകാരാണ്.

സുപ്രസിദ്ധ ധ്യാനപ്രാസംഗികനും തിരുഹൃദയഭക്തിയുടെ പ്രചാരകനും പാവനചരിതനും ആയിരുന്ന ഫാദർ മത്തയോക്രൗളി ഒരിക്കൽ പ്രസ്താവിക്കയുണ്ടായി:

"ദൈവത്തിൻെറ രഹസ്യങ്ങളിലേക്ക് ചൂഴ്ന്നിറങ്ങിച്ചെല്ലുവാൻ ഒരു ദൈവശാസ്ത്രജ്ഞൻ കേവലമൊരു പണ്ഡിതൻ മാത്രമായിരുന്നാൽ പോരാ. അതിലുമുപരി അദ്ദേഹം അഗാധമായ ആന്തരികജീവിതമുള്ള വ്യക്തിയായിരിക്കണം, ദൈവത്തിൻെറ മനുഷ്യനായിരിക്കണം. ദൈവശാസ്ത്രസംബന്ധമായ എല്ലാ പ്രബന്ധങ്ങളും ജീവനുള്ള പുസ്തകത്തിൻെറ, ക്രിസ്തുനാഥൻെറ ആമുഖങ്ങൾ മാത്രമാണെന്നുള്ള കാര്യം ഒരിക്കലും വിസ്മരിക്കാതിരിക്കുക. ചൂടും വെളിച്ചവും സമ്പാദിക്കുവാൻ പരിശ്രമിക്കുക. ജ്വാലയിൽക്കൂടി വെളിച്ചം വികസിപ്പിക്കുക" ഫാദർ മത്തയോക്രൗളിയുടെ ഈ വാക്കുകൾ നമ്മുടെ സവിശേഷമായ പരിചിന്തനമർഹിക്കുന്നു. പ്രത്യേകിച്ച്, എക്യുമെനിസത്തിൻെറതായ ഈ കാലഘട്ടത്തിൽ.

ക്രൈസ്തവസഭകളുടെ ഐക്യത്തിനു വഴിതെളിക്കുന്നതിനുതകുന്ന പരസ്പര സംഭാഷണങ്ങളും സമ്പർക്കങ്ങളും നടത്തുക എക്യുമെനിസത്തിൻെറ അരൂപി പുലർത്തിക്കൊണ്ടു പോകാൻ ആവശ്യമാണല്ലോ. സഭയുടെ ഐക്യത്തിൽനിന്നു വേർപെട്ടുപോയ പല സഹോദരങ്ങൾക്കും കത്തോലിക്കാസഭയുടെ പ്രബോധനങ്ങളെക്കുറിച്ച് പല പല തെററിദ്ധാരണകളുമുണ്ട്. സഭ പഠിപ്പിക്കാത്ത പലതും സഭ പഠിപ്പിക്കുന്നതായി അവർ ധരിച്ചുവെച്ചിട്ടുണ്ട്. സഭ പഠിപ്പിക്കുന്ന പലതും തെററായ രീതിയിലും അവർ ധരിച്ചിട്ടുണ്ട്.

എന്തേ ഇങ്ങനെ വരാൻ കാരണം? ഒരു കാരണം നമ്മുടെ ഭാഗത്തുള്ള തെററുകളാണ്. സഭയുടെ വിശ്വാസവിഷയങ്ങളെക്കുറിച്ചുള്ള നമ്മുടെ പ്രതിപാദനരീതികളും ചില കത്തോലിക്കരുടെ തെററായ ആചാരരീതികളും പ്രവൃത്തികളും വിശ്വാസവിഷയങ്ങളെക്കുറിച്ചു തെററായ ധാരണകൾ അകത്തോലിക്കാസഹോദരങ്ങളിൽ ഉണ്ടാകുവാൻ കാരണമായിട്ടുണ്ട്.

വിവിധവീക്ഷണകോണങ്ങളിൽക്കൂടി സഭയെ നോക്കാനും കാണാനും സാധ്യമാണ്. ഉദാഹരണമായി സഭ ദൃശ്യമായ ഒരു സമൂഹമാണ്, ക്രിസ്തുവിൻെറ മണവാട്ടിയാണ്, ക്രിസ്തുവിൻെറ മൗതികശരീരമാണ്. ഇവയിൽ ഏതെങ്കിലുമൊന്നിനുമാത്രം അമിതപ്രാധാന്യം നൽകി മററുള്ളവയെ അവഗണിക്കുക സാധ്യമല്ലല്ലോ. വേറൊരു കാര്യം കൂടി. നമ്മുടെ അകത്തോലിക്കാസഹോദരങ്ങൾക്കു ഗ്രഹിക്കാവുന്ന, രുചിക്കാവുന്ന രീതിയിൽ സഭയുടെ പ്രബോധനങ്ങൾ നാം അവരുടെ മുൻപിൽ അവതരിപ്പിക്കണം. ഒരുദാഹരണം മാത്രം പറയാം. പരിശുദ്ധ കന്യകമറിയത്തിനു നാം നല്കുന്ന ബഹുമാനം പല അകത്തോലിക്കാസഹോദരങ്ങൾക്കും തെററിദ്ധാരണയ്ക്കു കാരണമായിട്ടുണ്ട്. കന്യകമറിയത്തെ കത്തോലിക്കർ ആരാധിക്കുന്നു, ആരാധന ദൈവത്തിനു മാത്രം നല്കേണ്ടപ്പോൾ ഒരു കേവലസൃഷ്ടിയായ മറിയത്തെ നാം ആരാധിക്കുന്നു—എന്നുവരെ അകത്തോലിക്കർ പറയാറുണ്ട്. ഭക്തിയുടെ ആധിക്യമുളവാക്കുന്ന വികാരതീക്ഷ്ണതമൂലം ചിലർ പ്രാർത്ഥനാഗ്രന്ഥങ്ങളിലെഴുതിപ്പിടിപ്പിച്ചിട്ടുള്ള വല്ല വാചകങ്ങളോ കന്യകമറിയത്തിൻെറ പ്രതിമയ്ക്കു മുമ്പിൽ ചിലയാളുകൾ കാണിക്കുന്ന ഭക്തവികാരപ്രകടനങ്ങളോ മുൻപറഞ്ഞ നിലയിൽ ചിന്തിക്കുന്നതിനു അകത്തോലിക്കാസഹോദരങ്ങൾക്കു ന്യായം നല്കിക്കാണാം. പക്ഷേ, എന്താണ് വാസ്തവം? സന്മനസ്സുള്ള ഏതൊരു ക്രിസ്ത്യാനിക്കും കന്യകാമറിയത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനങ്ങൾ ഗ്രഹിക്കാവുന്നതാണ്, രുചിക്കാവുന്നതാണ്. ആ നിലയിൽ നാം അവ അവതരിപ്പിക്കണമെന്നുമാത്രം. അപ്പോഴവയ്ക്കു ബോധ്യപ്പെടും, കത്തോലിക്കരുടെ

നിലപാട്ട് എത്ര യുക്തയുക്തമാണെന്ന്. കത്തോലിക്കരെക്കുറിച്ചുള്ള അവരുടെ തെററിദ്ധാരണയും നീങ്ങും.

കന്യകമറിയത്തെക്കുറിച്ചു നാം എന്തു വിശ്വസിക്കണമെന്നാണ് സഭ ആവശ്യപ്പെടുന്നതു്? പുത്രനായ ദൈവം കന്യകമറിയത്തിൽനിന്ന് മനുഷ്യനായിപ്പിറന്നു. രക്ഷ ലോകത്തിനു നല്കുവാൻ ദൈവം തിരഞ്ഞെടുത്ത ഉപകരണമായിരുന്നു, അവൾ. അവൾ ദൈവത്തിൻെറ മാതാവായിത്തീരേണ്ടവളായിരുന്നതിനാൽ ദൈവം അവളെ പാപത്തിൽനിന്നു സംരക്ഷിച്ചു. അവൾ തൻെറ മാതാവായിരുന്നതിനാൽ മിശിഹാ അവളെ സ്നേഹിച്ചു. അവളുടെ ശരീരം കല്ലറയിലഴിഞ്ഞുപോകാൻ അവിടുന്നു സമ്മതിച്ചില്ല ഇത്രയുമാണ് മറിയത്തെ സംബന്ധിച്ചുള്ള സഭയുടെ പ്രബോധനങ്ങളുടെ കാതൽ. അവസാനമായി സഭ വിശ്വാസികളെ ഉൽബോധിപ്പിക്കുന്നു, അവർ ക്രിസ്തുവിനെ യഥാർത്ഥമായി അനുകരിക്കുന്നവരാണെങ്കിൽ, അങ്ങയുടെ മാതാവിനോടു അങ്ങേയ്ക്കുണ്ടായിരുന്ന പുത്രസഹജമായ സ്നേഹാദരങ്ങൾ അവരും അനുകരിക്കുമെന്ന്.

ഇതുപോലെ സഭയുടെ വിശ്വാസസത്യങ്ങൾ നമ്മുടെ അകത്തോലിക്കാസഹോദരങ്ങൾക്കു ഗ്രാഹ്യമാക്കേണ്ട ചുമതല നമ്മുടേതാണ്. പക്ഷെ നമ്മിൽ മിക്കവരും അങ്ങനെ ചെയ്യുന്നില്ലെന്നുള്ളതാണ് വാസ്തവം. തെററു നമ്മുടേതുകൂടിയാണ്.

സജീവമായ വിശ്വാസവും സജീവമായ സ്നേഹവും ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ നമ്മെ നയിക്കേണ്ടതാണ്. മറെറാരു കാര്യംകൂടി നാം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. സഭയുടെ വിശ്വാസസത്യങ്ങളായുള്ള കാര്യങ്ങളും ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങളും നൂററാണ്ടുകളായി വളർന്നുവന്നിട്ടുള്ള ഭക്തവിശ്വാസങ്ങളും ആചാരങ്ങളും ഒക്കെ തമ്മിൽ കൂട്ടിക്കുഴയ്ക്കരുതു്. ഓരോന്നിനും അതാതിൻെറ സ്ഥാനം മാത്രം നല്കി അകത്തോലിക്കാസഹോദരങ്ങളെ ഗ്രഹിപ്പിക്കുക.

ഇങ്ങനെയെല്ലാം പ്രവർത്തിച്ച് ക്രിസ്തുവിൻെറ സഭയിലേക്ക് മററുള്ളവരെ നയിക്കുന്നതിന് നാം സഭയുടെ പ്രബോധനങ്ങൾ ശരിയായ രീതിയിൽ ഗ്രഹിച്ചാൽ മാത്രം പോരാ. നാം ഉത്തമമായ ആന്തരികജീവിതം ഉള്ളവരുമായിരിക്കണം.

വി. പൗലോസിൻെറ വാക്കുകൾ ശ്രദ്ധിക്കുക. "വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും സാധിക്കയില്ല എന്തെന്നാൽ ദൈവത്തിൻെറ പക്കലേക്ക് അടുക്കുന്നവൻ ദൈവം ഉണ്ടു് എന്നും തന്നെ അന്വേഷിക്കുന്നവർക്കു അവൻ പ്രതിഫലം നൽകുന്നവനാകുന്നു എന്നും വിശ്വസിക്കേണ്ടിയിരിക്കുന്നു" (എബ്രാ. 11, 6.

"ആകയാൽ വിശ്വാസത്താൽ നാം നീതീകരിക്കപ്പെട്ടിരിക്കകൊണ്ടു് നമ്മുടെ കർത്താവായ ഈശോമിശിഹാമൂലം ദൈവത്തിൻെറ അടുക്കൽ നമുക്കു സമാധാനം ഉണ്ടായിരിക്കും. നാം നിൽക്കുന്ന ഈ കൃപയിലേക്ക് അവൻ മൂലം വിശ്വാസത്താൽ നാം സമീപിച്ചിരിക്കുന്നു ദൈവമഹത്വത്തിൻെറ പ്രതീക്ഷയിൽ നാം പ്രശംസിക്കയും ചെയ്യുന്നു" (റോമ 5, 1-2)

ക്രിസ്തുവിലുള്ള നമ്മുടെ ജീവിതം നാം പുഷ്ടിക്കുക, ശക്തിപ്പെടുത്തുക. മററുള്ളവർ ക്രിസ്തുവിനെയും അവിടുത്തെ സഭയേയും അറിയാത്ത കാര്യത്തിൽ നാമും തെററുകാരാണ്.

[J G.]

---

**ഉപകാരസ്മരണ**

ഈശോ, മറിയം, യൗസേപ്പിൻെറയും അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായ വി യൂദാതദേവൂസിൻെറയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

(താമസിച്ചതിനു ക്ഷമാപണം)

Philip Mathew.
Sacred Heart Church
Mylapra, P. O.

# ആർച്ചുബിഷപ്പ് തിരുമനസ്സിലെ കത്ത്

**കർത്താവിൽ പ്രിയരെ,**

ക്രൈസ്തവകാഹളംവഴിയായി നിങ്ങളോട് ആശയവിനിമയം ചെയ്യണമെന്ന് ഏറെ നാളായി നാം ആഗ്രഹിക്കുന്നുണ്ട്. സാവകാശം കിട്ടുന്നതനുസരിച്ച് ഇനി തുടർന്ന് അതു ചെയ്തുകൊണ്ടിരിക്കണമെന്നു കരുതുന്നു.

ഇന്ന് ഭാരതീയരായ നമ്മുടെ എല്ലാവരുടെയും മനസ്സിൽ പൊന്തി നിൽക്കുന്ന പ്രധാന ചിന്ത നമ്മെ വിട്ടുപിരിഞ്ഞുപോയ നമ്മുടെ പ്രിയപ്പെട്ട പ്രധാനമന്ത്രി നെഹ്രുവിനെപ്പററിയുള്ളതാണ്. അദ്ദേഹത്തിൻെറ മരണം ഓരോരുത്തർക്കും ഒരു ഉററ സ്നേഹിതൻെറ നഷ്ടമാണ്. നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം നേടുന്നതിൽ അദ്ദേഹം രാഷ്ട്രപിതാവായ മഹാത്മജിയുടെ വലംകയ്യായിരുന്നു. സ്വതന്ത്രഭാരതത്തിന് ഇന്നുവരെ കൈ വന്നിട്ടുള്ള എല്ലാ നേട്ടങ്ങൾക്കും പ്രധാന കാരണക്കാരൻ ജവഹർലാൽ നെഹ്റു ആയിരുന്നു എന്ന് അതിശയോക്തി കൂടാതെ പറയാം. തൻെറ മാതൃഭൂമിയെപ്പററി അതിശ്രേഷ്ഠമായ ഒരു ചിത്രമായിരുന്നു അദ്ദേഹം വിഭാവനം ചെയ്തതു്. ആ ചിത്രത്തിൽ അദ്ദേഹം ആകൃഷ്ടനായിത്തീരുകയും അതു് യാഥാർത്ഥ്യത്തിലേക്കു പകർത്തുന്നതിനുള്ള പരിശ്രമത്തിൽ തൻെറ ജീവിതവും കഴിവുകളും അദ്ദേഹം മുഴുവനായി ചെലവഴിക്കുകയും ചെയ്തു. ഭാരതം ഉള്ളിടത്തോളം കാലം അദ്ദേഹത്തിൻെറ സ്മരണയും അദ്ദേഹത്തോടുള്ള സ്നേഹവും നിലനില്ക്കും.

ഈശ്വരനെപ്പററിയും മതത്തെപ്പററിയും അദ്ദേഹം ബോധപൂർവ്വം പ്രതിപാദിച്ചിട്ടില്ലാ എങ്കിലും സത്യത്തിൻെറയും നീതിയുടെയും അനശ്വരത, വ്യക്തിസ്വാതന്ത്ര്യം, മാനുഷികമൂല്യങ്ങൾ എന്നിവയിൽ അദ്ദേഹം സർവ്വാത്മനാ വിശ്വസിച്ചിരുന്നു. മതാചാരങ്ങളെപ്പററി ചിലപ്പോൾ അദ്ദേഹം ചെയ്തിട്ടുള്ള പ്രസ്താവനകൾ മതത്തിൻെറ പേരിൽ ചിലപ്പോൾ നടക്കുന്ന ദുരാചാരങ്ങളോടും മാത്സര്യങ്ങളോടും അദ്ദേഹത്തിനു സ്വാഭാവികമായി തോന്നിയിരുന്ന പ്രതികരണങ്ങളെന്നു മാത്രം നാം കരുതിയാൽ മതി. സ്വതന്ത്രഭാരതത്തിൻെറ ഒന്നാമത്തെ പ്രധാന മന്ത്രി എന്ന നിലയിലുള്ള തൻെറ ചുമതല "പ്രാർത്ഥനയോടുകൂടി ഏറെറടുക്കുന്നു" എന്നാണല്ലോ അദ്ദേഹം പ്രസ്താവിച്ചതു്. ജീവിതത്തിൻെറ അവസാന കാലങ്ങളിൽ അദ്ധ്യാത്മിക സത്യങ്ങളെപ്പററി അദ്ദേഹം ചിലപ്പോഴെല്ലാം പരസ്യമായി പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. ആത്മാർത്ഥത, പരസ്നേഹം, ഔദാര്യം, ത്യാഗം ഇവയെ സ്നേഹിക്കുന്ന കരുണാമൂർത്തിയായ ദൈവം പരേതന് നിത്യസമ്മാനം നൽകുമെന്ന് നമുക്കു പ്രത്യാശിക്കാം.

നെഹ്റു ചരിത്രത്തിലേക്കു കടന്നു. ആദർശസമ്പന്നമായ ഒരു ഭാരതം കെട്ടിപ്പടുക്കുവാനുള്ള ശ്രമത്തിൽ നമുക്ക് ഇനിയും വളരെ ദൂരം യാത്ര ചെയ്യേണ്ടതായിട്ടുണ്ട്. ഈ സംരംഭത്തിൽ ഓരോ വ്യക്തിയും അനിവാര്യമായി ചെയ്തു തീർക്കേണ്ട ഓരോ ജോലിയുണ്ട്. നെഹ്റു എപ്രകാരം അദ്ദേഹത്തിൻെറ ഭാഗം നിർവ്വഹിച്ചുവോ അതുപോലെ നാം ഓരോരുത്തരും നമ്മുടെ ഭാഗവും ചെയ്തേ തീരു. ഈ ജോലിയിൽ ഉടനെ വ്യാപൃതരാവുക ഇതാണ് നെഹ്റുവിനോടും ഭാരതത്തോടും സർവ്വോപരി ദൈവത്തോടും നമുക്കുള്ള കടപ്പാട്.

* * *

ഭാരതത്തിലെ ഓർത്തഡോക്സ് സഭ ദീർഘനാൾ ആഗ്രഹിച്ചുകൊണ്ടിരുന്ന ഒന്നാണ് അവരിൽ എല്ലാ വിഭാഗക്കാരുടെയും സമ്മതത്തോടുകൂടി മലങ്കര കാതോലിക്കാസിംഹാസനത്തിൽ ഒരാളെ അവരോധിക്കുകയെന്നുള്ളതു്. ഇതിനായി കഴിഞ്ഞ ഒന്നു രണ്ടു തലമുറകളായി നടത്തിയിട്ടുള്ള പരിശ്രമങ്ങൾ ഐതിഹാസ്യമായിരുന്നു എന്നു തന്നെ പറയാം. മലങ്കര കാതോലിക്കാസിംഹാസനം നിലവിൽ നിറുത്തുന്നതിനുവേണ്ടി പരിശ്രമിച്ചവരിൽ അദ്വിതീയമായ സ്ഥാനമാണ് മാർ ഈവാനിയോസ് തിരുമേനിക്ക് ഉണ്ടായിരുന്നതു്. പിന്നീട് "പ്രധാന തലവനായ" റോമിലെ പാത്രിയക്കീസിനോടും അദ്ദേഹത്തിൻെറ സിംഹാസനത്തോടുമുള്ള കൂട്ടായ്മയിലേക്കു അദ്ദേഹം വന്നു ചേരുന്നതിനു കാരുണ്യവാനായ ദൈവം ഇടയാക്കി. എന്നാൽ അദ്ദേഹം ജനിച്ചു വളർന്ന യാക്കോബായ സഭയുടെ ഉന്നമനത്തിനു കാതോലിക്കാസ്ഥാപനം ആവശ്യമെന്ന് ആത്മാർത്ഥ

മായി വിശ്വസിച്ചുകൊണ്ട് അതിനായി അദ്ദേഹം തന്റെ ജീവിതത്തിന്റെ ഒരു നല്ല ഭാഗം ചെലവഴിച്ചു.

ഇന്നു മലങ്കര ഓർത്തഡോക്സുസഭയിലെ ഭിന്നതകൾ അവസാനിക്കുകയും സുറിയാനി ഓർത്തഡോക്സു പാത്രിയർക്കീസ് കേരളത്തിൽ വന്ന് സർവ്വസമ്മതമായി ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയെ കാതോലിക്കാസ്ഥാനത്ത് അവരോധിക്കുകയും ചെയ്തിരിക്കുന്നു. ഇങ്ങനെ സമാധാനം കൈവന്നതിൽ എല്ലാ നല്ല മനുഷ്യരോടും ചേർന്ന് നാമും സന്തോഷിക്കുന്നു. നമ്മുടെ ക്ഷണം സ്വീകരിച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവാതിരുമേനിയും പരിശുദ്ധ കാതോലിക്കാബാവാതിരുമേനിയും മറ്റു വൈദികശ്രേഷ്ഠന്മാരും അൽമായപ്രമുഖരും നമ്മുടെ അരമനയിൽ വരികയും ആതിഥ്യം സ്വീകരിച്ച് അവരുടെ സൗമനസ്യം പ്രകടിപ്പിക്കുകയും ചെയ്തു. സകല ക്രൈസ്തവരും ദൈവത്താൽ അയയ്ക്കപ്പെട്ട നേതാവായി സ്വീകരിച്ച ബഹുമാനിച്ച പരിശുദ്ധ ജോൺ മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ആരംഭിച്ചതായ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പുതിയ കാലഘട്ടത്തിന്റെ അനുഗ്രഹീതഫലമാണ് ഈ സൗമനസ്യമെന്നു നമുക്കു ബോധ്യമുണ്ട്.

ഓർത്തഡോക്സുസഭയിൽ സംസ്ഥാപിതമായിരിക്കുന്ന ഈ യോജിപ്പ് കൂടുതൽ വ്യാപകമായ ക്രൈസ്തവൈക്യത്തിന് വഴിതെളിക്കുമെന്നു നാം പ്രതീക്ഷിക്കുന്നു. അപ്രകാരമുള്ള പരിശ്രമത്തിന് ഇനിയും മുതിരുന്നതാണെന്ന് ഓർത്തഡോക്സു സഭയിലെ സമുന്നതരായ രണ്ടു നേതാക്കന്മാരും നൽകിയ സൂചനകളെ ഹൃദയപൂർവ്വമായി നാം സ്വാഗതം ചെയ്യുന്നു. ക്രിസ്തുവിന്റെ തിരുമനസ്സിനു ചേർന്നതായ ഈ ഐക്യം പൂർണ്ണമായി കാണുവാൻ കേരളത്തിലും ലോകം എമ്പാടെയുമുള്ള എല്ലാ ഭക്തജനങ്ങളും ആകാംക്ഷയോടെ പ്രതീക്ഷിക്കുകയും നെടുവീർപ്പിട്ട് പ്രാർത്ഥിക്കുകയുമാണ്. കാതോലിക്കാബാവാതിരുമനസ്സിലെ സ്ഥാനാരോഹണദിവസം കൂടിയ പൊതുയോഗത്തിൽ നമ്മുടെ മുഖ്യമന്ത്രി ചെയ്ത ഒരു പ്രസ്താവനയും നമ്മുടെ എല്ലാവരുടെയും ഗൗരവമായ ചിന്തയ്ക്കു വിഷയമാകേണ്ടതാണ്. അദ്ദേഹം പറയുകയുണ്ടായി: "ക്രിസ്ത്യാനികൾ ഭിന്നിച്ചുനിന്ന അവസരത്തിൽ വിദ്യാഭ്യാസംപോലെയുള്ള രംഗങ്ങളിൽ ഇത്ര പ്രശസ്തവും അദ്വിതീയവുമായ സേവനം ചെയ്യുവാൻ സാധിച്ചുവെങ്കിൽ ക്രിസ്ത്യാനികൾ യോജിച്ചു നിന്നാൽ ചെയ്യുവാൻ കഴിയുന്ന സേവനം എത്രമാത്രമെന്നു നിർണ്ണയിക്കുവാൻ ആർക്കു കഴിയും?". വസ്തുനിഷ്ഠമായും സൗഹാർദ്ദത്തോടും നൽകിയ ഒരു വെല്ലുവിളിയായി ഇതിനെ നമുക്കു സ്വീകരിക്കാം. ഇനിയും വളരെയധികം സേവനം നമ്മുടെ രാജ്യം ക്രിസ്ത്യാനികളായ നമ്മിൽനിന്നു ന്യായമായി പ്രതീക്ഷിക്കുന്നുണ്ട്.

* * * * *

ഈ വർഷത്തെ പരീക്ഷയിൽ നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ പൊതുവേ വളരെ ഉന്നതമായ വിജയം കൈവരിച്ചതിൽ വിദ്യാർത്ഥികളെയും, അദ്ധ്യാപകരെയും ബന്ധപ്പെട്ട മറ്റെല്ലാവരെയും നാം അനുമോദിക്കുന്നു. നമ്മുടെ അരമനയോടു ഏററവും അടുത്തുള്ള സെൻറു മേരീസ് ഹൈസ്കൂളിലെ വിജയശതമാനം 85-ൽ അധികമായിരുന്നുവെന്നറിയുന്നതിൽ നാം വളരെയധികം സന്തോഷിക്കുന്നു അദ്ധ്യയനത്തിലും സർവ്വോപരി സ്വഭാവസംസ്കരണത്തിലും നമ്മുടെ സ്ഥാപനങ്ങളെല്ലാം ആരോഗ്യകരമായ മാത്സര്യബുദ്ധിയോടുകൂടെ പ്രവർത്തിച്ചുകാണുവാൻ നാം ആഗ്രഹിക്കുന്നു. ഈ വർഷം ഒരു ജൂണിയർ കോളജും മൂന്നു ഹൈസ്കൂളുകളും മൂന്നു പ്രൈമറി സ്കൂളുകളും നമ്മുടെ അതിരൂപതയുടെ ആഭിമുഖ്യത്തിൽ പുതുതായി നാം ആരംഭിക്കുന്നുണ്ട്. ഇവയുടെ നടത്തിപ്പിനു നിങ്ങളെല്ലാവരുടെയും ഉദാരമായ സഹായം നാം പ്രതീക്ഷിക്കുന്നു. ഇതു സംബന്ധിച്ച് ഓരോ ഇടവകയേയും പ്രത്യേകം സമീപിക്കുവാൻ നാം ആഗ്രഹിക്കുന്നുവെന്നുള്ളതു മുൻകൂട്ടി നിങ്ങളെ അറിയിക്കുകയും ചെയ്തുകൊള്ളട്ടെ.

എന്ന്, മിശിഹായിൽ നിങ്ങളുടെ
ആത്മീയ പിതാവ്
✠ ബനഡിക്ട് മാർ ഗ്രിഗോറിയോസ്

**പാർശ്വവീക്ഷണം:**

# ഇ. എം. എസ്സും 31 സഖാക്കളും

[A. A.]

‘ക്രൈസ്തവകാഹളം’ രാഷ്ട്രീയകാര്യങ്ങളെപ്പറ്റി സാധാരണ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാറില്ല. രാഷ്ട്രീയം അപ്രധാനമായതുകൊണ്ടല്ല അങ്ങനെ ചെയ്യാത്തതു്, ഒരു മാസികയ്ക്കു് എല്ലാം ആയിരിക്കാൻ സാധിക്കാത്തതുകൊണ്ടാണു്. ചില സുപ്രധാന രാഷ്ട്രീയവികാസങ്ങളെപ്പറ്റി ചിലപ്പോൾ പറയാതിരിക്കാൻ നിവൃത്തിയില്ലാതെ വരും. അങ്ങനെയുള്ള ഒന്നാണു് ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയിലെ ചേരിതിരിവു്. കത്തോലിക്കാസഭയെ ഒന്നാം നമ്പർ ശത്രുവായിട്ടാണല്ലോ കമ്മ്യൂണിസ്റ്റുകൾ കാണുന്നതു്. അക്കാരണംകൊണ്ടുതന്നെ കമ്മ്യൂണിസ്റ്റു ചിന്തയെപ്പറ്റിയും അവരുടെ പ്രവർത്തനങ്ങളെപ്പറ്റിയും നാം ജാഗ്രതയോടെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയിലെ പിളർപ്പിനു കാരണമായി പറയപ്പെടുന്ന ഒരു പ്രധാന കാര്യം പാർട്ടി ചെയർമാൻ എസ്. ഏ. ഡാംഗേ 40 വർഷങ്ങൾക്കു മുമ്പു് ബ്രിട്ടീഷ് ഗവണ്മെൻറിനു സഹായം വാഗ്ദാനം ചെയ്തുകൊണ്ടെഴുതിയ ചില കത്തുകളാണു്. യഥാർത്ഥ കാരണങ്ങൾ മറച്ചു വയ്ക്കാനുള്ള ഒരു പരിശ്രമമാണിതെന്നു വ്യക്തമാണു്. ഡാംഗെ അത്തരം കത്തുകൾ എഴുതിയതു ശരിയാണെങ്കിൽതന്നെ, പാർട്ടിയുടെ ഉന്നമനത്തിനായി ഏതു മാർഗ്ഗവും സ്വീകാര്യമായി കരുതുന്ന കമ്മ്യൂണിസ്റ്റുമനസ്സുകളെ ഡാംഗെയുടെ കത്തുകളെപ്പോലുള്ള യാതൊന്നും അസ്വസ്ഥമാക്കാനിടയില്ല. 1942-ൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ക്വിറ്റ് ഇൻഡ്യാ പ്രസ്ഥാനം ശക്തിപ്പെട്ടുവന്ന കാലത്തു് ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടി ഒന്നടങ്കം സ്വാതന്ത്ര്യസമരത്തെ ഒറ്റിക്കൊടുത്തു്, ബ്രിട്ടീഷ് സഹായത്തോടെ ശക്തി സമാർജ്ജിച്ചു എന്നുള്ളതു് ചരിത്രപ്പ തയാണു്. അങ്ങനെയുള്ള ഒരു പാർട്ടിയിലെ നേതാക്കളാണു് ഡാംഗെ കത്തുകളെപ്പറ്റി അരിശം കൊള്ളുന്നതു്! കാരണം മറ്റെന്തോ ആണു്.

റഷ്യയും ചൈനയും തമ്മിലുള്ള കിടമത്സരത്തിന്റെ പ്രകടനമാണു് ഇൻഡ്യൻ പാർട്ടിയിൽ ഇപ്പോൾ കാണുന്നതെന്നുള്ളതാണു സത്യം. സിലോൺ കമ്മ്യൂണിസ്റ്റുപാർട്ടി അടുത്തകാലത്തു് രണ്ടായി പിളർന്നതിന്റെ കാരണവും ഇതുതന്നെയായിരുന്നു. ഇൻഡ്യയെ ആക്രമിച്ചു് ഇൻഡ്യൻപ്രദേശം കയ്യടക്കിവച്ചുകൊണ്ടിരിക്കുന്ന ചൈനയെ തങ്ങൾ അനുകൂലിക്കുന്നു എന്നുള്ള സത്യം മറച്ചു വയ്ക്കുന്നതിനാണു് ഇ. എം. എസ്സും 31 സഖാക്കളും അതുമിതും പറഞ്ഞു നടക്കുന്നതു്. ചൈനീസ് ആക്രമണത്തെപ്പറ്റി നമ്പൂരിപ്പാടും കൂട്ടരും പരസ്യമായി പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുന്നവർക്കു് ഒരു കാര്യം വ്യക്തമാണു്. ചൈനയുടെ ആക്രമണത്തെ തങ്ങൾ അനുകൂലിക്കുന്നില്ല എന്നൊരു പ്രതീതി സാമാന്യജനങ്ങളിൽ ജനിപ്പിക്കുകയും യഥാർത്ഥത്തിൽ ചൈനയ്ക്കെതിരായി ഒന്നും പറയാതിരിക്കുകയും ചെയ്യുക—ഇതാണവരുടെ അടവു്. ഇൻഡ്യയിലെ ഇടതുപക്ഷകമ്മ്യൂണിസ്റ്റുകളുടെ പ്രവർത്തനങ്ങൾക്കു് ചൈനീസ് റേഡിയോയും പത്രങ്ങളും നൽകുന്ന പ്രാധാന്യം തന്നെ ഇടതുപക്ഷപൂച്ചയെ വെളിയിൽ ചാടിക്കാൻ പര്യാപ്തമാണു്.

റഷ്യയിൽ സ്റ്റാലിൻ വാണിരുന്ന കാലത്തു് അവിടെ നടന്നിരുന്ന ക്രൂരതകളെപ്പറ്റി അമേരിക്കയും മറ്റും പറഞ്ഞിരുന്നതു് പച്ചക്കള്ളങ്ങളാണെന്നു് ലോകമെങ്ങുമുള്ള കമ്മ്യൂണിസ്റ്റുകൾ പറഞ്ഞു നടന്നിരുന്നു. അമേരിക്കക്കാർ അന്നു പറഞ്ഞിരുന്നതിലും കടുത്ത ആക്രമണങ്ങളാണു് സ്റ്റാലിൻ നടത്തിയിരുന്നതെന്നു് ക്രൂഷ്

# ആരാധനക്രമം നമ്മുടെ ജീവിതത്തിൽ

## II

(ഫാദർ. ജേക്കബ് ഞായല്ലൂർ)

ആരാധനയെക്കുറിച്ചും പ്രാർത്ഥനയെക്കുറിച്ചും പൊതുവായ ചില കാര്യങ്ങൾ നാം ചർച്ച ചെയ്തു കഴിഞ്ഞു. ക്രിസ്തുവിനെ അനുഗമിക്കുന്നവരായ നമ്മുടെ മാതൃക ക്രിസ്തുവാണ്. അവിടുന്ന് നമുക്കു കേവലം പ്രബോധനങ്ങൾ നൽകുക മാത്രമല്ലാ ചെയ്തിട്ടുള്ളത്, സ്വജീവിതം മുഖേന മാതൃക നൽകുകയും ചെയ്തിട്ടുണ്ട്. നാം നടക്കേണ്ട വഴി ക്രിസ്തുവാണ്. നാം അറിയേണ്ട സത്യം ക്രിസ്തുവാണ്. നമ്മുടെ ജീവൻ ക്രിസ്തുവാണ്. "വഴിയും സത്യവും ജീവനും ഞാനാകുന്നു. എന്നിൽക്കൂടിയല്ലാതെ ഒരുത്തനും എൻ്റെ പിതാവിൻ്റെ അടുക്കലേക്കു വരുന്നില്ല" (യോഹ 14; 6)

ഈ തത്വം ആദിമ ക്രിസ്ത്യാനികൾക്കു സുവിദിതമായിരുന്നു. ലൗകികമായ കഷ്ടതകളും മർദ്ദനങ്ങളുമാണ് അന്ന് ക്രിസ്ത്യാനികൾക്ക് ക്രിസ്തുവിനെ അനുഗമിക്കുക മൂലം ലഭിച്ചിരുന്നത്. എങ്കിലും അവർ അഭൗമികമായ സന്തോഷം അനുഭവിക്കുകതന്നെ ചെയ്തു. ആരാധനയിലും പരസ്നേഹപ്രവൃത്തികളിലും അവർ അവാച്യമായ ആനന്ദം കണ്ടെത്തി. ക്രിസ്തുനാഥൻ്റെ ജീവിതം എപ്പോഴും അവരുടെ കൺമുമ്പിലുണ്ടായിരുന്നു. "അവർ എല്ലാ ദിവസവും ഏക മനസ്സോടെ ദൈവാലയത്തിൽ ദീർഘനേരം ചെലവിടുകയും വീട്ടിൽ ബലിയപ്പം മുറിക്കുകയും സന്തോഷത്തോടും ഹൃദയനിഷ്കപടതയോടും കൂടി ഭക്ഷണം കഴിക്കയും ദൈവത്തെ സ്തുതിക്കുക

---

പോവു പറഞ്ഞപ്പോളാണ് സത്യം മുഴുവൻ വെളിക്കായത്. അതുപോലെ ചീനപ്രേമികളായ ഇൻഡ്യാവിരുദ്ധന്മാർ ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയിലുണ്ടെന്ന് തെളിവുസഹിതം പാർട്ടിപ്രമുഖന്മാർതന്നെ ഇപ്പോൾ പ്രസ്താവിച്ചിരിക്കുന്നു. മററുള്ളവർ എത്രയോ നേരത്തേ ഇതു പറഞ്ഞതായിരുന്നു!

കമ്മ്യൂണിസ്റ്റുപാർട്ടിക്കു തൊഴിലാളികൾ ഒരുപകരണം മാത്രമാണെന്ന് ഈ വർഷത്തെ മേയ്ദിനാഘോഷങ്ങളിൽ അനേകം തൊഴിലാളികൾ ചിന്തിച്ചുകാണും. തൊഴിലാളിവർഗ്ഗമെൻറാണു തങ്ങളുടേതെന്നു സ്വയം അവകാശപ്പെടുന്ന കമ്മ്യൂണിസ്റ്റു രാജ്യങ്ങളിൽ തൊഴിലാളികളുടെമേൽ അധികാരമുറപ്പിച്ചിരിക്കുന്ന ഒരു പുതിയ വർഗ്ഗത്തെയാണ് — THE NEW CLASS—കാണാൻ സാധിക്കുന്നത്. ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഇന്നത്തെ ഉൾപ്പോരാട്ടത്തിൽ നിന്നു വ്യക്തമാവുന്നതും തൊഴിലാളിതാല്പര്യത്തിന് അവിടെ വലിയ പ്രാധാന്യമില്ലെന്നാണ്. അധികാരത്തിനുള്ള നേതൃമത്സരമാണിവിടെ. പാർട്ടി അധികാരത്തിലില്ലാത്തതുകൊണ്ട് രാഷ്ട്രീയവധങ്ങളും ലിക്വിഡേഷനുമൊന്നും ഈ മത്സരത്തിൽ ഉപയോഗിക്കുന്നില്ലെന്നു മാത്രം.

അനേകായിരം തൊഴിലാളികളെ സംബോധന ചെയ്തുകൊണ്ട് മാർപ്പാപ്പാതിരുമേനി അടുത്തകാലത്ത് പ്രസ്താവിച്ച ചില കാര്യങ്ങൾ ഇൻഡ്യയേയും കേരളത്തേയും സംബന്ധിച്ചു പ്രസക്തമാണെന്നു തോന്നുന്നു. വർഗ്ഗസമരസിദ്ധാന്തങ്ങളും കമ്മ്യൂണിസ്റ്റാദർശങ്ങളും തൊഴിലാളികളുടെ പുരോഗതിക്കു പ്രതിബന്ധങ്ങളായിത്തീർന്നിരിക്കുകയാണെന്നു തിരുമേനി സമർത്ഥിച്ചു. കക്ഷിരഹിതവും സ്വതന്ത്രവുമായ പ്രവർത്തനംകൊണ്ടു മാത്രമേ തൊഴിലാളി ഐക്യം കൈവരികയുള്ളുവെന്നും, ധാർമ്മികാദർശങ്ങളിൽ അധിഷ്ഠിതമായ തൊഴിലാളിപ്രവർത്തനമാണു ലോകപുരോഗതിക്കാവശ്യമെന്നും മാർപ്പാപ്പാതിരുമേനി ഉൽബോധിപ്പിക്കുകയുണ്ടായി.

ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയിലെ പിളർപ്പ് മേൽപറഞ്ഞ സത്യങ്ങൾ പ്രചരിപ്പിക്കാനുള്ള ഒരവസരമായിട്ടു നാം പരിഗണിക്കേണ്ടതാണ്. ഇടതുപക്ഷമായാലും വലതുപക്ഷമായാലും കമ്മ്യൂണിസ്റ്റുകൾ കമ്മ്യൂണിസ്റ്റുകൾ തന്നെ!

യും സകല ജനത്തിന്റെയും കൃപ അനുഭവിക്കയും ചെയ്തിരുന്നു'' (നട: 2; 46, 47)

ക്രിസ്തുനാഥന്റെ ഉപദേശങ്ങളും പ്രവൃത്തികളും അവരുടെ ജീവിതത്തെ ശക്തിയായി സ്വാധീനിച്ചിരുന്നു അങ്ങയുടെ പ്രാർത്ഥനാജീവിതത്തെക്കുറിച്ചു ശ്ലീഹന്മാരിൽനിന്നും ശ്ലീഹന്മാരുടെ ശിഷ്യന്മാരിൽ നിന്നും അവർ ധാരാളം കേട്ടറിഞ്ഞിരുന്നു. തന്മൂലം ദിവ്യരക്ഷകന്റെ പ്രാർത്ഥനാജീവിതവും അങ്ങയുടെ പ്രാർത്ഥനകൾക്കുണ്ടായിരുന്ന പ്രത്യേക സവിശേഷതകളും അവരുടെ പ്രാർത്ഥനാജീവിതത്തിലും ആരാധനക്രമത്തിലും പ്രതിബിംബിച്ചിരുന്നു. ഇന്നും ആ സവിശേഷതകൾ നമ്മുടെ ആരാധനക്രമത്തിലും പ്രതിബിംബിക്കുന്നുണ്ട്. നമ്മുടെ ജീവിതത്തിന്റെ കാര്യത്തിൽ മാത്രമേ സംശയമുള്ളു.

## ക്രിസ്തു പ്രാർത്ഥിച്ചിരുന്നു.

ക്രിസ്തുനാഥന്റെ സകല പ്രവർത്തികളും ഒരർത്ഥത്തിൽ പ്രാർത്ഥനതന്നെയായിരുന്നു. എങ്കിലും അവിടുന്നു പ്രാർത്ഥനയ്ക്കു പ്രത്യേക സമയമെടുത്തിരുന്നു. വിജനസ്ഥലത്ത് ഏകാന്തതയിൽ അവിടുന്നു പ്രാർത്ഥിച്ചിരുന്നു. പ്രഭാതത്തിലും പ്രദോഷത്തിലും രാത്രിയിലും അവിടുന്നു പ്രാർത്ഥിച്ചിരുന്നു. ജീവിതത്തിലെ സുപ്രധാനസംഭവങ്ങൾക്കു മുൻപു അവിടുന്നു പ്രാർത്ഥിച്ചിരുന്നു ''അതിരാവിലെ അവിടുന്ന് അവരെ വിട്ട്, ഒരു വിജനസ്ഥലത്തു പോയി പ്രാർത്ഥിക്കുവാൻ ആരംഭിച്ചു'' (മർ 1; 35) ''അവരെ വീട്ടിൽ പറഞ്ഞയച്ചതിനു ശേഷം പ്രാർത്ഥിക്കുവാനായി അവിടുന്നു തനിച്ചു ഒരു മലയിലേക്കു കയറി. സന്ധ്യയായപ്പോൾ അവിടുന്നു മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു.'' (മത്താ 14; 23) ''അവിടുന്നു വിജനപ്രദേശത്തേക്കു മാറിപ്പോയി പ്രാർത്ഥിച്ചുകൊണ്ടിരുന്നു'' (ലൂ 5; 16) ''പിന്നെ ആ ദിവസങ്ങളിൽ ഈശോ പ്രാർത്ഥിക്കുവാനായി ഒരു മലയിലേക്കു പോയി അവിടെ ദൈവത്തോടുള്ള പ്രാർത്ഥനയിൽ ഉഷസ്സുവരെ കഴിച്ചു.'' (ലൂ 6; 12) ''ഈ സംഗതികൾക്കുശേഷം ഉദ്ദേശം എട്ടു ദിവസങ്ങൾ കഴിഞ്ഞ് ഈശോ ശെമഓനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ടുപോയി പ്രാർത്ഥിക്കുവാനായി ഒരു പർവ്വതത്തിൽ കയറി'' (ലൂ 9; 28) ''പിന്നെ അവിടുന്നു പതിവുപോലെ പുറപ്പെട്ട്, സൈത്തുമലയിലേക്കു പോയി. ശിഷ്യരും അവിടുത്തെ അനുഗമിച്ചു. അവിടുന്നു ആ സ്ഥലത്തു എത്തിയപ്പോൾ അവരോട്: നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിക്കുവാൻ പ്രാർത്ഥിക്കുവിൻ എന്നരുളിച്ചെയ്തു. അവിടുന്ന് അവരിൽ നിന്നു ഒരു കല്ലേറു അകലെ മാറി, മുട്ടു കുത്തി പ്രാർത്ഥിച്ചു'' (ലൂ 22; 39 f)

മേലുദ്ധരിച്ച വാക്യങ്ങൾ ദിവ്യരക്ഷകന്റെ പ്രാർത്ഥനാജീവിതത്തിലേക്കു വെളിച്ചം വീശുന്നവയാണ്. നാം ക്രിസ്തുവിനെ അനുഗമിക്കുന്നവരാണെന്ന് അഭിമാനിക്കുന്നുണ്ട്. പക്ഷേ, നമ്മുടെ ജീവിതം പ്രാർത്ഥനാജീവിതമാണോ? ദിവംഗതനായ ഇരുപത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പാ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി, അദ്ദേഹം ഒരിക്കലും മനഃക്ലേശങ്ങൾ കൊണ്ടുനടന്നിട്ടില്ലെന്ന്. കാരണവും തിരുമേനി പ്രസ്താവിച്ചു. പ്രാർത്ഥനവഴിയായി ആ ക്ലേശങ്ങളെല്ലാം ദൈവസന്നിധിയിൽ അദ്ദേഹം ഇറക്കിവയ്ക്കുമായിരുന്നു, എന്ന്. നമുക്ക് ഇപ്രകാരം ആത്മാർത്ഥമായി പറയുവാൻ കഴിയുമോ? ക്ലേശങ്ങൾ വരുമ്പോൾ മാത്രമല്ലാ നാം പ്രാർത്ഥിക്കേണ്ടതു്. രാവിലെയും ഉച്ചയ്ക്കും സന്ധ്യയ്ക്കും മാത്രമല്ലാ നാം പ്രാർത്ഥിക്കേണ്ടതു്. മനസ്സിൽ നല്ല നല്ല വിചാരങ്ങൾ ഉളവാക്കി ദിവസത്തിൽ അനേകമനേകം പ്രാവശ്യം നമ്മുടെ ഹൃദയത്തെ ദൈവസന്നിധിയിലേക്കു നാം ഉയർത്തണം. സുകൃതജപങ്ങൾ എന്നറിയപ്പെടുന്ന സുന്ദരമായ ആ കൊച്ചു പ്രാർത്ഥനകൾ വഴി ദിവസത്തിൽ അനേകം പ്രാവശ്യം നമ്മുടെ ഹൃദയത്തെ ദൈവസന്നിധിയിലേക്കുയർത്തുവാൻ നമുക്കു സാധിക്കും. നമ്മുടെ അധരങ്ങൾ ചലിക്കേണ്ടതില്ല. മററാരും ഇക്കാര്യം അറിയുകയുമില്ല. അനുദിന ജോലികളിൽ വ്യാപൃതരായിരിക്കുമ്പോൾ നമുക്കിതു കഴിയും. യാത്ര ചെയ്യുമ്പോൾ നമുക്കിതു ചെയ്യാം. രാവിലെ എഴുന്നേൽക്കുമ്പോൾ തന്നെ നമ്മുടെ ആ ദിവസത്തെ സകല പ്രവൃത്തികളും മറിയത്തിന്റെ നിർമ്മല ഹൃദയം വഴി ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിക്കുവാൻ നാം മറക്കരുതു്. ദൈവസാന്നിധ്യബോധം നമുക്കുണ്ടായിരിക്കണം ഇങ്ങനെ നമ്മുടെ ഓരോ നിമിഷത്തെയും ശുദ്ധീകരിക്കുവാൻ നമുക്കു കഴിയും. പ്രകൃതിയിൽ എവിടെ നോക്കിയാലും ദൈവത്തെക്കുറിച്ചുള്ള ഓർമ്മ വരുത്തുവാൻ നാം പരിശീലിക്കണം. ''ആകാശങ്ങൾ ദൈവത്തി

(ശേഷം 62-ാം പേജിൽ)

നിരീക്ഷകന്റെ ദൃഷ്ടിയിൽ

# വത്തിക്കാൻ കൗൺസിൽ

(തുടർച്ച)

[സി. പി. മാത്യൂ എം. ഏ.]

**ജോ**ൺ മാർപ്പാപ്പായുടെ പല പ്രസ്താവനകളും ഒരു കൗൺസിൽ അഥവാ സൂന്നഹദോസ് കൂടണമെന്നുള്ള പ്രഖ്യാപനവും ക്രൈസ്തവലോകത്തിന്റെ ആകാംക്ഷാപൂർവ്വമായ ശ്രദ്ധയെ തട്ടിയുണർത്തി. സാധാരണഗതിയിൽ റോമാസഭയുടെ ഒരു കൗൺസിൽ ആ സഭയുടെ ചരിത്രത്തിൽ ഒരു വലിയ സംഭവമാണ്. വളരെ അപൂർവ്വമായിട്ടേ കൗൺസിൽ വിളിച്ചുകൂട്ടാറുള്ളു. 1563-ൽ അവസാനിച്ച ത്രെന്ത കൗൺസിലിന്റെ ശേഷം മുന്നൂറിൽപരം വർഷങ്ങൾ കഴിഞ്ഞാണ് ഒന്നാമത്തെ വത്തിക്കാൻ കൗൺസിൽ കൂടിയതു്. 1870-ൽ അവസാനിച്ച പ്രസ്തുത കൗൺസിലിന്റെ ശേഷം ഏകദേശം ഒരു ശതകമാകാറായപ്പോഴാണ് രണ്ടാമത്തെ വത്തിക്കാൻ കൗൺസിൽ കൂട്ടുന്നതിന് ജോൺ മാർപ്പാപ്പാ തീരുമാനിച്ചതു്. എന്നാൽ ലോകമെങ്ങുമുള്ള ഇതരസഭകളിൽ ഈ കൗൺസിലിനെപ്പററി ഇത്ര താല്പര്യം ജനിക്കാനിടയായതു് എങ്ങിനെയാണ്? ഈ സഭകളോട് ജോൺ പാപ്പാ പ്രദർശിപ്പിച്ച ഒരു പുതിയ മനോഭാവമാണെന്ന് ഒററവാചകത്തിൽ മറുപടി പറയാം. റോമേതര സഭാംഗങ്ങളായ അസംഖ്യം ആളുകളിൽ പല പ്രതീക്ഷകളും ഉദിച്ചുയർന്നു വന്നു, പ്രസ്തുത കൗൺസിലിന്റെ പ്രഥമസമ്മേളനം കഴിഞ്ഞു് അധികം താമസിയാതെ ആ മാർപ്പാപ്പാ കാലം ചെയ്തു. പുതിയ പാപ്പാ അവരോധിക്കപ്പെട്ടയുടൻതന്നെ, തന്റെ പൂർവ്വികൻ തുടങ്ങിവച്ച വേല മുമ്പോട്ടു കൊണ്ടുപോകുന്നതിനുള്ള പ്രതിജ്ഞ അവിടുന്നു പ്രഖ്യാപിച്ചു. ഇൻഡ്യയിലുള്ള ഓർത്തഡോക്സ് സഭയിൽനിന്നും ദക്ഷിണേന്ത്യൻ സഭയിൽനിന്നും നമ്മുടെ സഭയിൽനിന്നും നിരീക്ഷകരെ അയയ്ക്കണമെന്നുള്ള സന്ദേശവുംകൊണ്ടു് യൂണിററി സെക്രട്ടറിയേററിന്റെ ഒരു പ്രതിനിധി, അതായതു് പാപ്പായുടെ ഒരു പ്രതിനിധി തന്നെ ഇവിടെ വന്നു് നമ്മുടെ മെത്രാപ്പോലീത്താതിരുമേനി ഉൾപ്പെടെയുള്ള സഭാദ്ധ്യക്ഷന്മാരെ കണ്ടു. അങ്ങിനെയാണല്ലോ നമ്മുടെ സഭയും ഒരു നിരീക്ഷകനെ അയയ്ക്കാനിടയായതു്. പല പ്രതീക്ഷകളോടും പ്രത്യാശകളോടുംകൂടെയാണ് ഞാൻ പോയതു്. അവയ്ക്കു് ഉടവു പററിയില്ല എന്നു തീർത്തു പറയാവുന്നതാണ്. എന്റെ പ്രതീക്ഷകളും പ്രത്യാശയും പരിമിതമായിരുന്നുകൊണ്ടുകൂടെയായിരിക്കാം എനിക്കു ഇച്ഛാഭംഗം തോന്നാതെയിരുന്നതു്.

റോമാസഭയുടെ പുതിയ സമീപനരീതിയെന്നോ വീക്ഷണഗതിയെന്നോ ഒക്കെ പറഞ്ഞാൽ എന്താണ് അതിന്റെ സ്ഥൂലമായ അടയാളങ്ങൾ എന്നു വ്യക്തമാക്കണമെന്നു് വായനക്കാർക്കു് ന്യായമായി ആവശ്യപ്പെടാവുന്നതാണ്. സംക്ഷിപ്തമായി മറുപടി പറഞ്ഞുകൊള്ളട്ടെ.

1) പശ്ചിമയൂറോപ്പിലെ സഭയിൽ പതിനാറാം ശതകത്തിലുണ്ടായ വലിയ സഭാപിരിച്ചിലിനുള്ള ധാർമ്മികമായ ഉത്തരവാദിത്വം റോമാസഭയിൽനിന്നു പിരിഞ്ഞുപോയ പ്രോട്ടസ്റ്റന്റു വകുപ്പുകളുടെ തലയിലാണ് പൊതുവേ റോമൻ സഭാധികൃതരും വേദശാസ്ത്രജ്ഞന്മാരും ചുമത്തിപ്പോന്നതു്. അവരിൽ മിക്കവരുടെയെങ്കിലും അഭിപ്രായത്തിൽ നവീകരണകർത്താക്കളുടെ മത്സരബുദ്ധികൊണ്ടും അഭക്തികൊണ്ടുമാണ് സഭയിൽ പിരിച്ചിലുണ്ടായതു്. അവർ അനുതപിച്ചു മടങ്ങി വരികയാണ് സഭൈക്യത്തിനുള്ള ഏക മാർഗ്ഗമെന്നും അവർ പ്രഘോഷിച്ചിരുന്നു. എന്നാൽ ഇന്നാകട്ടെ പ്രസ്തുത പിരിച്ചിലി

നുള്ള ഉത്തരവാദിത്വം എല്ലാവൎക്കുംകൂടെയുള്ളതാണെന്നും, ആരാണു് കൂടുതൽ കുററക്കാരെന്നുള്ള അന്വേഷണം പ്രയോജനകരമല്ലയെന്നും പൊതുവേ റോമൻ സഭാധികൃതർ പറയുന്നുണ്ടു്. (കഴിഞ്ഞ ലക്കത്തിലെ എൻെറ ലേഖനത്തിൽ ചേൎത്തിരുന്ന മാൎപ്പാപ്പായുടെ പ്രസംഗത്തിൽ നിന്നുള്ള ഉദ്ധരണങ്ങൾ നോക്കുക).

2) "മാതൃസഭയിലേക്കു മടങ്ങിവരിക" എന്നുള്ള ആഹ്വാനമല്ല ഇന്നു മുഴങ്ങിക്കേൾക്കുന്നതു്. ഐക്യത്തിനുള്ള പ്രതിബന്ധങ്ങളെപ്പററിയും അവയുടെ നിവാരണമാർഗ്ഗങ്ങളെപ്പററിയും ആലോചിക്കുന്നതിനും ക്രിസ്തീയസത്യങ്ങൾ കൂടുതലായി ഗ്രഹിക്കുന്നതിനും എല്ലാവരും പ്രാൎത്ഥനയുടെയും സ്നേഹത്തിൻെറയും വിനയത്തിൻെറയും ആത്മാവിൽകൂടി വരണമെന്നും ക്ഷമയോടെ പഠനവും സംഭാഷണങ്ങളും നടത്തണമെന്നുമാണു് ഇന്നത്തെ ആഹ്വാനം. (ഇതിലേക്കും മാർപ്പാപ്പായുടെ പ്രസംഗം നോക്കുക).

3) പഠനത്തിനുള്ള മുഖ്യമായ ആധാരമായി വേദപുസ്തകം സ്വീകരിക്കുന്നതിനുള്ള റോമാസഭയുടെ സന്നദ്ധതയും ഇന്നു നാം കാണുന്നുണ്ടു്. ഇതെപ്പററിയും ഒരു ഭാഗം മാർപ്പാപ്പായുടെ പ്രസംഗത്തിലുണ്ടായിരുന്നു. പക്ഷെ, ഞാൻ അതു എൻെറ മുൻലേഖനത്തിൽ ചേൎത്തിരുന്നില്ല. ആ കുറവു് ഇപ്പോൾ പരിഹരിക്കട്ടെ "നിങ്ങൾ നമുക്കു തുറന്നു തന്നിട്ടുള്ള കാഴ്ചപ്പാടുകൾ അവഗണിക്കാതിരിപ്പാൻ നാം ശ്രദ്ധിക്കുന്നതാണു്. നിങ്ങളുടെ അഭിലാഷമായി പ്രസ്താവിച്ച 'മനുഷ്യരക്ഷയുടെ ചരിത്രത്തിൽ' വേദപുസ്തകത്തെ ഡോ. സ്കിഡ്ഗാർഡ് നാമകരണം ചെയ്തിരുന്നതു് ഇങ്ങനെയാണു്) കേന്ദ്രീകൃതവും വസ്തുനിഷ്ഠവും ചരിത്രപരവുമായ ഒരു ദൈവശാസ്ത്രത്തിൻെറ വികസനത്തെ നാം സസന്തോഷം അനുകൂലിക്കുന്നു" പിതാക്കന്മാരുടെ എഴുത്തുകളോ (Patristic Writings) സഭയിലെ സുദീൎഘ പാരമ്പര്യങ്ങളോ അവഗണിക്കാൻ റോമാസഭ സമ്മതിച്ചിരിക്കുന്നു എന്നു് ആരും തെററിദ്ധരിക്കയില്ലല്ലോ. അങ്ങിനെ ഒരു സഭയിലും പണ്ഡിതന്മാർ ആവശ്യപ്പെടുന്നുമില്ല.

4) "വിശ്വാസത്താലും ജ്ഞാനസ്നാനത്താലും നാം എല്ലാവരും ക്രിസ്തുവിനോടു ബന്ധപ്പെട്ടിരിക്കുന്നു" എന്നുള്ള മാർപ്പാപ്പായുടെ സുവ്യക്തവും സുദൃഢവുമായ പ്രസ്താവനയും സ്വാഗതാർഹമാണല്ലോ. ഇതു് റോമാസഭാധികൃതർ മുമ്പു് നിഷേധിച്ചിട്ടുണ്ടോ എന്നു് എനിക്കു തീർച്ചയില്ല. എങ്കിലും പ്രസ്തുത സഭയുടെ പരമാദ്ധ്യക്ഷൻ ചെയ്ത അസന്ദിഗ്ദ്ധമായ ഈ പ്രസ്താവന ഒരു നവീന മനോഭാവത്തെ സൂചിപ്പിക്കുന്നില്ലേ?

5) ഇനിയും സ്നേഹത്തെപ്പററിയുള്ള ഊന്നിപ്പറച്ചിൽ കൂടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഡോ സ്കിഡ്ഗാർഡിൻെറ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞിരുന്നു "അന്യോന്യം സ്നേഹിക്കുന്നതിൽനിന്നു് നമ്മുടെ വിഭാഗീയത നമ്മെ തടുക്കുന്നില്ല എന്നോൎത്തിരിക്കണം എന്തെന്നാൽ ക്രിസ്തുവിൻെറ സ്നേഹത്തിനു അതിരുകളൊന്നുമില്ലല്ലോ". മാർപ്പാപ്പായുടെ മറുപടിയിലെ വാക്കുകൾ നോക്കുക. "ദീർഘവർഷങ്ങളിലെ പിരിച്ചിലിനും വേദനാജനകമായ വാഗ്വാദങ്ങൾക്കും ശേഷം വീണ്ടും അന്യോന്യസ്നേഹം ഇതാ ആരംഭിച്ചിരിക്കുന്നു......ഉത്തമവിശ്വാസവും ക്രിസ്തീയസ്നേഹവും നാം നിങ്ങൾക്കു നേർന്നുകൊള്ളുന്നു......പ്രത്യാശ നമ്മുടെ വഴികാട്ടി, പ്രാൎത്ഥന നമ്മുടെ ശക്തി, സ്നേഹം നമ്മുടെ മാൎഗ്ഗം" ഈ ലിസ്റ്റു് ഇനിയും ദീർഘിപ്പിക്കാവുന്നതാണു്, എങ്കിലും അതിനു് ഒരുമ്പെടുന്നില്ല.

സഭൈക്യം ക്ഷിപ്രസാദ്ധ്യമാണെന്നുള്ള ഭ്രമത്തിനെതിരായി മാർപ്പാപ്പായും ഡോ. സ്കിഡ്ഗാർഡും ഒരുപോലെ നമുക്കു മുൻകരുതൽ നൽകുന്നുണ്ടു് "നിങ്ങളെപ്പോലെതന്നെ നാമും അത്ഭുതകരമായ ക്ഷിപ്രപരിഹാരങ്ങൾ പ്രതീക്ഷിക്കുന്നില്ല. നാം പ്രത്യാശിക്കുന്ന ഫലങ്ങൾ ദീർഘകാലംകൊണ്ടു മാത്രമേ പാകമായി വരികയുള്ളു. പഠനം കൊണ്ടും പ്രാൎത്ഥനകൊണ്ടും തന്നെ, ദുർഘടങ്ങൾ പരിഹരിക്കാതെ അവയെ മറച്ചുവയ്ക്കുന്ന സമ്പ്രദായം നമ്മുടെ യാത്രയെ ത്വരിതപ്പെടുത്തുകയില്ല, താമസിപ്പിക്കയേ ഉള്ളു". ഡോ. സ്കീഡ്ഗാർഡു പറഞ്ഞ

ത്തോ? "ഒരു പാത ആരംഭിക്കുന്ന സ്ഥാനത്തു നാം കൂടിവന്നിരിക്കയാണ്......വിനയത്തോടും പ്രത്യാശയോടും ഒന്നിച്ചു നടക്കയെന്നുള്ളതാണ് നമ്മുടെ കർത്തവ്യം......ഈ ആരംഭം ദൈവത്തിന്റെ ദാനമത്രേ". അഖിലലോകസഭാകൌൺസിലിന്റെ കേന്ദ്രക്കമ്മിററിയുടെ വാക്കുകളും ഇവിടെ സ്മർത്തവ്യമാണ്. "വിശ്വാസവും പട്ടത്വവും സംബന്ധിച്ച് അവരെയും നമ്മെയും ഭിന്നിപ്പിക്കുന്ന വലിയ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു കഴിഞ്ഞെന്നോ ഉടൻ പരിഹരിക്കപ്പെടാൻ പോകുന്നു എന്നോ ഇതിൽ നിന്നും അർത്ഥമാക്കിക്കൂടാ". ഇവിടെ വേറൊരു മുൻകരുതലിനും സ്ഥാനമുണ്ട്. ആസന്നഭാവിയിൽ നാം ലക്ഷ്യത്തിലെത്താൻ ഇടയില്ല എന്നു പറഞ്ഞതുകൊണ്ടു, നാം പ്രവർത്തനരഹിതരായും അലസരായും ഇരുന്നാലും തരക്കേടില്ല എന്നു വിചാരിക്കുന്നതു് ആപൽക്കരമായിരിക്കും. നാം വന്നുചേർന്നിരിക്കുന്ന പുതിയ പാതയിൽക്കൂടെ നാം മുമ്പോട്ടു നടക്കണം. പ്രാർത്ഥനയിലും പഠനത്തിലും നാം പുരോഗമിക്കണം. ദൈവം വച്ചിരിക്കുന്ന ലക്ഷ്യത്തിൽ നാം എപ്പോൾ എത്തിച്ചേരുമെന്ന് അവിടുന്നു മാത്രം അറിയുന്നു.

റോമാ സഭയുടെയും ഇതര സഭകളുടെയും അന്യോന്യസമീപനരീതിയുടെ എന്തെങ്കിലും പ്രായോഗികഫലങ്ങൾ ഇന്ന് ദൃശ്യമാണോ എന്നുള്ള ചോദ്യത്തെയും സ്പർശിച്ചുകൊള്ളട്ടെ അണെനാത്ര പറയാനുള്ളു. Fr. Hans King എന്ന ഗ്രന്ഥകാരൻ പ്രോട്ടസ്റ്റൻറുകാരുടെയും റോമാക്കാരുടെയും ഇതേവരെയുണ്ടായിരുന്ന അന്യോന്യബന്ധങ്ങളെ മൂന്നു ഘട്ടങ്ങളായി തിരിച്ചിട്ടുണ്ട്. ആദ്യമായി കുന്തം കൊണ്ടും വാളുകൊണ്ടും തോക്കുകൾകൊണ്ടുമുള്ള യുദ്ധത്തിന്റെ കാലഘട്ടം. അതു മിക്കവാറും അവസാനിച്ചശേഷം, വാക്കുകൾകൊണ്ടോ ആക്ഷേപശരങ്ങൾകൊണ്ടോ ഉള്ള യുദ്ധത്തിന്റെ കാലഘട്ടം. ഇവ രണ്ടിലും കഷ്ടമാണ് മൂന്നാമത്തേതു് എന്നദ്ദേഹം പറയുന്നു. അന്യോന്യം തികച്ചും അവഗണിച്ച് മുമ്പോട്ടു പോകയെന്നുള്ളതാണ് പ്രസ്തുത ഘട്ടം. റോമാക്കാർ ജീവിക്കയും ചിന്തിക്കയും ചെയ്യുന്ന ലോകം ഒന്ന്, നമ്മുടേതു അശേഷം വ്യത്യാസപ്പെട്ട മറെറാരു ലോകം. "കിഴക്കു കിഴക്കും, പടിഞ്ഞാറു പടിഞ്ഞാറുമാണ്", അഥവാ, പൌരസ്ത്യർ പൌരസ്ത്യരും, പാശ്ചാത്യർ പാശ്ചാത്യരുമാണ്. രണ്ടും തമ്മിൽ ഒരിക്കലും യോജിക്കയില്ല" എന്ന് ഇംഗ്ലീഷ് ഗ്രന്ഥകാരനായ കിപ്ളിങ്ങ് പറഞ്ഞിട്ടുള്ളതുപോലെതന്നെ. എന്നാൽ ഇന്നു നാം ഒരു പുതിയ ഘട്ടത്തിൽ പ്രവേശിച്ചിരിക്കയാണ്. എന്തെല്ലാം ഭീമങ്ങളായ വ്യത്യാസങ്ങളുണ്ടെന്നിരുന്നാലും നമുക്ക് ചില പൊതുതാല്പര്യങ്ങളും ചില അടിസ്ഥാനപ്രമാണങ്ങളിലുള്ള യോജിപ്പും കൂടെ ഉണ്ടെന്നു ഇരുപക്ഷത്തുള്ളവരും കാണുന്നുണ്ട്. റോമാസഭയിലെ ദൂഷ്യങ്ങളും ബലഹീനതകളും പൊക്കിപ്പിടിച്ചു പരിഹസിക്കയെന്നുള്ളതല്ല പ്രോട്ടസ്റ്റൻറുകാരുടെ പ്രധാനമായ കർത്തവ്യമെന്നു അവരും പ്രോട്ടസ്റ്റൻറുകാരിൽ കാണുന്ന തെററുകളോ വീഴ്ചകളോ നിമിത്തം അവരെ ദൂഷിക്കയെന്നുള്ളതല്ല റോമാസഭയുടെ പ്രഥമ ധർമ്മമെന്ന് ആ സഭയിൽപെട്ടവരും കുറഞ്ഞപക്ഷം ചിന്തിച്ചു തുടങ്ങിയിട്ടുണ്ട്. അന്യപക്ഷത്തിന്റെ നിലപാട് ആദരപൂർവ്വം പഠിക്കണമെന്നും ഗ്രഹിക്കണമെന്നും ഉള്ള ആഗ്രഹം ഓരോ പക്ഷത്തും ഇന്നു കാണുന്നുണ്ട്. വത്തിക്കാൻ കൌൺസിൽ നിരീക്ഷകരും റോമൻ വേദശാസ്ത്രജ്ഞന്മാരും ചേർന്നു ഉണ്ടായിരുന്ന പ്രതിവാരയോഗങ്ങളിൽ ഈ മനോഭാവം അവിതർക്കിതമായി ദൃശ്യമായിരുന്നു. ഇന്നു കേരളത്തിൽ ചുരുക്കം ചില സ്ഥലങ്ങളിൽ നടക്കുന്ന എക്യുമെനിക്കു് പഠനഗ്രൂപ്പുകളിലും ഇതു ദൃശ്യമാണ്. ആലുവാ യൂണിയൻ ക്രിസ്റ്റ്യൻ കോളജിൽ ഏതാനും വർഷങ്ങൾ അദ്ധ്യാപകനായിരുന്നശേഷം ഇംഗ്ലണ്ടിലേക്കു മടങ്ങി അവിടെ ഒരു ആംഗ്ളിക്കൻ ഇടവകയുടെ വികാരിയായിരിക്കുന്ന ഒരു സ്നേഹിതൻ ഈയിടെ അയച്ച ഒരു കത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "സ്ഥലത്തെ റോമൻ ഇടവകയുടെ അംഗങ്ങളും എന്റെ ഇടവകയുടെ അംഗങ്ങളും തമ്മിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന അന്യോന്യധാരണ എന്നെ പുളകംകൊള്ളിക്കുന്ന ഒരനുഭവമാണ്. ഇവിടത്തെ റോമൻകത്തോലിക്കാപുരോഹിതനെ എന്റെ ഉത്തമസ്നേഹിതരിലും സഹപ്രവർത്തകരിലും ഒരുവനായി ഗണിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്". (ഇംഗ്ളണ്ടിൽ മുൻകാലങ്ങളിൽ എത്ര റോമക്കാരും പ്രോട്ടസ്റ്റൻറുകാരും തങ്ങളുടെ വിശ്വാസത്തെപ്രതി രക്തം ചൊരിഞ്ഞിട്ടുണ്ടെന്നുള്ളതു സ്മരണീയമാണ്.)

പ്രസംഗപംക്തി

# നല്ല ശമരിയാക്കാരൻ

## (ലൂക്കോ. 10, 30—37)

(വന്ദ്യദിവ്യ ശ്രീ ചെപ്പാട്ടു പീലിപ്പോസ് റമ്പാൻ, തിരുവല്ലാ സഭാഐക്യസമ്മേളനത്തിൽ പറഞ്ഞ പ്രസംഗം.)

ഈ നല്ല ശമരിയാക്കാരന്റെ ഉപമ ലൂക്കോസ് മാത്രമേ പറയുന്നുള്ളു. എങ്കിലും അതു വളരെ അർത്ഥവത്തായ ഒരുപമയാണ്. വളരെ വിലയേറിയ ഉപദേശസാരാംശം അതിൽ അടങ്ങിയിട്ടുണ്ട്. അതിനാലാണ് അതു ഇന്നത്തെ പ്രസംഗവിഷയമാക്കാമെന്ന് വിചാരിച്ചതു്. ഉപമയിതാണ്. ഒരു മനുഷ്യൻ യറുശലേമിൽനിന്ന് യറിഹോയിലേക്കിറങ്ങിപ്പോയി. വഴിക്കുവച്ച് കള്ളന്മാർ അവനെ ആക്രമിച്ചു അവന്റെ വസ്ത്രം ഉരിഞ്ഞെടുത്തു അവനെ കുത്തി മുറിവേല്പിച്ചു അർദ്ധപ്രാണനാക്കിയിട്ടേച്ചുപോയി. ആ വഴിയേ ഒരു പുരോഹിതൻ വന്നു. അവനെ കണ്ടിട്ട് ഒഴിഞ്ഞു പൊയ്ക്കളഞ്ഞു. പിന്നീട് ഒരു ലേവ്യൻ വന്നു. അയാളും അവനെ കണ്ടിട്ടു ഗണ്യമാക്കാതെ പൊയ്ക്കളഞ്ഞു. ഒടുവിൽ ഒരു ശമരിയാക്കാരൻ തന്റെ വഴിയാത്രയിൽ അവനെ കണ്ടു. അടുത്തു ചെന്നു. അവനോടു മനസ്സലിവു തോന്നി. അവന്റെ മുറിവുകളെല്ലാം തുടച്ചു വെടിപ്പാക്കി. അവയിൽ എണ്ണയും വീഞ്ഞും പകർന്നു വച്ചുകെട്ടി. അവനെ തന്റെ വാഹനത്തിൽ കയററി സത്രത്തിൽ കൊണ്ടുചെന്നു ശുശ്രൂഷിച്ചു. പിറേറദിവസം അവൻ രണ്ടു നാണയം എടുത്ത് സത്രക്കാരന് കൊടുത്തിട്ട് അവനെ ശുശ്രൂഷിക്കണമെന്നു പറഞ്ഞു. അയാളുടെ കയ്യിൽനിന്നു വല്ലതും കൂടുതൽ ചെലവായാൽ താൻ മടങ്ങിവരുമ്പോൾ തന്നുകൊള്ളാമെന്നും പറഞ്ഞിട്ടു പോയി. ഇതായിരുന്നു ഉപമ.

ഈ ഉപമ പറയാനുണ്ടായ സാഹചര്യം കൂടെ അറിഞ്ഞിരിക്കുന്നതു് കൂടുതൽ പ്രയോജനകരമായിരിക്കും. ഒരു ന്യായശാസ്ത്രി യേശുവിന്റെ അടുക്കൽ വന്നു. യേശുവിനെ ഒന്നു പരീക്ഷിക്കണമെന്നു കരുതീട്ട് ഞാൻ രക്ഷിക്കപ്പെടുവാൻ എന്തുചെയ്യണം എന്നു ചോദിച്ചു. നീ പ്രമാണത്തിൽ എങ്ങനെ വായിക്കുന്നു എന്ന് യേശു ചോദിച്ചു "നീ നിന്റെ പൂർണ്ണഹൃദയത്തോടുകൂടി ദൈവത്തെ സ്നേഹിക്കണം. നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം എന്നിങ്ങനെയെല്ലാം കാണുന്നു" എന്നു പറഞ്ഞു. നീ ശരിയായി ഉത്തരം പറഞ്ഞു. നീ പോയി അതുപോലെ ചെയ്യുക. എന്നാൽ നീ ജീവിക്കും എന്ന് യേശു പറഞ്ഞു. ഉടനെ അവൻ സ്വയം നീതീകരിക്കുവാൻ ആഗ്രഹിച്ചിട്ട് എന്റെ അയൽക്കാരൻ ആരാണെന്നു ചോദിച്ചു. അക്കാലത്ത് 'അയൽക്കാരൻ" ആരാണെന്നുള്ളതിനെക്കുറിച്ചു പല അഭിപ്രായങ്ങളുണ്ടായിരുന്നു. അയൽക്കാരൻ എന്നു പറഞ്ഞാൽ തന്നെ സ്നേഹിക്കുന്നവൻ, തന്റെ സ്വജാതിയിൽപ്പെട്ടവൻ, തന്റെ രാജ്യത്തിലെ ഒരു സഹപൗരൻ. അങ്ങിനെയുള്ളവനാണ് അയല്ക്കാരൻ അല്ലാത്തവനൊന്നും അയൽക്കാരനല്ല, എന്നായിരുന്നു ഓരോരുത്തരുടെയും ധാരണ. ഒരു പുറജാതിക്കാരൻ കുടിച്ചു ചാകുന്നതു കണ്ടാൽ ഒരു യഹൂദൻ അവനെ രക്ഷിക്കുവാൻ ബദ്ധപ്പെടണമെന്നില്ല. അവന്റെ ജാതിയിൽപ്പെട്ട വല്ലവനുമുണ്ടെങ്കിൽ അവൻ വന്ന് അവനെ രക്ഷിക്കട്ടെ. റോമ്മാപൗരത്വം ഉള്ളവനും ഇല്ലാത്തവനും ഒരുപോലെ അയൽക്കാരനല്ല. ഒരേ തരം കുററത്തിന് അവർക്കിരുവർക്കും രണ്ടുതരം ശിക്ഷയായിരുന്നു നല്കിവന്നിരുന്നതു്. ക്രിസ്തുവിനെ പ്രസംഗിച്ചു എന്ന ഒരേ കുററം ചെയ്ത പത്രോസിനും പൗലോസിനും രണ്ടുതരത്തിലുള്ള മരണശിക്ഷയായിരുന്നുവല്ലോ റോമ്മാഗവണ്മെന്റു വിധിച്ചതു്. റോമ്മാപൗരത്വം ഇല്ലാത്ത പത്രോസിനെ നിന്ദ്യമായ കുരിശുമരണത്തിനു വിധിച്ചു. റോമ്മാ പൗരത്വം ഉള്ള പൗലോസിനെ തലവെട്ടി കൊല്ലാനും വി

ധിച്ചു. അതിൽനിന്നും റോമ്മാഗവണ്മെന്റിനും ഈ തെറ്റിദ്ധാരണ ഉണ്ടായിരുന്നു എന്നു ഗ്രഹിക്കാം.

അതിനാൽ ആ ന്യായശാസ്ത്രിയുടെ ചോദ്യത്തിനു് വിവരണം കൂടാതെ ഉത്തരം പറഞ്ഞാൽ പോരാ. അങ്ങിനെ പറഞ്ഞാൽ അതു് വലിയ തർക്കത്തിനും തെറ്റിദ്ധാരണയ്ക്കും ഇടയാകും. എന്നാൽ സത്യം അവനെ മനസ്സിലാക്കി വിടേണ്ടയോ? അതും വേണം. ഈ സാഹചര്യത്തിലാണു് ആ ഉപമ പറഞ്ഞതു്. ദൈവം എല്ലാവരുടെയും പിതാവാണു്. മനുഷ്യരെല്ലാവരും ആദം, ഹവ്വാ, എന്നു് ഒരേ മാതാപിതാക്കന്മാരുടെ മക്കളാണു്. അതിനാൽ തന്നെപ്പോലെതന്നെ വേറൊരുവനെയും സ്നേഹിപ്പാൻ നമുക്കു കടമയുണ്ടു്. അതിൽ വേർതിരിവു കാണിപ്പാൻ പാടില്ല. എന്നാൽ പിശാചിന്റെ വലയിൽപ്പെട്ടവരെ അവൻ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണു്. തൽഫലമായിട്ടാണു് ഈ തെറ്റിദ്ധാരണ മനുഷ്യനിലുണ്ടായിരിക്കുന്നതു. പാപത്തിന്റെ കാഠിന്യംകൊണ്ടു് ഈ തെറ്റിദ്ധാരണ ഇന്നും നിലനിന്നുവരികയും ചെയ്യുന്നു.

ആദാമിനു് കായേനെന്നും ഹാബേലെന്നും രണ്ടു മക്കളുണ്ടായി. അവരിരുവരും ഒരേ മാതാപിതാക്കന്മാരുടെ മക്കളായിരുന്നു. ഒരേ ഉദരത്തിൽ ജനിച്ചവരായിരുന്നു എന്നാൽ കായേൻ ദൈവത്തേയും സ്വസഹോദരനേയും സ്നേഹിക്കാത്തവനായിരുന്നു. നേരേമറിച്ചു് അനുജനായ ഹാബേൽ ദൈവത്തെ സ്നേഹിക്കുന്നവനായിരുന്നു. പ്രായമാകുന്തോറും ദൈവത്തെ ദ്വേഷിക്കുന്ന കായേൻ തന്റെ സഹോദരനേയും ദ്വേഷിച്ചുവന്നു. തന്റെ സഹോദരനെ സ്നേഹിക്കേണ്ടവനാണു് താൻ, എന്നതു അയാൾ മറന്നുകളഞ്ഞു. അയാൾ സ്വസഹോദരനായ ഹാബേലിനെ സൂത്രത്തിൽ വിളിച്ചു് ദൂരെ കൊണ്ടുപോയി ഒരു വലിയ ഗദയെടുത്തു് അവനെ പ്രഹരിച്ചു. ഇച്ചായോ എന്നെ തല്ലരുതേ. എന്റെ കാലൊടിഞ്ഞു എന്റെ കൈ ഒടിഞ്ഞു എന്നൊക്കെ അവൻ നിലവിളിച്ചു പറഞ്ഞു. കരുണയ്ക്കായി അവൻ കേണപേക്ഷിച്ചു. കേട്ടില്ല. അവരുടെ അമ്മയും അപ്പനും ദൂരെയായിരുന്നു. അങ്ങനെ കായേൻ തന്റെ അനുജനെ തല്ലിക്കൊന്നു.

ദൈവം അതറിഞ്ഞു. നിന്റെ സഹോദരൻ എവിടെ എന്നു് ദൈവം കായേനോടു ചോദിച്ചു. എന്റെ സഹോദരന്റെ കാവൽക്കാരൻ ഞാനാണോ എന്നായിരുന്നു കായേന്റെ മറുപടി. ദൈവം കൊടുത്ത സ്വാതന്ത്ര്യം മനുഷ്യൻ ദുരുപയോഗിച്ചു. നാം നമ്മുടെ സഹോദരന്റെ കാവൽക്കാരാണു് എന്ന സംഗതി കായേൻ നിഷേധിച്ചു. പിശാചു് അവനെ അത്രയ്ക്കു് കീഴ്പ്പെടുത്തിയിരുന്നു. ദൈവം പറയുന്നു. നിന്റെ സഹോദരന്റെ രക്തം നിലത്തുനിന്നു എന്നോടു നിലവിളിക്കുന്നുവല്ലോ. അതെന്തു് എന്നു ചോദിച്ചു. ഉത്തരമില്ല.

ഇങ്ങനെ സഹോദരനെ കൊന്ന കായേൻ പിന്നെയും സുഖമായി ജീവിച്ചുവോ? ഇല്ല. സഹോദരനെ കൊന്നിട്ടു് സുഖമായി ജീവിക്കാമെന്നാണു് എല്ലാ സഹോദരവിദ്വേഷികളുടെയും മനോഭാവം. കായേൻ പറയുന്നു എന്റെ അകൃത്യം ക്ഷമിക്കപ്പെടാവുന്നതിൽ കൂടുതലാകുന്നു. കായേനോടു ദൈവം ഇങ്ങനെ പറഞ്ഞു. ഹാബേലിന്റെ രക്തം ഭൂമിയിൽ വീഴുവാൻ നീ ഇടവരുത്തിയതുകൊണ്ടു് ഇനിമേലാൽ നീ ഭൂമിയിൽ കൃഷിചെയ്താൽ ഭൂമി അതിന്റെ ശക്തിയെ മുഴുവനായി നിനക്കു നല്കുകയില്ല. നീ ഭൂമിയിൽ അലയുന്നവനും ഉലയുന്നവനുമാകും എന്നുംകൂടി ദൈവം പറഞ്ഞു.

പ്രിയപ്പെട്ടവരെ, സഹോദരനെ ദ്വേഷിക്കുന്നവരുടെ അനുഭവം നോക്കുക. നാശവും വലച്ചിലും അവൻ തന്നത്താൻ വലിച്ചു തലയിൽ കയറ്റുന്നു. ഇതായിരിക്കും വരാൻപോകുന്നതെന്നു് അവൻ ആദ്യം വിചാരിച്ചോ? ഇല്ല. പിശാചു അതിനു സമ്മതിച്ചില്ല. അതുമാത്രവുമല്ല. നാശവും വലച്ചിലും വരുമ്പോൾ ദൈവത്തെ കുററം പറയുകയും ചെയ്യുന്നു. കായേൻ പറയുന്നു ഞാൻ ഇതു ചെയ്തതുകൊണ്ടു് ഞാൻ ഭൂമിയിൽ ഒരു അരിഷ്ടനായിത്തീരും. ആരെങ്കിലും എന്നെ കണ്ടാൽ കൊല്ലുകയും ചെയ്യും. ദൈവം അവനോടു പറയുന്നു. നീ അപരാധിയാണെന്നു പറഞ്ഞു് ആരെങ്കിലും നിന്നെ കൊ

ന്നാൽ ഞാൻ അവനോട് ഏഴിരട്ടി പകരം ചോദിക്കും. (ഉല്പ. 4, 15) കായേൻ അവൻെറ ദേശം വിട്ട് 'നോദ്' എന്ന നാട്ടിലേക്കു പോയി. നോദ് എന്ന വാക്കിൻെറ അർത്ഥം അലഞ്ഞുതിരിഞ്ഞു നടക്കുന്നവർ പാർക്കുന്ന സ്ഥലം എന്നാകുന്നു. കായേൻ അവിടെ അലഞ്ഞുനടന്നു. അല്ലയോ സഹോദരങ്ങളെ! നമ്മുടെ ദീനവും കഷ്ടപ്പാടും അധഃപ്പതനവും മനഃക്ലേശവുമെല്ലാം ആരുണ്ടാക്കി? അതിനു കാരണക്കാരാര്? ദൈവമാണെന്നാണ് ചിലർ പറയുന്നത്. അയ്യോ കഷ്ടം. മഹാ കഷ്ടം. നാം തന്നെയല്ലയോ അതിനു കാരണക്കാർ. ഒരു അധർമ്മിയെപ്പോലും കൊല്ലാൻ നമുക്ക് അനുവാദമില്ല. നരബലി ദൈവം ഇഷ്ടപ്പെടും എന്ന് തെറ്റിദ്ധരിച്ചിരിക്കുന്നവരുണ്ട്. അവർ ദൈവത്തെ തെറ്റിദ്ധരിച്ചിരിക്കുകയാണ് പിശാചിൻെറ വലയിൽപ്പെട്ടവരാരോ അങ്ങനെ പഠിപ്പിച്ചു. നാം അതു കേൾക്കരുത്. ദൈവം അവരോടു ഏഴിരട്ടി പകരം ചോദിക്കുമെന്ന് ദൈവം തന്നെ പറഞ്ഞിരിക്കുന്നു.

ക്രിസ്തുയേശുവിൻെറ ഈ ഉപമയിൽ പറഞ്ഞിരിക്കുന്ന മനുഷ്യൻ യറുശലേമിൽനിന്ന് യറിഹോയിലേക്ക് ഇറങ്ങിപ്പോകയായിരുന്നു. യറുശലേം കാലാകാലങ്ങളായി ഒരു ദൈവാരാധനസ്ഥലമായിരുന്നു. യറിഹോ അക്കാലത്തെ ഒരു വലിയ കച്ചവടകേന്ദ്രമായിരുന്നു. ചീരിയാ എന്ന അതിൻെറ തലസ്ഥാനം ഒരു വലിയ ചുങ്കസ്ഥലവുമായിരുന്നു. വേദപുസ്തകത്തിൽ പറയുന്ന സക്കായി എന്ന ചുങ്കപ്രമാണിയുടെ ജോലിസ്ഥലമായിരുന്നു അതു്. "യറുശലേമിൽ നിന്ന് യറിഹോയിലേക്കിറങ്ങിപ്പോയവൻ" എന്നു പറഞ്ഞാൽ ദൈവത്തെയും ദൈവീകആരാധനയെയും പുറംതള്ളിക്കൊണ്ട് ധനസമ്പാദനത്തിനും കീർത്തിസമ്പാദനത്തിനുമായി ലോകമാനസനായി ഇറങ്ങിപ്പോയവനെന്നാണ് അർത്ഥം. ദൈവാരാധനകൊണ്ടു പ്രയോജനമൊന്നുമില്ല. തന്ത്രപരമായ കച്ചവടംകൊണ്ടുമാത്രമേ പണമുണ്ടാക്കി മാനമായി ജീവിക്കാനൊക്കുകയുള്ളു എന്നാണ് അനേകരുടെയും വിചാരം.

ദൈവാരാധനയാണു നമ്മുടെ ഉയർച്ചയ്ക്കുള്ള മാർഗ്ഗം. ദൈവത്തെ ഉപേക്ഷിച്ചു പോകുന്നവൻ കൃഷിചെയ്താൽ പൂർണ്ണഫലം ലഭിക്കുകയില്ല. സഹോദരവിദ്വേഷി അലഞ്ഞുതിരിഞ്ഞു നടക്കേണ്ടിവരും എന്നാണ് ദൈവം പറഞ്ഞിരിക്കുന്നത്. ഒരിക്കൽ ഒരു കൂലിക്കാരൻെറ മകൻ കൂലിക്കാരൻകൊച്ചനുണ്ടായിരുന്നു. അവിടത്തെ ഒരു പ്രഭു അവനെ കാണാനിടയായി. ആ പ്രഭു അവനെ വിളിച്ചുകൊണ്ടുപോയി തൻെറ തോട്ടത്തിൽ വേലയ്ക്കേർപ്പെടുത്തി അവൻ ഒരു ബുദ്ധിമാനും സുമുഖനും ആയിരുന്നു. അവൻെറ വേല പ്രഭുവിനെ തൃപ്തിപ്പെടുത്തി. പ്രഭു അവനെ ഉന്നതസ്ഥാനങ്ങളിൽ നിയമിച്ചു. അവൻമൂലം അവൻെറ കുടുംബവും ഉയരുവാൻ തുടങ്ങി. അവർ അവിടത്തെ ഒരു പ്രബലകുടുംബമായിത്തീർന്നു. ദൈവം പ്രഭുക്കന്മാരുടെ പ്രഭുവും രാജാക്കന്മാരുടെ രാജാവുമാണ്. ആ ദൈവത്തെ സ്നേഹിച്ചും സേവിച്ചും ജീവിച്ചാൽ നാം അതിലൊക്കെ എത്രയോ ഉയരും. അതിനാലാണ് നാം ദൈവത്തെ സ്നേഹിക്കണമെന്നു പറയുന്നത്. ദൈവത്തിനു നമ്മെക്കൊണ്ട് ലഭിക്കുന്ന സന്തോഷമല്ലാതെ മറ്റൊന്നും ലഭിക്കാനില്ല എന്നാൽ നമുക്കാകട്ടെ വേണ്ട എല്ലാ ഗുണങ്ങളും ദൈവത്തിൽനിന്നാണ് ലഭിക്കേണ്ടത്. ദൈവപ്രീതി കൂടാതെ നമുക്കുയർച്ച ഉണ്ടാകുകയില്ല. അതു നീ ഗ്രഹിക്കുന്നുണ്ടോ? നീ ഞായറാഴ്ചയെങ്കിലും പള്ളിയിൽ പോയി ദൈവശുശ്രൂഷയിൽ പങ്കുകൊള്ളുന്നുണ്ടോ? നിൻെറ ഭവനത്തിൽ കാലത്തും വൈകിട്ടും പ്രാർത്ഥനയുണ്ടോ? ചിന്തിക്കുക.

അനേകരും ഇതു് മറന്നുകളയുന്നു. അവർ ദൈവസേവനം നിറുത്തിക്കളഞ്ഞിട്ട് ധനമുണ്ടാക്കുവാൻ യറിഹോയിലേക്കിറങ്ങിപ്പോകുന്നവരാകുന്നു. അങ്ങനെ പോകുന്ന വഴിയിൽ കള്ളന്മാരും കൊള്ളക്കാരുമുണ്ട്. യറുശലേമിൽനിന്ന് യറിഹോയിലേക്കു പോകുന്ന വഴിയിൽ അന്ന് അക്രമികളുണ്ടായിരുന്നു. ഇന്നും അതു് പിടിച്ചുപറിക്കുന്നവരുടെ അധിവാസസ്ഥലമാണ്. അവർക്കൊളിച്ചിരിക്കത്തക്ക പാറക്കെട്ടുകളും ഗുഹകളുമുണ്ട്. ദൈവസേവനം വി

ട്ട് ലോകസമ്പാദനത്തിനിറങ്ങുന്നവരുടെ ജീവിതമദ്ധ്യത്തിലും കള്ളന്മാരും കൊള്ളക്കാരുമായ പിശാചുക്കളുണ്ട്.

ഒരു വീട്ടിൽ രണ്ടു സഹോദരന്മാരുണ്ടായിരുന്നു. അവർ ദൈവത്തോടു കാലത്തും വൈകിട്ടും പ്രാർത്ഥിച്ചും ദൈവാലയത്തിൽ പോയി ആരാധനയിൽ സംബന്ധിച്ചും വന്നിരുന്നു. അന്ന് അവർ സംതൃപ്തിയടഞ്ഞു ജീവിച്ചുപോന്നു. അനന്തരം ചില ധനികന്മാരുടെ ഉന്നതമേടകളും മറ്റും അവരെ ആകർഷിച്ചു അതുപോലെയാകണമെന്ന് കൊതിച്ചു. അവക്ക് നന്നാലു മക്കളുമുണ്ടായിരുന്നു. ധനസമ്പാദനത്തിൻെറ ലഹരിയിൽപ്പെട്ട് പ്രാർത്ഥനയും ദൈവാരാധനയും മുടക്കി. കൂടുതൽ ധനസമ്പാദനത്തിനായി അനുജൻ തൻെറ നാലു മക്കളെയും സഹോദരനെ ഏല്പിച്ചിട്ട് വിദേശവ്യാപാരത്തിനുപോയി. കുറേനാളേയ്ക്ക് അവനെപ്പററി ഒന്നും കേൾക്കാതെയായി. അപ്പോൾ പിശാചിൻെറ ആലോചനയിൽ അവനകപ്പെട്ടു. സഹോദരൻെറ നാലു മക്കളെയും കൊന്നുകളഞ്ഞാൽ കുടുംബസ്വത്തു മുഴുവനും സ്വായത്തമാക്കാമെന്നു വിചാരിച്ചു. അവൻ ആ നാലു മക്കളെയും ഒരു വിനോദയാത്രയ്ക്കൊരുക്കി. ഒരു കശ്മലനെ ഏല്പിച്ചു വനത്തിലേക്കയച്ചു. അവൻ അവരെ വഴിയറിയുവാൻ പാടില്ലാത്ത വനാന്തരത്തിൽ കൊണ്ടുചെന്നു വിട്ടേച്ചു തിരിച്ചു പോന്നു. ആ കുഞ്ഞുങ്ങൾ ഭയന്ന് കരയുവാൻ തുടങ്ങി വഴിയറിയാതെ നടന്നു വലഞ്ഞു. തിന്നാൻ ഭക്ഷണവുമില്ല കുടിപ്പാൻ വെള്ളവുമില്ല. അങ്ങനെ തളന്ന് അവർ നാലുപേരും ഒരു മരച്ചുവട്ടിൽ കിടന്നു മരിച്ചു. അങ്ങനെ ജ്യേഷ്ഠൻ തൻെറ അനുജൻെറ അവകാശം മുഴുവനും കരസ്ഥമാക്കി. സഹോദരനെ കൊല്ലുന്നവന് ഭൂമി അതിൻെറ ഫലം കൊടുക്കുകയില്ലെന്ന് ദൈവം കായേനോടു പറഞ്ഞതു് അവൻ മറന്നുകളഞ്ഞു. അധികം താമസിച്ചില്ല. അവിചാരിതമായി അവൻെറ പുരയ്ക്കു തീപിടിച്ചു. അതിൽപ്പെട്ടു ഭാര്യയും മരിച്ചു. വീടു മുഴുവനും വെന്തു വെണ്ണീറായി. അതോടുകൂടി അവനൊരു ബുദ്ധിഭ്രമവും പിടിച്ചു. അവൻ ചന്തകൾതോറും അലയുന്നവനും ഉലയുന്നവനുമായിത്തീന്നു.

ഒടുവിൽ വിദേശത്തുപോയ സഹോദരൻ തിരിച്ചു വന്നു. കച്ചവടത്തിൽ വലിയ ഗുണമൊന്നും ലഭിച്ചില്ല. വീട്ടിൽ വന്നപ്പോൾ മക്കളുമില്ല. അവനെങ്ങിനെയോ ഒരറിവു കിട്ടി. അവൻ രണ്ടു കൂട്ടുകാരെയും കൂട്ടി വനത്തിൽ പോയി അന്വേഷിച്ചു. ഒരു മരച്ചുവട്ടിൽ ആ നാലു കുഞ്ഞുങ്ങളുടെയും അസ്ഥിക്കൂട്ടുകൾ കിടക്കുന്നതു കണ്ടു. അവൻ ബോധംകെട്ടു വീണു. കൂട്ടുകാർ അവനെ താങ്ങിയെടുത്തു വീട്ടിലേക്കു കൊണ്ടുപോന്നു. ധനത്തെക്കുറിച്ചുള്ള അത്യാശ ഉണ്ടാകുന്നതിനുമുമ്പ് അവർ ദൈവമുള്ളവരായിരുന്നു. അവർ യഥാർത്ഥമാകുന്ന ദൈവാരാധന വിട്ടിറങ്ങിയപ്പോൾ വഴിമദ്ധ്യേ പിശാച് അവരെ പിടികൂടി. ദൈവാനുഗ്രഹമാകുന്ന അവരുടെ വസ്തുവും അവൻ അപഹരിച്ചു കൊണ്ടു കടന്നുകളഞ്ഞു. അവൻ അവരെ സന്താപ സാഗരത്തിൽ മുക്കിക്കളഞ്ഞു ലോകത്തിൻെറ പുറകേ പോവാനായി ദൈവത്തെ അവഗണിച്ചുകളയുന്ന സഹോദരാ! നീ ഈ അപകടം മനസ്സിലാക്കുന്നുണ്ടോ? നിൻെറ പ്രവൃത്തിയിൽ അതു കാണാനുണ്ടോ?

സീദോനിലെ സറപ്പാതിൽ ഒരു വിധവയുണ്ടായിരുന്നു. അവിടെ മൂന്നു വർഷത്തേക്ക് മഴയില്ലാഞ്ഞതിനാൽ ഒരു വലിയ ക്ഷാമമുണ്ടായി. ഒരു ദിവസം ഏലിയാ ദീർഘദർശി വിശന്നു വലഞ്ഞു അവളുടെ അടുക്കൽ ചെന്നു. അവൾ തീ കത്തിക്കുവാൻ ഉണക്കച്ചുള്ളി പെറുക്കുകയായിരുന്നു. അമ്മാ അപ്പവും കുറേ വെള്ളവും എനിക്കു തരണം എന്നു പറഞ്ഞു. എനിക്കും എൻെറ മകനും കഷ്ടിച്ച് ഒരു നേരത്തെ അപ്പത്തിനുള്ള മാവു മാത്രമേ എൻെറ കുടത്തിലുള്ളു എന്നവൾ പറഞ്ഞു. അതിൽനിന്നൊരു ചെറിയ അപ്പം ഉണ്ടാക്കി എനിക്കും കൂടെ തരിക എന്ന് ഏലിയാ ദീർഘദർശി പറഞ്ഞു ഇതു തിന്നിട്ട് നമുക്കൊരുമിച്ചു മരിക്കാം എന്നു പറഞ്ഞുകൊണ്ട് അവൾ ആദ്യം ഒരു അപ്പമുണ്ടാക്കി ദീർഘദർശിക്കു കൊടുത്തു. ആ വിധവയുടെ മഹാമനസ്കതയേയും സഹോദരസ്നേഹത്തെയും ദൈവം കണ്ടു. അവളെ അനുഗ്രഹിച്ചു. ഇനിയും നിൻെറ കുടത്തിലെ

മാവു കുറയാതെയും നിന്റെ ഭരണിയിലെ എണ്ണ വാറാതെയും ഇരിക്കട്ടെ എന്നുപറഞ്ഞു. ആ ക്ഷാമം തീരുന്നതുവരെയും അവർക്കൊരു കുറവും വന്നില്ല. അവർക്കു് വലിയ മേടയും ഗോപുരവും ഉണ്ടായില്ല. എങ്കിലും അവൾ സംതൃപ്തയായി ആ കൊച്ചു കുടിലിൽ ദൈവദാസിയായി സംതൃപ്തിയോടെ ജീവിച്ചുപോന്നു.

ഈ കഥ അറിയാവുന്നവരായിരുന്നു ആ പുരോഹിതനും ലേവ്യനും. അവക്കു് നൂറു നൂറു സമാധാനങ്ങൾ പറയുവാനുണ്ടായിരിക്കാം. പക്ഷെ ദൈവം പുറമെയല്ല നോക്കുന്നതു്. നിന്റെ ഹൃദയം സഹോദരസ്നേഹമുള്ളതാണോ? അതാണു് ദൈവം നോക്കുന്നതു്. ആ ശമരിയാക്കാരൻ എന്തുചെയ്തു എന്നു് നിങ്ങൾ കേട്ടല്ലോ. അവനെപ്പോലെ നീ സഹോദരസ്നേഹം കാണിക്കുന്നവനാണോ? വിശക്കുന്നവനു് നീ എന്തെങ്കിലും കൊടുക്കാറുണ്ടോ? യേശു ആ നല്ല ശമരിയാക്കാരനു് തുല്യനാണു്. ദൈവം തന്റെ കൃപയാകുന്ന ശുഭ്രവസ്ത്രം കൊടുത്താണു് മനുഷ്യനെ സൃഷ്ടിച്ചതു്. എന്നാൽ മനുഷ്യൻ ദൈവത്തെ അവഗണിച്ചു ലോകംകൊണ്ടു മാത്രം ജീവിക്കാമെന്നു കരുതി. ദൈവകൃപ അവനിൽ കുറഞ്ഞു തുടങ്ങി പിശാചു് അവനെ വശീകരിച്ചു അവനെ വേണ്ടാത്ത തെററുകളിലെല്ലാം വീഴിച്ചു. ദൈവം കൊടുത്തിരുന്ന കൃപാവസ്ത്രം പിശാചു് ഉരിഞ്ഞെടുത്തു. പലവിധ ലോകവികാരങ്ങളാൽ അവനെ കുത്തി മുറിവേല്പിച്ചു അങ്ങനെ അർദ്ധപ്രാണനായ മനുഷ്യനെ സഹായിപ്പാൻ പുരോഹിതന്മാരെയും ദീർഘദർശിമാരെയും അയച്ചു. അവർ കണ്ടേച്ചു പോയതല്ലാതെ ഒന്നും ചെയ്തില്ല അവസാനം യേശു വന്നു് അവനെ കണ്ടു. അവനു വേണ്ട ശുശ്രൂഷകളെല്ലാം ചെയ്തു വേണ്ട ഉപദേശങ്ങളെല്ലാം നല്കി. സത്രത്തിനു പകരം ഒരു സഭയെയും പണിതു അതിൽ ദൈവീകവേലക്കാരാകുന്ന സൂക്ഷിപ്പുകാരെയും നിയമിച്ചു. കൃപാമാർഗ്ഗങ്ങളായ രണ്ടു നാണയങ്ങളും അവരെ ഏല്പിച്ചു. നിങ്ങളുടെ കയ്യിൽനിന്നും വല്ലതും കൂടുതൽ ചിലവിടേണ്ടതായി വന്നാൽ ഞാൻ മടങ്ങി വരുമ്പോൾ തന്നുകൊള്ളാമെന്നു പറഞ്ഞിട്ടു യേശു പോയിരിക്കുകയാണു്.

മനുഷ്യന്റെ ആത്മാവിനും ശരീരത്തിനും വേണ്ട ശുശ്രൂഷ ചെയ്യുവാനാണു് ദൈവം തന്റെ സഭയെ നിയമിച്ചിരിക്കുന്നതു്. അവസാനന്യായവിധിയിൽ വലത്തുഭാഗത്തുള്ളവരോടു പറയുന്നതു നോക്കിയാൽ ക്രിസ്തുവിന്റെ സഭാസ്ഥാപനത്തിന്റെ നിയോഗം ഗ്രഹിക്കാം. യേശു വലത്തുഭാഗത്തുള്ളവരോടു പറയുന്നു, ഞാൻ വിശന്നിരുന്നു. നിങ്ങൾ എനിക്കു ഭക്ഷിപ്പാൻ തന്നു. ഞാൻ ദാഹിച്ചിരുന്നു. എനിക്കു കുടിപ്പാൻ തന്നു. ഞാൻ നഗ്നനായിരുന്നു നിങ്ങൾ എനിക്കു് ഉടുക്കുവാൻ തന്നു. ഞാൻ പരദേശിയായിരുന്നു. നിങ്ങൾ എന്നെ ചേത്തുകൊണ്ടു ആകയാൽ എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ ലോകാരംഭത്തിനുമുമ്പായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യം നിങ്ങൾ അനുഭവിച്ചുകൊള്ളുവിൻ എന്നു് പറയും. ഇതൊന്നും ചെയ്യാത്തവരോടു ശപിക്കപ്പെട്ടവരെ നിങ്ങൾ എന്നെ വിട്ടകന്നു് നിത്യനരകത്തിലേക്കു പോകുവിൻ എന്നായിരിക്കും പറയുന്നതു്.

ഈ സഹോദരശുശ്രൂഷയിൽ വല്ലതും നിന്റെ കയ്യിൽനിന്നു കൂടുതൽ ചിലവിടേണ്ടിവന്നാൽ അതു ഞാൻ മടങ്ങി വരുമ്പോൾ തന്നുകൊള്ളാമെന്നാണല്ലോ പറഞ്ഞിരിക്കുന്നതു്. ഈ സഹോദരശുശ്രൂഷയിൽ തന്നെ ചുമതലപ്പെടുത്തിയിട്ടുള്ളതിൽ കൂടുതൽ ചിലവിട്ടവരുണ്ടു്. സ്വത്തു മുഴുവനും നഷ്ടപ്പെട്ടവരുണ്ടു്. ലോകസുഖങ്ങൾ നഷ്ടപ്പെട്ടവരുണ്ടു്. രക്തസാക്ഷികളായി മരിക്കേണ്ടിവന്നവരുണ്ടു്. നീണ്ട കാരാഗൃഹവാസവും പട്ടിണിയും അനുഭവിക്കേണ്ടിവന്നവരുണ്ടു്. സഹോദരസ്നേഹത്തെപ്രതി വളരെയേറെ കഷ്ടതകളും ഞെരുക്കങ്ങളും അനുഭവിച്ചവരുണ്ടു്. യേശുവിന്റെ രണ്ടാമത്തെ വരവിൽ അങ്ങനെയുള്ളവക്കു് പ്രത്യേകപ്രതിഫലം ലഭിക്കും. അവർ ദൈവത്തോടു കൂടുതൽ അടുത്തിരിക്കുന്നവരും തന്നെ കൂടുതൽ അറിയുന്നവരും അധികം അനുസരിക്കുന്നവരും ആകുവാനുള്ള ശേഷി അവക്കു് കൂടുതലായി നല്കപ്പെടും.

അല്ലയോ സഹോദരങ്ങളെ, മററുള്ളവക്കു് ഉപകാരം ചെയ്യുവാൻ നോക്കുവിൻ. വിശ്വാസവിപരീതം, സഭാവ്യത്യാസം എന്നിങ്ങനെയുള്ള കാരണം പറഞ്ഞു് സഹോദരനെ വെറുക്കുവാൻ പാടില്ല. യാതൊരു കാരണത്താലും സഹോദരവിദ്വേഷം കാണിക്കരുതു്. സഹോദരസ്നേഹമുള്ളവനെ ദൈവവും സ്നേഹിക്കും അതെല്ലാവരും ഒത്തിരിക്കണം.

# സഭാഐക്യപ്രസ്ഥാനത്തിന്റെ പുരോഗതി

**(FR. MARKOS, KELACHANDRA)**

## I

രണ്ടാം വത്തിക്കാൻ സൂന്നഹദോസ് ആരംഭിച്ചതു് മുതൽ സഭകൾ തമ്മിലുള്ള യോജിപ്പ് ക്രിസ്തീയനേതാക്കന്മാരുടെ അവഗാഢമായ ചിന്തയ്ക്കു് വിഷയമായിത്തീർന്നിട്ടുണ്ടു്. അരശതാബ്ദത്തിനു് മുൻപു് ആരംഭിച്ച ഈ പ്രസ്ഥാനം അടുത്തകാലത്തു് വളരെയേറെ പുരോഗമിച്ചിരിക്കയാണു്. പ്രാരംഭപ്രവത്തകനായിരുന്ന ഫാദർ പോൾ വാട്ട്സൻ അക്കാലത്തു കത്തോലിക്കർക്കു് കൊടുത്ത നിർദ്ദേശം ഇന്നും എന്നും നാം അറിഞ്ഞു് പാലിക്കേണ്ടതാണു്. വേർപെട്ടു് നില്ക്കുന്ന സഹോദരങ്ങളോടു് നാം സ്നേഹപൂർവ്വം ഇടപെടുക, നാം തന്നെ ഒരു വിശുദ്ധ ജീവിതം നയിക്കുക, വാദപ്രതിവാദങ്ങളിൽനിന്നു് ഒഴിഞ്ഞു് നില്ക്കുക, വിശ്വാസം കാക്കുക, അതിൽ ഉറച്ചു് നില്ക്കുക, വി. പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പയോടു് ഭക്തിവിശ്വാസമുള്ളവരായിരിക്കുക, എപ്പോഴും പ്രാർത്ഥിക്കുക, ദൈവകൃപയ്ക്കായി പ്രത്യേകം യാചിക്കുക, എന്നിവയാണു് അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ.

അടുത്തകാലത്തു് അത്യുന്നത കർദ്ദിനാൾ ലെജാർ, തിരുമനസ്സുകൊണ്ടു് പുറപ്പെടുവിച്ച ഒരു ഇടയലേഖനത്തിൽ പറയുന്നതു് "ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളെ തമ്മിൽ യോജിപ്പിക്കുന്ന പ്രവത്തനത്തിൽ ഭാഗഭാക്കാകണമെന്നു് ആഗ്രഹിക്കുന്ന ഏതൊരു കത്തോലിക്കനും അവന്റെ ജീവിതം നവീകരിക്കയും വേദശാസ്ത്രങ്ങൾ പഠിക്കുകയും ചെയ്യാൻ ചുമതലയുള്ളതുപോലെതന്നെ ഭിന്നിച്ചുനില്ക്കുന്ന സഹോദരങ്ങളുമായി കൂടുതൽ സമ്പർക്കം പുലത്തുവാനും ചുമതലയുണ്ടു്. ക്രിസ്തുവിന്റെ സ്നേഹത്താൽ പ്രേരിപ്പിക്കപ്പെടുന്ന യാതൊരുത്തനും ഭിന്നിച്ചുനില്ക്കുന്ന സഹോദരന്മാരെ അന്യന്മാരൊ ശത്രുക്കളൊ ആയി ഗണിപ്പാൻ സാദ്ധ്യമല്ലാ. മുറിപ്പെടുത്തുന്നതോ വിടവു് വദ്ധിപ്പിക്കുന്നതോ ആയ എല്ലാററിനെയും ഉപേക്ഷിക്കണം. ചരിത്രപരമായും മാനസികമായും ഉണ്ടായിട്ടുള്ള മുൻവിധികൾ ഉപേക്ഷിക്കണം. എല്ലാവിധത്തിലും ഭിന്നിച്ചു് നില്ക്കുന്ന സഹോദരങ്ങളെ ക്രിസ്തുവിൽ സ്വസഹോദരങ്ങൾ എന്നവണ്ണം സ്നേഹിപ്പാൻ ശ്രമിക്കണം."

കഴിഞ്ഞ ജൂലായിമാസത്തിൽ കാനഡായിലെ മൊൻട്രീൽ എന്ന സ്ഥലത്തുവച്ചു് നടന്ന ഒരു ഐക്യസമ്മേളനത്തിൽ പ്രോട്ടസ്റ്റൻറു്, ഓത്തഡോക്സു്, കത്തോലിക്കു്, വിഭാഗങ്ങളിൽ പെട്ടവർ സംബന്ധിച്ചിരുന്നു. പ്രസ്തുത സമ്മേളനത്തിൽ അഖിലലോകസഭാകൗൺസിൽ സെക്രട്ടറി ഡോക്ടർ വിസ്സാർട്ടു് ഹൂഫ്റ്റ്, മൊൻട്രീൽ വൈദികസെമിനാരി പ്രിൻസിപ്പാൾ ജോർജ്ജ് ജോൺസ്റ്റൻ, കാനഡായിലെ ഗ്രീക്കു് ഓത്തഡോക്സു് മെത്രാപ്പോലീത്താ അത്തനാഗോറസ്, മൊൻട്രീലിലെ കത്തോലിക്കു് ആച്ച് ബിഷപ്പു് അത്യുന്നത കർദ്ദിനാൾ ലീജർ എന്നിവർ ഓരോ പ്രസംഗം ചെയ്യുകയുണ്ടായി. അവരുടെ പ്രസംഗങ്ങളിൽനിന്നു്, എല്ലാ ക്രൈസ്തവ സഭാവിഭാഗങ്ങളിലുംപെട്ട ചിന്താശീലന്മാരായ നേതാക്കന്മാർ സഭാഐക്യപ്രസ്ഥാനത്തോടു് ഹാർദ്ദമായി അനുകൂലിക്കുന്നു എന്നു് പ്രത്യക്ഷമായി കാണാൻ കഴിയും. ഡോക്ടർ വിസ്സാർട്ടു് ഹൂഫ്റ്റ് പറഞ്ഞതു്" സഭകൾ തമ്മിലുള്ള ബന്ധത്തിന്റെ ചരിത്രം അറിയാവുന്നവക്കു് ഇന്നത്തെ ഈ യോഗത്തിന്റെ സ്വഭാവത്തെപ്പററി അത്ഭുതം തോന്നാൻ അവകാശമുണ്ടു്. കഴിഞ്ഞ നൂററാണ്ടുകളിൽ സഭകൾ പലഴും അകൽച്ചയിലാണു കഴിഞ്ഞു് വന്നതു്. പരസ്പരം പുറംതിരിഞ്ഞാണു് അവർ നിന്നിരുന്നതു്. തമ്മിൽ തമ്മിൽ ഉണ്ടായിരുന്ന വിടവു് വദ്ധിച്ചുവരുന്നതായിത്തോന്നി. ഓരോരുത്തരും അവരവരുടേതായ ഒരു ആത്മീകലോകം കെട്ടിപ്പടുത്തു് പുരോഗമിക്കുവാൻ ശ്രമിക്കുകയും പര

സ്പരം സംസർഗ്ഗമോ സംസാരമോ ഇല്ലാതെ കഴിഞ്ഞുവരികയും ചെയ്തിരുന്നു. ആ സ്ഥിതിക്ക് ഇന്ന് നാമെല്ലാവരും ഒന്നിച്ച് ഒരു സ്ഥലത്ത് കൂടുവാൻ ഇടയായ സാഹചര്യം എന്താണ്? പൊതുതാല്പര്യമുള്ള രാഷ്ട്രീയമോ സാമൂഹ്യമോ ആയ വിഷയങ്ങളോ, മതപരമായ ഭയമോ അല്ലാ ഇതിനു കാരണം. പ്രത്യുത നമ്മുടെ എല്ലാവരുടെയും രക്ഷിതാവ്, താൻ ഏകൻ മാത്രമായിരിക്കുന്ന കർത്താവായ യേശുക്രിസ്തുവിലുള്ള നമ്മുടെ പൊതുവിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് നാം ഇവിടെ ഒന്നിച്ച് കൂടുവാൻ ഇടയായത്. എന്തു സംഭവിച്ചു എന്ന് ചോദിച്ചാൽ സഭാഐക്യപ്രസ്ഥാനം ഉടലെടുത്തു എന്നാണ് മറുപടി. ഉദ്ദേശം 50 വർഷങ്ങൾക്ക് മുൻപ് സഭകളെ തമ്മിൽ യോജിപ്പിക്കുവാൻ കുറെപ്പേർ മുന്നോടികളായി പ്രവർത്തിക്കുവാൻ തുടങ്ങി. സുവിശേഷ പ്രചരണത്തിനും സാമൂഹ്യപുരോഗതിക്കും സഭകൾ തമ്മിൽ യോജിക്കണമെന്നതായിരുന്നു ചിലരുടെ ശക്തിയായ വാദം. ഉപദേശം പട്ടത്വം മുതലായ വിഷയങ്ങളിൽ കൂടുതൽ ഐക്യം ഉണ്ടാകേണ്ടകാലം അതിക്രമിച്ചിരിക്കുന്നു എന്നായിരുന്നു മററു ചിലരുടെ വിശ്വാസം. ഈ ഉദ്ദേശത്തിലാണ് സഭാകൗൺസിലിന്റെ മോൺടീൽ യോഗം നടത്തുന്നത്. ഈ ആശയം എല്ലാ സഭാവിഭാഗങ്ങളിലേക്കും നുഴഞ്ഞു കയറിക്കൊണ്ടിരിക്കുന്നു. ഇതുകൊണ്ട് എന്താണ് അർത്ഥമാക്കേണ്ടത്? ഓരോ സഭയും തെളിവായും ഉറപ്പായും സ്വീകരിച്ചുവന്ന വിശ്വാസസത്യങ്ങളിൽ അയവ് വരുത്തി എങ്ങിനെയും ആകാം എന്ന അയഞ്ഞ സമ്പ്രദായം സഭകൾ സ്വീകരിക്കുക ആണെന്നോ? വൈദിക ഉല്പന്നങ്ങളുടെ വില ഇടിഞ്ഞ് പോയി എന്നോ? കാണുന്ന പൂച്ചയെല്ലാം ഒരു നിറമാണെന്നു തോന്നുന്ന രാത്രിയാണ് ഇന്ന്, എന്നോ മനസ്സിലാക്കേണ്ടത്? തീർച്ചയായും അങ്ങനെയല്ലാ. സഭാഐക്യപ്രസ്ഥാനം ശീതോഷ്ണവാന്മാരുടെയോ അങ്ങിനെയുള്ളവർക്കുവേണ്ടി മാത്രം ഉണ്ടാക്കപ്പെട്ടിട്ടുള്ളതോ, അല്ലാ. ഇപ്രകാരമുള്ള യോഗങ്ങളിൽ അഭിപ്രായഭിന്നതകൾ, അഭിപ്രായഐക്യത്തെപ്പോലെ തന്നെ, സത്യമായും തെളിവായും രേഖപ്പെടുത്തണമെന്നാണ് നിശ്ചിതപ്രമാണം. സഭാഐക്യപ്രസ്ഥാനത്തിന്റെ യാഥാർത്ഥ്യം ഒരു ആധ്യാത്മിക വെളിപാടിലാണ് അന്തർഭവിച്ചിരിക്കുന്നത്. രണ്ട് യാഥാർത്ഥ്യങ്ങളുടെ അനിതര സാധാരണമായ അന്തരം കാണ്മാൻ തക്കവണ്ണം കണ്ണുകൾ തുറക്കപ്പെട്ടിരിക്കുന്നു. അതിൽ ഒന്ന് വി. വേദാന്തസാരം പറയുമ്പോൾ സഭ അഥവാ ദൈവത്തിന്റെ ജനം, ദൈവം മനുഷ്യരെ തന്നോട് തന്നെയും തമ്മിൽ തമ്മിലും യോജിപ്പിച്ചിരിക്കുന്നു എന്ന സത്യം ലോകത്തിന് വെളിപ്പെടുത്തുവാൻ വിളിക്കപ്പെട്ടവരാകുന്നു എന്നതും, മറേറത്, കർത്താവും രക്ഷിതാവും ആയ ഒരേ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന സ്ത്രീപുരുഷന്മാരായ നാം പരസ്പരം ഐക്യമില്ലാതെ വേർപെട്ട് ജീവിക്കുന്നു എന്നുള്ളതുമാണ്. നാം തന്നെയാണ് ഇതിന് ഉത്തരവാദികൾ. നമ്മിൽ ആരും ദൈവതിരുവചനപ്രകാരം ജീവിക്കുന്നില്ല "എന്നോട് കൂട്ടിച്ചേർക്കാത്തവൻ ചിതറിക്കുന്നു" നാം അനുതപിക്കയും, കർത്താവ് നമ്മെ കൂട്ടിച്ചേർത്ത് തന്നോടുകൂടി നാമും കൂട്ടിച്ചേർക്കുന്നവരായിത്തീരുവാൻ പ്രാർത്ഥിക്കയും ചെയ്യണം"

വൈദികസെമിനാരി (Principal George Johnston) പ്രിൻസിപ്പാൾ ജോർജ്ജ് ജോൺസ്റ്റൻ പറഞ്ഞത് ഈ സമ്മേളനത്തെപ്പററി "പ്രോട്ടസ്റ്റൻറു കത്തോലികത്വം" എന്നു ഞാൻ പറഞ്ഞാൽ വിചിത്രതരമായി പലർക്കും തോന്നിയേക്കാം. പ്രോട്ടസ്റ്റൻറുകാരെന്നു വിളിക്കപ്പെടുന്ന ആളുകൾക്ക് കത്തോലികത്വത്തിനുണ്ടെന്ന് വിവരിക്കപ്പെടുന്ന വിശ്വാസം, സ്നേഹം, ശരണം എന്ന ഗുണങ്ങൾ അവകാശപ്പെടുകയോ ആഗ്രഹിക്കുകയോ ചെയ്യാമെന്ന് നിങ്ങൾ സാധാരണ ചിന്തിക്കാറില്ലായിരിക്കും. എന്നാൽ ഒരാൾക്ക് യഥാർത്ഥപ്രോട്ടസ്റ്റൻറും കത്തോലിക്കും ആയിരിക്കുക എന്നത് സാദ്ധ്യമാണെന്നും അത് അഭിലഷണീയമാണെന്നുമാണ് എന്റെ അഭിപ്രായം. 16-ാം നൂററാണ്ടിൽ ഉത്ഭൂതമായ നവീകരണസഭകൾ യേശുക്രിസ്തുവിന്റെ പരിശുദ്ധാത്മാവിൻ കൃപയാൽ തങ്ങൾ ദൈവത്തിന്റെ സത്യസഭയിൽ ഉൾപ്പെടുന്നവ

രാണെന്നു് സ്വയം വിശ്വസിച്ചിരുന്ന ലൂഥറും കാൽവിനും അവരുടെ പിൻഗാമികളും ഞാൻ ഏക വിശുദ്ധ സഭയിൽ വിശ്വസിക്കുന്നു" എന്ന വിശ്വാസപ്രമാണത്തിലെ വാചകം ചൊല്ലുക പതിവായിരുന്നു. കാൽവിൻ കാർത്തെയിജിലെ വി: കുപ്രിയാനോസിന്റെ മഹൽതത്വം അതായതു് "സഭ മാതാവായിട്ടു് ഇല്ലാത്തവനു്, ദൈവം പിതാവായി ഉണ്ടാകുവാൻ സാദ്ധ്യമല്ലാ" എന്ന പല്ലവി ആത്മാത്ഥമായി ഉരുവിടുന്ന ആളായിരുന്നു"

ആംഗ്ലിക്കൻ സഭയുടെ വേദശാസ്ത്രത്തിലും കതോലിക്കരെപ്പോലെ കൂദാശപരമായ കൃപയിൽ കൂടി ജീവിക്കണമെന്ന ആശയം തെളിവായി കാണിക്കുന്നുണ്ടു്. അതിനാൽ ഒരു പ്രോട്ടസ്റ്റൻറു ആയിരിക്കുക എന്നതു് ഒരു വേർപെട്ടവൻ എന്നു് ആകണമെന്നില്ല. എന്നാൽ അനേകം പ്രോട്ടസ്റ്റൻറുകാർ കഠിനമായ ശീശ്മയിൽ അകപ്പെട്ടുപോയി എന്ന പരമാത്ഥം മറച്ചുവെയ്ക്കേണ്ട ആവശ്യമില്ല. തൽഫലമായി അവരുടെ സന്താനങ്ങളായ പലരും ഇന്നു് അവരുടെ ആ പേരിനെ നിഷേധിക്കുകകൂടിയാണു് ഇന്നു് ലോകത്തിൽ പ്രോട്ടസ്റ്റൻറിന്റെ അനേകം വിഭാഗങ്ങളും, ഉപവിഭാഗങ്ങളും കാണാനുണ്ടു്. ഇവയിൽ ചിലതു് ദേശീയ അടിസ്ഥാനത്തിലും മററു ചിലതു് വർഗ്ഗീയ അടിസ്ഥാനത്തിലും, മററു ചിലതു് ചില വ്യക്തികളെ മാത്രം ചുററിപ്പററിയും, വേറെ ചിലതു് പ്രത്യേക തത്വങ്ങളെ ബലൂൺപോലെയും ഊതിവീപ്പിച്ചു് ഉണ്ടാക്കിയിട്ടുള്ളവയാണു്. സഭാ ഐക്യപ്രസ്ഥാനം പ്രബലപ്പെട്ടുവരുന്ന ഇക്കാലത്തു് ഈ കൂട്ടർ അവരുടെ ഉത്ഭവത്തെപ്പററി മനസ്സിലാക്കുന്നപക്ഷം ക്രിസ്തീയ വിശ്വാസം അപ്പോസ്തോലികവും, സാർവ്വത്രികവും, സ്നേഹത്തിന്റെയും, സത്യത്തിന്റെയും ആത്മാവിനാൽ പ്രേരിക്കപ്പെടുന്നതും ആകുന്നു എന്നു് കാണാൻ കഴിയും. ദൈവത്തിന്റെ സഭ പല സ്ഥലത്തുമുള്ള ഒററപ്പെട്ടകൂട്ടങ്ങൾ എല്ലാം കൂടി ചേർന്ന ഒന്നാണെന്നു്, ഞങ്ങൾ വിശ്വസിക്കുവാൻ ഇടയായിട്ടുള്ളതു് വേദപുസ്തകത്തിൽനിന്നുമാണു്. വ്യക്തിപരമോ, ദേശീയമോ, സാംസ്കാരികമോ ആയിട്ടുള്ളവയെ എല്ലാം അടിച്ചമർത്തി വയ്ക്കുവാൻ കഴിവുള്ള ഒരു രാക്ഷസനായിരിക്കണം സഭയെന്നു ഞങ്ങൾ കരുതുന്നില്ല. എന്നാൽ പഴയ സമ്പ്രദായത്തിലുള്ള വേർപിരിവുകൾ സുഖപ്പെടുത്തുവാൻ ക്രിസ്തുവിനു് കഴിയും. ക്രിസ്തു ഇപ്പോഴും സുഖപ്പെടുത്തുന്നുണ്ടു്. തന്റെ വി: ആത്മാവിലുള്ള ആഴമേറിയതും, സ്നേഹസമ്പൂർണ്ണവുമായ കൂട്ടായ്മയിൽ എല്ലാ ദേശങ്ങളിലുമുള്ള സ്ത്രീ പുരുഷന്മാരെ തന്നോടു് ബന്ധിക്കുന്നതായ തന്റെ ആധിപത്യം സമ്മതിച്ചു് കൊടുക്കുമ്പോൾ ക്രിസ്തു സുഖപ്പെടുത്തുന്നു. രക്ഷിപ്പാനുള്ള തന്റെ ശക്തിയിൽ ക്രിസ്തു കത്താലിക്കമാണു് തന്റെ ദൈവീക ഉദ്ദേശങ്ങളിലും ക്രിസ്തു കാതോലിക്കു് ആണു്. മനുഷ്യവർഗ്ഗം ഒന്നാകെ രക്ഷിക്കപ്പെടുകയും, ഏകവും, വിശുദ്ധവും, കാതോലികവുമായ ഒരു സംസർഗ്ഗത്തിൽ യോജിപ്പിക്കയും ചെയ്യേണ്ടതു് ആവശ്യമാണു്. വേദപുസ്തകം ഏതാണ്ടു അങ്ങനെയാണു് പറയുന്നതു് പ്രോട്ടസ്റ്റൻറുകാർ അവരുടെ വേർപെട്ട സഹോദരങ്ങളുമായി യഥാർത്ഥ പുനരൈക്യത്തിൽ ഏർപ്പെട്ടിട്ടില്ല. എങ്കിലും അതിനായുള്ള ചില പരിശ്രമങ്ങളും, പരീക്ഷണങ്ങളും നടക്കുന്നുണ്ടു്. ഏതു വിധത്തിൽ എന്തെല്ലാം മാർഗ്ഗങ്ങളിൽകൂടി എന്നതിനെപ്പററി അഭിപ്രായഐക്യം ഉണ്ടായിട്ടില്ല. മാത്രമല്ല പുനരൈക്യം എന്നു പറയുന്നതുതന്നെ ഭയങ്കര രാജദ്രോഹംപോലെ എതിർപ്പു പ്രകടിപ്പിക്കുന്ന ചില ചെറിയ വിഭാഗങ്ങളും അതിൽ ഉണ്ടു്. എന്നാൽ സഭ ഒന്നായിരിക്കുന്നതിലും, കാലദേശ സമയ വ്യത്യാസം കൂടാതെ അതിൽ സാർവ്വത്രികമായി ഇരിക്കുന്നതിലും അവക്കു് അതിയായ താല്പര്യം ഇല്ലെന്നു് സംശയിക്കേണ്ടതില്ല. പുനരൈക്യപ്രസ്ഥാനം അവഗണിക്കുവാൻ സാദ്ധ്യമല്ല. കാരണം അതിന്റെ പിന്നിലുള്ള ശക്തി കർത്താവായ ദൈവം തന്നെയെന്നു് ഞങ്ങൾ വിശ്വസിക്കുന്നു.

(തുടരും)

# കവിത

## തിരുഹൃദയം

(ഒ. അയ്യനേത്ത്)

ശാന്തതയുമെളിമയുമുള്ള
സ്വാന്തമേ യേശുചിത്തമേ,
താന്തനാമെനിക്കെപ്പൊഴും ദിവ്യ-
സാന്ത്വനമേകും തല്പമേ!
വെന്തുരുകും നിൻ സ്നേഹജ്വാലയിൽ
സന്തതം വിലയിക്കുവാൻ,
ബന്ധുരം നിൻ ദയാമൃതമുണ്ണാ-
നെന്നെന്തു കൊതിക്കുന്നേൻ.
മൃത്യുവിൻെറ കരിനിഴൽക്കീഴിൽ
നിത്യവും ഹന്തമേവിയ
മർത്ത്യരെ പരിത്രാണം ചെയ്യുവാൻ
പാതലത്തിലണഞ്ഞു നീ.
കണ്ണുനീരരറെയൊപ്പിമാററി നീ
കണ്ണുകൾക്കേകി കാഴ്ചയും;
എണ്ണമററ നീ ചെയ്ത കാരുണ്യം
വർണ്ണനാത്ത സുന്ദരം!
നഗ്നനായ് വന്നു ഭൂമിയിൽ നിണ-
മഗ്നനായ് തൂങ്ങി ക്രൂശിൽ നീ,
സ്വർഗ്ഗതാതനു യാഗമർപ്പിച്ചു-
നഗ്ഗളം സ്വന്തജീവനാൽ.
ചങ്കുകുത്തിത്തുറക്കുവാൻ കാട്ടി
കിങ്കരനൊരു ശൂലത്താൽ,
ചങ്കിൽനിന്നു രുധിര ജീവന-
സങ്കരധാര വാർന്നു നീ.
ദാഹമെന്നുമൊടുക്കും നാകീയ
സ്നേഹപാനീയമ് നിണം;
പാപമെല്ലാം കഴുകുവാൻ പോരും
പാവന ശുഭ്രമീജലം!
എന്നുമെന്നും തുറന്നിരിക്കുന്ന
സുന്ദരോദാരചിത്തമേ,
എന്നുമെന്നും കരുണ കാട്ടിടും
സ്നേഹരാജഹൃദയമേ!

പാരിലദ്ധ്വാനംചെയ്തു പാരിച്ച-
ഭാരം പേറിയുഴലുവോർ
പാരമാശ്വാസം നേടുമേ നൂന-
മാരാലീഹൃദി പൂകുകിൽ.
എപ്പൊഴുമിത്തിരുഹൃദയത്തിൽ
സുപ്രഭചിന്താവേദിയിൽ
തത്തിത്തത്തിക്കളിക്കയാണെൻെറ
വൃത്തികളിലെൻ ഭാഗ്യമേ!
എപ്പൊഴുമിത്തിരുഹൃദയത്തിൻ
മുഗ്ദ്ധരമ്യപ്രതീകങ്ങൾ,
ചുററുപാടും പ്രകൃതിയിൽ കണ്ടു
ചിത്തസന്തോഷം നേടുന്നേൻ.
പൂർവ്വദിക്കു വിഭാതവേളയിൽ
പൂരിതശോഭം നില്ക്കുമ്പോൾ,
പേലവമിത്തിരുഹൃദയത്തിൻ
ഭാവം കാണുമേ, ഞാനതിൽ.
സന്ധ്യയിൽ മേഘം പൂങ്കവിൾതോറും
സിന്ദൂരച്ഛവി പൂശുമ്പോൾ
ബന്ധുരോഷ്മളമാകുമേശുവിൻ
സ്വാന്തമോർമ്മയിലെത്തുമേ!
അംബരത്തിന്നരുണിമയേന്തി
ചെമ്പനിനീർപ്പൂ നില്ക്കുമ്പോൾ,
അൻപിയന്ന തിരുഹൃദയത്തെ-
നിമ്പമോടു ഞാൻ വാഴ്ത്തുമേ!
മേഘപാളികൾതോറുമേ, കൊള്ളി-
മീനുകൾ തുള്ളിച്ചാടുമ്പോൾ,
ഇത്തിരുച്ചിത്ത സ്നേഹവഹ്നി തൻ
ദീപ്തനാളം ഞാൻ കാണുമേ.
എങ്ങുമെങ്ങും തിരുഹൃദയത്തിൻ
വ്യംഗഭംഗി തൻ ഭാവങ്ങൾ.
എങ്ങുമെങ്ങും തിരുഹൃദയത്തിൻ
തുംഗഭംഗിപ്രതീകങ്ങൾ.

# അയ്മേനികൾ ആധുനികലോകത്തിൽ

## പൗരോഹിത്യം, രാജത്വം, പ്രവചനം എന്നിവയിൽ അവരുടെ പങ്ക്

(Columba Cary-Elwes-O. S. B.)

തർജ്ജമ—കെ. റോയ് പോൾ—

അയ്മേനികൾക്ക് സഭയിലുള്ള സ്ഥാനത്തെക്കുറിച്ച് പറയാമെന്നാണ് ഞാൻ വിചാരിച്ചത്. ഞാനൊരു അയ്മേനിയല്ല. പക്ഷേ വൈദികൻ വൈദ്യരെക്കുറിച്ചു സംസാരിക്കുന്നതുപോലെ സഭയിലെ അയ്മേനിയല്ലാത്തവരാണല്ലോ സാധാരണ അതിനെക്കുറിച്ച് പറയാറുള്ളത്. വളരെ കുറച്ച് ആളുകൾ മാത്രമേ ഈ സങ്കീർണ്ണമായ വിഷയത്തെക്കുറിച്ച് പഠിക്കുവാൻ മിനക്കെട്ടിട്ടൊള്ളു.

കുറച്ചുകാലം മുൻപുവരെ വൈദികനാകുവാൻ ആഗ്രഹിക്കുന്ന ഒരു ചെറുപ്പക്കാരൻ തന്റെ മാതാപിതാക്കളോടു പറയുക—താൻ സഭയിൽ ചേരാൻ പോകുന്നുവെന്നായിരുന്നു. അതു കേട്ടാൽ തോന്നും അയ്മേനികൾ സഭയിലില്ലെന്ന്. വാസ്തവത്തിൽ അയ്മേനികളാണ് സഭ. പുരോഹിതന്മാർ അതിന്റെ സേവകരാണ്.

അയ്മേനികളുടെ സ്ഥാനത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചാണ് വത്തിക്കാൻ കൗൺസിൽ പരിഗണിക്കുന്നത്. അതുകൊണ്ട് അതിനുള്ള പ്രാധാന്യം ഇന്ന് വളരെ വർദ്ധിച്ചിട്ടുണ്ട്.

---

എന്തൊരാനന്ദോന്മാദമാണെനി-
ക്കെന്തൊരു നവ ഭാവന!
എന്തൊരു സ്വർഗ്ഗശാന്തിയെൻ ഹൃദി-
യെന്തൊരാനന്ദ വേദന!
ഇത്തിരുഹൃത്തിന്റെ സ്വർഗ്ഗീയ-
ബന്ധസഹൃദസാമീപ്യം,
ഇദ്ധരയിലെൻ സർവ്വവും പരി-
തപ്തമെൻ ചിത്തശാന്തിയും!

സഭ അയ്മേനികളും മെത്രാന്മാരും പുരോഹിതരും അവരുടെ സേവകരുമാണെങ്കിൽ അയ്മേനികളാണ് സഭയുടെ മുഖ്യഭാഗം. അവർ വളരെയാണ്, എല്ലായിടത്തുമുണ്ട്, എല്ലാ തരത്തിലുമുണ്ട്. അവരുടെ കഴിവുകൾ വളരെയാണ്. സമൂഹങ്ങൾക്കും വ്യക്തികൾക്കും അനന്യതമായിട്ട് അതിന് ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുമെന്നു മാത്രം. ഈ സംഘത്തിനുള്ളിൽ തന്നെ വളരെ ശക്തിയും ബാഹുല്യവുമായി വിവിധതരത്തിലുള്ള നിരവധി സമ്പത്തുകളുമുണ്ട്. ഈ വലിയ ക്രൈസ്തവസേനയാണ് സഭ. അയ്മേനിയായിരിക്കുന്നതിൽ ഒളിഞ്ഞുകിടക്കുന്ന അത്ഭുതകരമായ ശക്തിയെക്കുറിച്ച് അയ്മേനികളോ പുരോഹിതന്മാരോ ശരിക്കു മനസ്സിലാക്കിയിട്ടില്ല. ഫാദർ കോംഗാർ പറഞ്ഞതുപോലെ, മദ്ധ്യകാലസഭയും ആദിമസഭയും മിക്കവാറും ഒരു സന്യാസസഭയായിരുന്നു. സന്യാസജീവിതം നയിച്ചാൽ മാത്രമേ 100 % ക്രിസ്ത്യാനിയായിത്തീരാൻ സാധിക്കൂ എന്നാണ് കരുതപ്പെട്ടിരുന്നത്. നവോത്ഥാനകാലത്താണ് മനുഷ്യന്റെ സ്വാഭാവികജീവിതത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയത്. അതോടെ അയ്മേനിക്കും ഒരു പൂർണ്ണ ക്രിസ്ത്യാനിയായിരിക്കാൻ സാധിക്കുമെന്ന് പരക്കെ അംഗീകരിക്കപ്പെട്ടു.

സ്ഥൂലമായി പറഞ്ഞാൽ, നിങ്ങളോരോരുത്തരും ഓരോ ക്രിസ്തുവാണ്. വിശുദ്ധ മാമോദീസായിലൂടെ നാം ക്രിസ്തുവിന്റെ ജീവനെയാണ് സ്വീകരിക്കുന്നത്. അതായത് നാം ജീവിക്കുന്നത് ക്രിസ്തുവിന്റെ ജീവനുമായിട്ടാണ്. ഇതു നമ്മുടെ കാലഘട്ടത്തിലെ ഒരു പ്രമുഖ വേദശാസ്ത്രജ്ഞനായ കോംഗറുടെ അഭിപ്രായമാണ്.

നമ്മുടെ സ്കൂളുകൾക്ക് പണമുണ്ടാക്കാൻ ഉപയോഗിക്കുന്നതിനുള്ള ഒരു രാഷ്ട്രീയസമ്മർദ്ദ വിഭാഗമല്ല അയ്മേനികൾ. അവരായിരിക്കാം; പക്ഷേ, അവർ വെറും സമ്മർദ്ദവിഭാഗം മാത്രമായിരിക്കുന്നതിനെ ദൈവം നിരോധിച്ചിരിക്കുന്നു. അതാണ് അമേരിക്കയിൽ സംഭവിച്ചിട്ടുള്ള അപകടം. അവക്കു രാഷ്ട്രീയശക്തി ഉണ്ടായിരിക്കാം; അവർ തീർച്ചയായും പുരോഹിതന്മാക്കു ധാരാളം പണം നൽകുന്ന ഒരു കാമധേനുവാണ്. അതിന് അതിന്റേതായ ഗുണങ്ങളുണ്ട്. ഞാനവയെ നിഷേധിക്കുന്നില്ല. പക്ഷേ, അതിനെക്കുറിച്ചല്ല ഞാനിന്നു സംസാരിക്കാൻ പോകുന്നത്.

അയ്മേനികൾ ഒരു സമ്മർദ്ദവിഭാഗത്തിലും കവിഞ്ഞ എന്തോ ആണ്. അവർ ഓരോ ക്രിസ്തുവാണ്. എന്താണു ക്രിസ്തു? അവൻ എന്തു ചെയ്യുന്നു, എന്തിനെ പ്രതിനിധീകരിക്കുന്നു? ആദ്യമായി ക്രിസ്തു പുരോഹിതനാണ്. അവൻ രാജാവും പ്രവാചകനുമാണ്. അയ്മേനികൾ പ്രവാചകന്മാരും പുരോഹിതന്മാരും രാജാക്കന്മാരുമാണെന്ന് വൈദികർ സാധാരണയായി പറയാറില്ലാത്തതുകൊണ്ട് അയ്മേനികൾക്കു പററിയ ഒരു നിലപാടാണതെന്ന് തോന്നുകയില്ലായിരിക്കും. നാം സാധാരണ മനസ്സിലാക്കുന്ന അർത്ഥത്തിലുള്ള ഒരു പ്രവാചകനാകാൻ ഒരു അയ്മേനി ഒരുമ്പെടുന്നെങ്കിൽ അവൻ അപകടകാരിയാണ്. അയ്മേനികൾ പുരോഹിതരാണെന്നു നാം പറയാറില്ല. അവർ രാജാക്കന്മാരാണെന്നും നമുക്കു തോന്നുന്നില്ല എങ്കിലും, അയ്മേനികൾ വളരെ ശരിയായ അർത്ഥത്തിൽ ഇവയെല്ലാമാണ്. പുതിയനിയമത്തിൽ ഒന്നിലേറെ പ്രാവശ്യം അയ്മേനികളെക്കുറിച്ച്, വൈദികരെക്കുറിച്ചല്ല, പറഞ്ഞിട്ടുണ്ട്— "നിങ്ങൾ രാജകീയപുരോഹിതവർഗ്ഗമാണ്".

വാസ്തവത്തിൽ, ഗ്രീക്ക് പുതിയനിയമത്തിലെ 'Priest' എന്ന പദം, പുരോഹിതൻ എന്നതിന്റെ ശരിയായ പദം, നാം മനസ്സിലാക്കുന്ന അർത്ഥത്തിൽ ഒരിക്കലും ഉപയോഗിച്ചിട്ടില്ല. "Presbyter" (മൂപ്പൻ) എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഇതിൽനിന്നാണ് 'Priest' ഉണ്ടായത്. മെത്രാന്മാരെക്കുറിച്ചു പറഞ്ഞിരിക്കുന്നത് "Overseers" എന്നാണ്. വിശുദ്ധ ഗ്രന്ഥകാരന്മാർ അവരെ ഒരിക്കലും പുരോഹിതന്മാരെന്നു വിളിച്ചിട്ടില്ല. ക്രിസ്തുവിനെ പുരോഹിതനെന്നും ദൈവത്തിന്റെ ജനത്തെ പുരോഹിതന്മാരെന്നും ചിലപ്പോൾ വിളിക്കുന്നുണ്ട്. പക്ഷേ, അതു അസാധാരണമാണ്. അതുകൊണ്ട്, നിങ്ങൾ യഥാർത്ഥത്തിൽ വേദപുസ്തകത്തിൽ പറഞ്ഞിട്ടുള്ള അർത്ഥത്തിലുള്ള പുരോഹിതനാണെങ്കിൽ ആ ഒററക്കാര്യത്തിൽ വളരെയേറെ ചെയ്യാനുണ്ട്. ഓരോ ക്രിസ്ത്യാനിയും—സ്ത്രീയും പുരുഷനും—പുരോഹിതനാണ്. ഏതർത്ഥത്തിലാണ് അതു ശരിയാവുക? അതു മനസ്സിലാക്കാൻ നമുക്ക് പൗരോഹിത്യസ്വഭാവത്തിന്റെയും ബലിയുടെയും ആഴത്തിൽ കുഴിക്കേണ്ടിവരും. ബലിയിലും പൗരോഹിത്യത്തിലും രണ്ടു മൂലങ്ങളുണ്ടെന്ന് കോംഗാർ പറയുന്നു. കർബാനാപരമായ ബലിയുണ്ട്, ആചാരപരമായ ഒന്നുണ്ട്, കൂദാശാപരമായ ഒന്നുണ്ട്. പക്ഷേ, അതു കൂദാശയായിരിക്കുന്നത് അതിൽ അന്തർഭവിച്ചിരിക്കുന്ന പൊതുവായ അർത്ഥത്തിന്റെ സൂചനയായിട്ടു മാത്രമാണ്. ആന്തരികമായ ഒന്നുകൂടിയുണ്ട്. വി. അഗസ്തീനും വി. തോമസും പറഞ്ഞിരിക്കുന്നതുപോലെ ബലികഴിക്കുന്ന ആരും പുരോഹിതനാണ്. സങ്കീർത്തനങ്ങളെയും വി അഗസ്തീനെയും ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു ബലി അടിസ്ഥാനപരമായി ആന്തരികമായ ഒന്നാണെന്ന്. നിങ്ങളുടെ ജീവനെ കൊടുക്കുകയെന്ന ആന്തരികമായ ഒന്നിനെ കാണിക്കാനായി ആചാര്യന്മാരായ പുരോഹിതവർഗ്ഗം അർപ്പിക്കുന്ന ആചാരപരമായ ബലിയാണ് കർബാനയുടെയും കാൽവരിയുടെയും ബാഹ്യമായ മൂലം. സഭയിലെ വൈദികക്ക് മാത്രമേ ക്രിസ്തുവിനെ അൾത്താരയിലേക്ക് ഇറക്കിക്കൊണ്ടുവരുവാനാകൂ, പക്ഷേ സഭയിലെ വിശ്വാസികൾക്കും ഇറങ്ങിവന്ന ക്രിസ്തുവിനെയും തങ്ങളെത്തന്നെയും ബലിയർപ്പിക്കാൻ കഴിയും.

ഏതു വിധത്തിലാണ് അയ്മേനി പുരോഹിതനാവുക? ക്രിസ്തുവിനെപ്പോലെയുള്ളവനും ക്രി

സ്സതന്നെയുമായ അവനെത്തന്നെ ദൈവത്തിന്ന് തിരിച്ചു കൊടുക്കുകയെന്ന ആന്തരികവും പൊതുവുമായ അർത്ഥത്തിലാണ് അവൻ അങ്ങനെയായിരിക്കുന്നതു്. ബാഹ്യമായവയെല്ലാം പ്രതിനിധീകരിക്കുന്ന ആന്തരികബലിയായിട്ട് അവൻ തന്റെ ഹൃദയത്തിൽ ക്രിസ്തുവിനെയും അവനെത്തന്നെയും നൽകുന്നു. അവൻ സർവ്വലോകത്തെയും നൽകുന്നു. ഒരു ഡോക്ടറുടെ അത്ഭുതകരമായ അർപ്പണത്തെക്കുറിച്ച് ചിന്തിക്കുക. അവന്റെ ജീവിതകാലമൊക്കെയും കാണുന്നതു് വേദനയും ദുരിതവും മരണവുമാണ്. തങ്ങളുടെ ജീവിതത്തെ മരണത്തിൽ നൽകുന്ന ഈ ആളുകളുടെ ബലിയിൽ പങ്കുകൊള്ളാൻ ജീവനോടും മരണത്തോടുമുള്ള നിങ്ങളുടെ സാമീപ്യം, നിങ്ങളെ സഹായിക്കുന്നു. അഥവാ നിങ്ങൾ മരണത്തെ കുറെ സമയത്തേക്ക് തടുത്തുനിർത്തിയേക്കാം. അപ്പോഴും നിങ്ങളതു് നല്കുന്നുണ്ടു്; കാരണം, ദൈവത്തോടൊത്തു ചെയ്യുന്ന ഓരോ പ്രവൃത്തിയും അശുദ്ധമായതിനെ വിശുദ്ധമാക്കുന്നു. അതായതു്, അതിനെ ദൈവത്തിനുള്ളതാക്കുന്നു. അശുദ്ധമായതു് ദൈവരാജ്യത്തിന് പുറത്തായിരിക്കുമ്പോൾ വിശുദ്ധമായതു് ദൈവത്തിന്റേതാകുന്നു എന്നതാണ് അവ തമ്മിലുള്ള വ്യത്യാസം. പക്ഷെ, നിങ്ങളുടെ ക്രിസ്തുവിന്റേതുപോലുള്ള കൈകൾകൊണ്ടുള്ള സ്പർശനമേൽക്കുമ്പോൾ അശുദ്ധമായതു് വിശുദ്ധമായിത്തീരുന്നു. നിങ്ങൾ വസ്തുക്കളെ സ്വർണ്ണമാക്കുന്നില്ല, പക്ഷെ അവയെ ദൈവത്തിന് നല്കാനുള്ള കാഴ്ചകളാക്കുന്നു. ആ ചിന്തയോടുകൂടി ജീവിച്ചാൽ നിങ്ങൾ ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ ഭാഗമായിത്തീരും.

രണ്ടാമതായി ക്രിസ്തുവിന്റെ രാജത്വത്തിന്റെ പങ്കാളികളായ രാജാക്കന്മാരാണ് നാമെല്ലാവരും. രാജാവു് ഭരിക്കുന്നു അതായതു്, തന്റെ മാമോദീസായിലൂടെ ഒരു ക്രിസ്ത്യാനിക്ക് അധികാരം ലഭിക്കുന്നു, അവൻ ഭരിക്കുന്നു. കോംഗാർ പറയുന്നു, മനുഷ്യർ ലൗകികകാര്യങ്ങളെ ശക്തികൊണ്ടും ബുദ്ധികൊണ്ടും നിയന്ത്രിക്കുന്നു, ആളുകളെ വിശുദ്ധികൊണ്ടു് ഭരിക്കുന്നു.

വീണ്ടും ഡോക്ടറുടെ കാര്യമെടുക്കുക; തന്റെ രോഗികളുടെയും അവരുമായി സമ്പർക്കത്തിലേർപ്പെടുന്നവരുടെയും മനസ്സിന്റെയും ശരീരത്തിന്റെയും മേൽ ഡോക്ടർക്കുള്ള നിയന്ത്രണത്തെ പരിഗണിക്കുക. അതു് തീർച്ചയായും സ്വാഭാവിക രീതിയിലുള്ളതാണ്. ദൈവത്തിന്റെ സൃഷ്ടിപരമായ പ്രവർത്തനത്തിലും തന്റെ ലോകഭരണത്തിലും പങ്കുകൊള്ളുകമൂലം ക്രിസ്തുവുമായുള്ള ഐക്യത്തിലൂടെ എല്ലാ പ്രവർത്തനങ്ങളും ഉയർത്തപ്പെടുന്നു. ദൈവം ആഗ്രഹിക്കുന്ന തരത്തിൽ കാര്യങ്ങളുടെ രീതിയിൽ നിങ്ങൾ ഇടപെടുന്നു. അതായതു്, മനുഷ്യന് ലഭിച്ചിട്ടുള്ള അത്ഭുതകരമായ മനസ്സുകൊണ്ടു് ജീവിതത്തെയും മരണത്തെയും മനസ്സിനെത്തന്നെയും നിയന്ത്രിക്കുന്നു. ലൗകികമായ രീതിയിൽ മാത്രമായാലും അതു് അത്യത്ഭുതകരമാണ്. ഈ ശക്തി നമ്മുടെ സ്വന്തമല്ല, അതു് ദൈവത്തിൽനിന്ന് വരുന്നതാണ്. വചനമായ, അതായതു് ദൈവത്തിന്റെ ബുദ്ധിയായ, ക്രിസ്തുവുമായുള്ള നമ്മുടെ ഐക്യത്താൽ അതു് വിശുദ്ധീകരിക്കപ്പെടുന്നു. 'Verbum' (വചനം) എന്നതിന്റെ അർത്ഥം വാക്ക് എന്നല്ല, ബുദ്ധിയെന്നാണ്. വി. യോഹന്നാന്റെ സുവിശേഷം 1ാം ഇങ്ങനെ ആരംഭിക്കേണ്ടിയിരിക്കുന്നു. ആദിയിൽ ബുദ്ധിയുണ്ടായിരുന്നു, ബുദ്ധി ദൈവത്തോടുകൂടെയായിരുന്നു, ബുദ്ധി ദൈവമായിരുന്നു, സകലവും ബുദ്ധിയാൽ ഉണ്ടായി, 'ഈ വിധത്തിൽ വിവർത്തനം ചെയ്താലേ അതിന് അർത്ഥപുഷ്ടിയുണ്ടാകൂ. ബുദ്ധി എല്ലാത്തിനെയും ഉണ്ടാക്കിയതിനാൽ, മനുഷ്യശരീരം തുറന്ന് പരിശോധിക്കുമ്പോൾ നിങ്ങൾ ദൈവത്തിന്റെ ബുദ്ധിയെ കാണുന്നു ആ അത്ഭുതകരമായ നിഗൂഢതയുടെ വിളക്കപ്പെടുകാർ മാത്രമാണ് നിങ്ങൾ. അതൊരു വിളക്കൽ മാത്രമാണെന്ന് ഒരോ ഡോക്ടറും പറയുമെന്ന് എനിക്ക് തീർച്ചയുണ്ട്. ജീവനെക്കുറിച്ച് എത്ര കുറച്ച് മാത്രമാണ് നമുക്കറിയാവുന്നതു്.

വസ്തുക്കളുടെ മേൽ നമുക്ക് ഒരുതരം അധികാരമുണ്ട്. എന്നാൽ ആളുകളുടെമേൽ അതേ തരത്തിലുള്ള അധികാരമില്ല ആളുകളുടെ സ്വാ

തന്ത്രത്തിന്മേൽ നമുക്ക് അധികാരമുണ്ടെന്ന വിചാരം സഭയിൽ വന്നിട്ടുള്ള ഒരു തെററാണ്. മററുള്ളവരുടെമേൽ ക്രിസ്ത്യാനിക്ക് വിനയം കൊണ്ടുള്ള രാജത്വമാണുള്ളത്. വിശുദ്ധന്മാർ ആളുകളെ ദൈവത്തിങ്കലേക്ക് ആകർഷിക്കുന്നു. അതു ഒരു വൈദികനെപ്പോലെതന്നെ ഒരയ്മേനിക്കും ചെയ്യാവുന്നതാണ്. ഇവിടെയാണ് രാജത്വത്തിന്റെ രണ്ടാമത്തെ മൂലം–ക്രിസ്തുവിന് പ്രകൃതിയിലുള്ള കാര്യങ്ങളുടെ മേൽ ബുദ്ധിശക്തികൊണ്ടുള്ള അധികാരവും ആളുകളുടെ മേൽ വിശുദ്ധിയുടെ അധികാരവും

മൂന്നാമതായി നാമെല്ലാം പ്രവാചകന്മാരാണ്. ഭാവികാര്യങ്ങളെ മുൻകൂട്ടിക്കാണുന്ന ഒരാളാണ് പ്രവാചകൻ എന്നുള്ള ധാരണയാണ് നമുക്കുള്ളത്. പ്രവാചകൻ എന്നതിന്റെ ശരിയായ അർത്ഥം ദാർശനികൻ, സത്യത്തെ മനസ്സിലാക്കുന്ന ഒരാൾ, എന്നാണ്. ഓരോ ക്രിസ്ത്യാനിയും ഒരു പ്രവാചകനാണ്. അവന് സത്യം വെളിപ്പെട്ടിരിയ്ക്കുന്നു

ക്രിസ്തുവിന്റെ വരവിങ്കൽ സംഭവിക്കാനുള്ള കാര്യങ്ങളെക്കുറിച്ച് എസ്സക്കിയെൽ പ്രവാചകൻ പറഞ്ഞിരിക്കുന്നു "അന്ന് ആരും മററൊരാളെ പഠിപ്പിക്കേണ്ടതായി വരികയില്ല, എന്നാൽ ഓരോരുത്തനും അവനവന്റെ ഹൃദയങ്ങളിൽ സത്യത്തെ അറിയും" പുതിയ നിയമത്തിന്റെ അനുശാസനങ്ങളെ നമുക്ക് കല്ലിൽ എഴുതേണ്ടതില്ല, അവ നമ്മുടെ ഹൃദയങ്ങളുടെ കല്പലകകളിൽ എഴുതപ്പെട്ടിട്ടുണ്ട്. ഓരോ മനുഷ്യനും സത്യത്തെ അറിയും.

വേദപുസ്തകത്തെ നവീകരണക്കാർ ദുരുപയോഗപ്പെടുത്തി. അവർ പറഞ്ഞു, "നമുക്ക് മെത്രാന്മാരുടെയും പോപ്പുമാരുടെയും ആവശ്യമില്ല. നാമെല്ലാവർക്കും അറിയാമെന്നുള്ളത് ഓരോരുത്തർക്കും അറിയാം. നമുക്കുതന്നെ ഈ വെളിപാടുണ്ട്" പ്രോട്ടസ്റ്റൻറ് നവീകരണക്കാരുടെ പ്രസ്താവനകൾ (Positive Statements) സാധാരണഗതിയിൽ ശരിയായിരുന്നു. പക്ഷേ പ്രതിപ്രസ്താവനകളെ അവർ വിട്ടുകളഞ്ഞു. പ്രതിപ്രസ്താവനയ്ക്ക് പ്രാധാന്യം നൽകാനും മറേറതിനെ വിട്ടുകളയാനുമായിരുന്നു കത്തോലിക്കരുടെ പ്രവണത നവീകരണകാലത്തും അതിനു മുമ്പും സഭയുടെ ആധാരികമായ പഠിപ്പിക്കലിനെപ്പററി പ്രതിരോധപരമായ ഒരു നിലപാടാണ് സഭയെടുത്തിരുന്നത്. പോപ്പുമാർക്കും മെത്രാന്മാർക്കും പഠിപ്പിക്കാനുള്ള അവകാശമുണ്ട്. ഇത് പൂർണ്ണമായും ശരിയായ ഒരു തത്വമായിരുന്നു. പക്ഷേ, ഈ ഊന്നിപ്പറച്ചിൽ ഓരോ ക്രിസ്ത്യാനിയും സത്യത്തെ അറിയുന്നുവെന്നുള്ള ആശയത്തെ തണുപ്പിച്ചുകളഞ്ഞു. വേദപുസ്തകത്തിൽ എല്ലാം ശരിയായി പറഞ്ഞിട്ടുണ്ട്. പിന്നെ ഞാനെന്തിന് മെത്രാൻ പറയുന്നതു കേൾക്കണം" ഇങ്ങനെയായിരുന്നു പലരും പറഞ്ഞിരുന്നത്. അപ്പോൾ സഭയ്ക്ക് പഠിപ്പിക്കാനുള്ള അധികാരത്തെക്കുറിച്ച് ഊന്നിപ്പറയേണ്ടിയിരുന്നു. പക്ഷേ, അവർ പറഞ്ഞതിലും കുറെ സത്യമുണ്ട്. അതിനെക്കുറിച്ചും നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഓരോ ക്രിസ്ത്യാനിയും തന്റെ മാമോദീസായും സ്ഥിരീകരണവുംമൂലം ഒരു പ്രവാചകനായിത്തീരുന്നു, അതായത് അറിയുന്നവൻ.

സഭയിൽ പഠിപ്പിക്കുന്നവരും പഠിക്കുന്നവരുമുണ്ട്. ഒരിയ്ക്കൽ പഠിച്ചാൽ, പിന്നീട് അറിവിന്റെ ബീജം അവശേഷിക്കുന്നു. വാസ്തവത്തിൽ, ക്രിസ്തു അവരിലുള്ളതുകൊണ്ട് അവർക്ക് ക്രിസ്തുവിന്റെ മനസ്സുമുണ്ട്. അവർ സത്യത്തെ അറിയുകയും ക്രിസ്തുവിനെ സ്വീകരിക്കുകയും ചെയ്തുകഴിയുമ്പോൾ അതു് കൂടുതൽ സജീവമായിത്തീരുന്നു. അയ്മേനികൾ തങ്ങളുടെ അറിവിനെ വിസ്തൃതമാക്കിയാൽ മാത്രമേ സഭ 100 ശതമാനം അപ്പസ്തോലികമാകൂ. Catholic Action കണ്ടുപിടിച്ചപ്പോൾ പോപ്പ് പീയൂസ് 11–ാമനുണ്ടായിരുന്ന ആശയവും ഇതായിരുന്നു; അതായത് വൈദികത്വത്തിന്റെ അപ്പോസ്തോലികത്വത്തിൽ അയ്മേനികളും പങ്കാളികളാകണമെന്ന്.

അതിനുമുമ്പുതന്നെ അതിനുള്ള ആഗ്രഹം അയ്മേനികൾക്കുണ്ടായിരുന്നു. ക്രിസ്തു അവരിലുണ്ട്. ക്രിസ്തു തന്നെത്തന്നെ പരത്തുവാൻ ആഗ്രഹിക്കുന്നു; കാരണം, ക്രിസ്തു ഓരോ ക്രിസ്തീയാത്മാവിലുമുള്ളതിനാൽ വൈദികരിലുള്ളതുപോ

ലെതന്നെ ഓരോ അയ്മേനിയിലും ക്രിസ്തുവിന്റേതുപോലുള്ള സ്നേഹവുമുണ്ട്. ആദ്യമായി, ഓരോ ക്രിസ്ത്യാനിയിലും ക്രിസ്തുവിന്റെ സത്യമുണ്ട്. ഈ പ്രേരണയും അവനിലുള്ള ക്രിസ്തുവിന്റെ ശക്തിയും അതിനെ പരത്തുന്നു.

ആദിമസഭ ലോകത്താൽ പീഡിപ്പിക്കപ്പെട്ടിരുന്നതുകൊണ്ട് ലോകത്തിൽനിന്ന് നമുക്ക് അകന്നുമാറണമെന്നായിരുന്നു അന്നത്തെ ചിന്താഗതി. എന്നാൽ കർത്താവു തന്നെ ഒരിക്കലും അങ്ങനെ പറഞ്ഞിട്ടില്ല. അവൻ പറഞ്ഞു, "ഞാൻ നിങ്ങളെ ലോകത്തിൽനിന്ന് പുറത്തേയ്ക്കു് കൊണ്ടുപോകുന്നില്ല, നിങ്ങൾ ലോകത്തിൽ തന്നെയായിരിക്കും, പക്ഷേ നിങ്ങൾ ലോകത്തിന്റേതല്ല" നാം വളരെദൂരം മുമ്പോട്ടു പോന്നെങ്കിലും, ഇപ്പോഴും പൂർണ്ണമായ ജീവിതം വൈദികന്റേതാണെന്നധാരണതീർത്തും മാറിയിട്ടില്ല. ലോകം സഭയിൽനിന്ന് കൂടുതൽ കൂടുതൽ അകന്നുപോകുകയാണ്. അതുകൊണ്ട് അതിനെ രക്ഷിക്കാനായി സഭ ലോകത്തിലേക്ക് ഇറങ്ങിവരികയാണിന്ന്. ലോകത്തിലുള്ള ആളുകൾ അയ്മേനികളാണ്, വിവിധ തുറകളിൽ പ്രവർത്തിക്കുന്ന ഓരോ അയ്മേനിയുമാണു ക്രിസ്തുവിനും ലോകത്തിനും ഇടയ്ക്കുള്ള പാലം. അതുകൊണ്ട് അപ്പോസ്തോലരുമായി സഹകരിച്ചു പ്രവർത്തിക്കാനുള്ള അപ്പോസ്തോലികത്വത്തിന്റെ മുൻനിരയിലാണ് അയ്മേനികൾ നിങ്ങൾ പ്രവാചകന്മാരാണെന്ന വസ്തുത അംഗീകരിച്ചുകൊണ്ട് നിങ്ങളുടെ സന്ദേശം രൂപപ്പെടുത്തണം.

അയ്മേനികളുടെ ഔദ്യോഗിക പ്രവർത്തനമായ Catholic Action ന്റെ ഭാഗമായിട്ടാകാമിത്. അല്ലെങ്കിൽ അയ്മേനികളുടെ ലോകത്തിൽതന്നെ വ്യക്തികളായിട്ടോ സംഘങ്ങളായിട്ടോ ചെയ്യാം. നിങ്ങൾക്ക് അന്യോന്യം ക്രിസ്തുവിനെ അനുകരിക്കുന്നതിൽ പ്രോത്സാഹിപ്പിക്കാം. അഥവാ, നിങ്ങളുടെ ജീവിതത്തെ ക്രിസ്തുവിനായിട്ടർപ്പിച്ച് അതിനെ വിശുദ്ധീകരിക്കണം. നിങ്ങൾക്ക് ലോക കാര്യങ്ങളെ ദൈവത്തിന്റെ അഭീഷ്ടത്തിനനുസൃതമായി നിയന്ത്രിക്കുകയും വിശുദ്ധിയാൽ മററുള്ളവരെ നയിക്കുകയും അങ്ങനെ ലോകത്തെ വിശുദ്ധികൊണ്ട് ഭരിക്കുകയും ചെയ്യാം. നിങ്ങൾ ആവശ്യമുള്ളിടത്ത് കത്തോലിക്കാമതത്തെപ്പററി പറയുകയും, അതു് നൽകുന്ന നല്ല വാർത്തയെ എല്ലാവർക്കും എത്തിച്ചുകൊടുക്കുകയും, അങ്ങനെ ദൈവത്തിന്റെ സത്യത്തെ അയ്മേനി ജീവിതത്തിലേക്ക് പകർത്തുകയും വേണം.

**For favours received**



**Inserted by**

Mrs. G. George,
Qr. No. 502 (N-3)
'C' Sector, Piplani P. O.
Bhopal, M. P.

**For favours received**



**Inserted by**

V. J. Jacob,
Valia veettil,
Thumpamon.

(44-ാംപേജിൻെറ തുടർച്ച)

ൻെറ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവൻെറ കൈവേലയെ കാണിക്കുന്നു'' (സങ്കീ 19; 1) ഇങ്ങനെ ദൈവസമ്പർക്കത്തിൽ ജീവിക്കുവാൻ നാം പരിശ്രമിക്കുക. ഈ പരിശ്രമം നിഷ്ഫലമാകയില്ല, നിശ്ചയം.

ആരാധനക്രമം സംബന്ധിച്ച് സൂനഹദോസ് അംഗീകരിച്ച പ്രലടന 12-ാം ആർട്ടിക്കിളിൽ നാം വായിക്കുന്നു: ആരാധനക്രമത്തിൽ ഉള്ള പങ്കെടുപ്പിൽ മാത്രം പരിമിതപ്പെട്ടതാവുന്ന ഒന്നല്ല. ആധ്യാത്മികജീവിതം. തൻെറ സഹോദരങ്ങളോട്ട ചേർന്ന് പ്രാർത്ഥിക്കുവാൻ ക്രിസ്ത്യാനി വിളിക്കപ്പെട്ടിരിക്കുന്നു. എന്നാൽ സ്വർഗ്ഗസ്ഥപിതാവിനോട്ട രഹസ്യത്തിൽ പ്രാർത്ഥിക്കുവാനും അവൻ തൻെറ മുറിയിൽ പ്രവേശിക്കയും വേണം. കൂടാതെ വി. അപ്പോസ്തലൻ പഠിപ്പിക്കുന്നതുപോലെ അവൻ അനുസ്യൂതം പ്രാർത്ഥിക്കയും വേണം. ഈശോയുടെ ജീവൻ നമ്മുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിന് അവിടുത്തെ മരണത്തെ നമ്മുടെ ശരീരത്തിൽ നാം എപ്പോഴും വഹിക്കണമെന്നും ഈ അപ്പസ്തോലനിൽ നിന്നും നാം പഠിക്കുന്നുണ്ട്. അതുകൊണ്ടാണ്, ''ഈ ആധ്യാത്മികബലിവസ്തുവാകുന്ന കാഴ്ച സ്വീകരിച്ചുകൊണ്ട്'' ഒരു ''സനാതനകാഴ്ച''യായി നമ്മെ രൂപാന്തരപ്പെടുത്തണമെന്ന് വിശുദ്ധ കുർബാനയിൽ കർത്താവിനോട്ട നാം അപേക്ഷിക്കുന്നത്''

ക്രിസ്തുനാഥൻെറ ചില പ്രാർത്ഥനകൾ നമ്മുടെ സവിശേഷമായ ശ്രദ്ധയർഹിക്കുന്നുണ്ട്. ആ പ്രാർത്ഥനകളിലെല്ലാം ഉടനീളം പ്രത്യക്ഷമാകുന്നത് ഒരേ മനോഭാവം തന്നെയാണെന്നുള്ളതാണ് അവയുടെ സവിശേഷത. ദൈവം പിതാവാണ്, പിതാവായ ദൈവത്തിൻെറ തിരുവിഷ്ടത്തിനു പൂർണ്ണമായി കീഴ്‌വഴങ്ങുന്നു, ദൈവത്തിനു മഹത്വം ഉണ്ടാകണം, ദൈവരാജ്യം ശക്തിപ്പെടണം ഈ കാര്യങ്ങളെല്ലാം ആ പ്രാർത്ഥനകളിൽ പ്രത്യേകം സ്പഷ്ടമാണ്.

ദിവ്യരക്ഷകൻ എഴുപത്തിരണ്ട ശിഷ്യന്മാരെ ഈരണ്ട പേരായി അവിടുന്നു പോകാനിരുന്ന സ്ഥലങ്ങളിലേക്കു മുൻകൂട്ടി അയച്ചു. അവരുടെ മിഷ്യൻ പ്രവർത്തനങ്ങൾ ഫലദായകങ്ങളായിരുന്നു. അവർ സസന്തോഷം ദിവ്യഗുരുവിൻെറ സന്നിധിയിൽ മടങ്ങിയെത്തി. പിശാചുക്കൾ കൂടിയും തങ്ങൾക്കു കീഴടങ്ങിയെന്ന സന്തോഷവാർത്ത അവർ കർത്താവിനെ അറിയിച്ചു. ''പരിശുദ്ധാത്മാവിൽ ആനന്ദിച്ച്''കൊണ്ട അവരുടെ മുൻപിൽ വച്ചുതന്നെ ക്രിസ്തുനാഥൻ ഇപ്രകാരം പ്രാർത്ഥിച്ചു: ''സ്വർഗ്ഗത്തിൻെറയും ഭൂമിയുടേയും കർത്താവായ എൻെറ പിതാവേ, നീ ഇവ ജ്ഞാനികളിലും വിവേകികളിലും നിന്നു മറച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിയതിനാൽ നിന്നെ ഞാൻ പുകഴ്ത്തുന്നു. അതേ, എൻെറ പിതാവേ, നിൻെറ സന്നിധിയിൽ ഇപ്രകാരമായിരുന്നു, തിരുവുള്ളം.'' (ലൂ 10; 21) ദിവ്യരക്ഷകൻെറ ഈ വാക്കുകൾ കേവലം ആത്മഗതമായി കരുതാവുന്നവയല്ല. പിതാവായ ദൈവത്തിനു സ്തുതിയും സ്തോത്രവും നൽകുന്നതിനോടൊപ്പം തന്നെ പിതാവായ ദൈവത്തോടുള്ള ബന്ധവും പിതാവിൻെറ അഭീഷ്ടം നിറവേറണമെന്നുള്ള ആഗ്രഹവും പ്രകടിപ്പിക്കുന്ന പ്രാർത്ഥനതന്നെയാണ് ഈ വാചകങ്ങൾ.

ലാസറിൻെറ കല്ലറയ്ക്കു സമീപം നിന്നുകൊണ്ട ദിവ്യരക്ഷകൻ നടത്തിയ പ്രാർത്ഥന വി. യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട്. ''പിതാവേ, നീ എൻെറ പ്രാർത്ഥന കേട്ടതുകൊണ്ട ഞാൻ നിന്നെ സ്തുതിക്കുന്നു. നീ എപ്പോഴും എൻെറ പ്രാർത്ഥന കേൾക്കുന്നു എന്നു ഞാൻ അറിയുന്നു എങ്കിലും നീ എന്നെ അയച്ചു എന്ന് ഇവിടെ നിൽക്കുന്ന ഈ ജനക്കൂട്ടം വിശ്വസിക്കേണ്ടതിന് അവർ നിമിത്തം ഇവ ഞാൻ പറയുന്നു'' (യോഹ. 11; 41, 42) സ്വർഗ്ഗത്തിലേക്കു കണ്ണുകളുയർത്തിയാണ് ക്രിസ്തുനാഥൻ പ്രാർത്ഥിച്ചത്. യഹൂദന്മാരുടെയിടയിൽ ഈ പതിവുണ്ടായിരുന്നു. യഹോവായുടെ ആസ്ഥാനത്തിലേക്കു നോക്കുകയായിരുന്നു അവർ. ഉന്നതത്തിൽനിന്നു യഹോവ ചെവി ചായിക്കുന്നു. (സങ്കീ. 85; 1) അഗാധത്തിൽ നിന്നു വിളിക്കുന്നവർക്കു യഹോവ ചെവി ചായിച്ചുകൊടുക്കുന്നു. (സങ്കീ 129; 2) ഉന്നതത്തിലാണ് യഹോവാ ഇരിക്കുന്നത്. (സങ്കീ 112; 5)

വി. യോഹന്നാൻെറ സുവിശേഷം പതിനേഴാം അധ്യായം മുഴുവനും വി. കുർബാനയുടെ സ്ഥാപനത്തിനു ശേഷം ക്രിസ്തുനാഥൻ ചെയ്ത ഹൃദയസ്പൃക്കായ പ്രാർത്ഥന രേഖപ്പെടുത്തിയിരിക്കയാണ്. സുദീർഘമാകയാൽ അത് ഇവിടെ ഉദ്ധരിക്കുന്നില്ല. ഇതു വായിക്കുന്നവർ ആ അധ്യായം മനസ്സിരുത്തി

ധ്യാനപൂർവ്വം ഒന്നു വായിക്കണമെന്നു മാത്രം അഭ്യർത്ഥിക്കുന്നു. ഈ സുദീർഘപ്രാർത്ഥനയിൽ, ഒന്നു മുതൽ ആറുവരെയുള്ള വാക്യങ്ങളിൽ ഈശോ തനിക്കുവേണ്ടി തന്നെ പ്രാർത്ഥിക്കുന്നു തന്നെ മഹത്വപ്പെടുത്തണമെന്നാണ് ആ പ്രാർത്ഥനയുടെ സാരം. ആറു മുതൽ ഇരുപതുവരെയുള്ള വാക്യങ്ങളിൽ അവിടുന്നു തൻെറ ശിഷ്യന്മാർക്കു വേണ്ടി പ്രാർത്ഥിക്കുന്നു. പിതാവുമായുള്ള ഐക്യത്തിലും പരസ്പരമുള്ള ഐക്യത്തിലും അവരെ കാത്തുകൊള്ളണമെന്നാണ് ആ പ്രാർത്ഥന. ഇരുപത്തിയൊന്നുമുതൽ ഇരുപത്തിയാറുവരെയുള്ള വാക്യങ്ങൾ ശ്ലീഹന്മാർ മുഖാന്തരം സുവിശേഷം സ്വീകരിക്കുന്നവർ ദൈവത്തിൽ ഏക കുടുംബമായിത്തീരുവാൻ വേണ്ടിയുള്ള പ്രാർത്ഥനയാണ്.

മഹാപുരോഹിതനടുത്ത പ്രാർത്ഥനയെന്നാണ് ഈ സുദീർഘപ്രാർത്ഥനയ്ക്കു വേദപുസ്തക പണ്ഡിതന്മാർ നൽകിയിരിക്കുന്ന നാമം. ഈ പ്രാർത്ഥനയിലെ ഇരുപത്തിയൊന്നാം വാക്യം നാം നമ്മുടെ ഭക്തിപൂർവ്വകമായ ധ്യാനത്തിനു വിഷയമാകേണ്ട ഒന്നുതന്നെയാണ്. "നീ എന്നെ അയച്ചിരിക്കുന്നു. എന്നു ലോകം വിശ്വസിക്കുവാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന് എൻെറ പിതാവേ, നീ എന്നിലും ഞാൻ നിന്നിലും എന്നപോലെ അവരും നമ്മിൽ ഒന്നാകേണ്ടതിനുതന്നെ". (യോഹ 17; 21) ക്രിസ്തുവിൽ വിശ്വസിക്കുന്നവർ എല്ലാവരും വിശ്വാസത്തിലും സ്നേഹത്തിലും ഐക്യതയുള്ളവരായിരിക്കണം. ആ ഐക്യമാകട്ടെ പിതാവായ ദൈവത്തിനും ക്രിസ്തുനാഥനും തമ്മിലുള്ള ഐക്യം പോലെയായിരിക്കണം. വിശ്വാസികളുടെ ഈ ഐക്യം ലോകം ക്രിസ്തുവിൽ വിശ്വസിക്കുന്നതിനിടയാകും ക്രിസ്തുവിൽ വിശ്വസിക്കുന്ന വിവിധ ക്രൈസ്തവവിഭാഗങ്ങൾ ഐക്യപ്പെടണം. ക്രിസ്തുവിൻെറ സഭയിലെ വിശ്വാസികൾ തമ്മിലുള്ള ഐക്യം കൂടുതൽ ദൃഢമാകണം. ഇരുപത്തിയാറാം വാക്യം നോക്കുക. "നിനക്കു എന്നിലുണ്ടായ സ്നേഹം അവരിൽ ഉണ്ടാകുവാനും, ഞാൻ അവരിൽ ഇരിക്കുവാനും വേണ്ടി നിൻെറ നാമം ഞാൻ അവരെ അറിയിച്ചിരിക്കുന്നു, അറിയിക്കുകയും ചെയ്യും" (യോഹ. 17; 26) ഈ വാക്യത്തിൻെറ ഗഹനത ഗ്രഹിച്ച വി. അഗസ്തീനോസ് ചോദിക്കുന്നു. "അങ്ങയിൽ നാം സ്നേഹിക്കപ്പെടുന്നു; ക്രിസ്തു മുഴുവനും, ശിരസ്സും ശരീരവും, പിതാവിനാൽ സ്നേഹിക്കപ്പെടുന്നു എന്ന കാരണത്താലല്ലാതെ പിതാവു് തൻെറ പുത്രനെ സ്നേഹിച്ച ആ സ്നേഹം നമ്മിലും ആയിരിക്കുന്നതെങ്ങനെ?"

(Tract III)

## ഗത്സമേനിയിലെ പ്രാർത്ഥന.

ഗത്സമേൻ തോട്ടത്തിൽവച്ചു് നമ്മുടെ കർത്താവു് നടത്തിയ പ്രാർത്ഥന നമ്മുടെ ധ്യാനത്തിനു വിഷയീഭവിക്കേണ്ടതാണ്. ക്രിസ്തുനാഥൻ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാണ്. ദൈവമെന്നുള്ള നിലയിൽ ലോകത്തിലുണ്ടായിട്ടുള്ളതും ഉണ്ടാകാനിരിക്കുന്നതുമായ സകല പാപങ്ങളും അവയുടെ ഭീകരരൂപത്തിൽ അങ്ങു ദർശിച്ചു. നിത്യ പിതാവു് തൻെറ മേൽ ചുമത്തുന്ന പരിഹാരം അങ്ങു ദർശിച്ചു. താൻ അനുഭവിക്കേണ്ട സകല യാതനകളും അങ്ങു ദർശിച്ചു. മനുഷ്യനെന്നുള്ള നിലയിൽ ആ കാഴ്ചകൾ അങ്ങയെ ഭയചകിതനാക്കി. അങ്ങു പ്രാർത്ഥിച്ചു: "എൻെറ പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നകന്നുപോകട്ടെ. എന്നാൽ, എൻെറ ഇഷ്ടം പോലെയല്ലാ, അങ്ങേ ഇഷ്ടം പോലെയാകട്ടെ" (മത്താ 26; 39) "എൻെറ പിതാവേ, ഈ പാനപാത്രം എന്നിൽനിന്നകന്നുപോകാതെ ഞാനതു പാനം ചെയ്യണമെന്നാണെങ്കിൽ അങ്ങേ തിരുവുള്ളം നിറവേറട്ടെ" (മത്താ 26; 42) "ആബോ, പിതാവേ, അങ്ങേയ്ക്കു എല്ലാം കഴിയുമല്ലോ. ഈ പാനപാത്രം എന്നിൽനിന്നു മാററികളയണമെ. എന്നാൽ, എൻെറ ഇഷ്ടം പോലെയല്ലാ, അങ്ങേ ഇഷ്ടം പോലെമാത്രം ആയിരിക്കട്ടെ" (മർ. 14; 36) "പിതാവേ, അങ്ങേയ്ക്കിഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നകററണമെ. എന്നാൽ, എൻെറ ഇഷ്ടം പോലെയല്ല, അങ്ങേ ഇഷ്ടംപോലെയാകട്ടെ" (ലൂ 22; 42)

മനുഷ്യനെന്നുള്ള നിലയിൽ ക്രിസ്തുനാഥന് പീഢാസഹനവും കുരിശുമരണവും ഭീതിജനകമായിരുന്നു. പക്ഷേ, പിതാവിൻെറ ഇഷ്ടത്തിനു അവിടുന്നു സ്വയം സമർപ്പിച്ചു. പാനപാത്രം കടന്നുപോയില്ലെങ്കിലും പ്രാർത്ഥനാഫലമായി അവിടത്തേക്കു ശക്തിയും മനഃശാന്തിയും ലഭിച്ചു. പിതാവിനോടുള്ള പുത്രസഹജമായ സ്നേഹവും വിധേയത്വവും പിതാവിൻെറ അഭീഷ്ടം നിറവേററണമെന്നു

ള്ള അങ്ങയുടെ ആഗ്രഹവും ഈ പ്രാർത്ഥന വ്യക്തമാക്കുന്നുണ്ട്.

## കുരിശിലെ പ്രാർത്ഥന.

''എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്തുകൊണ്ടു എന്നെ ഉപേക്ഷിച്ചു'' (മത്താ 27; 46) ഈ വാക്കുകൾ നിരാശയിൽ നിന്നുളവായതല്ല. പിതാവിന്റെ അഭീഷ്ടത്തിനു അങ്ങു കീഴ്‌വഴങ്ങിയതാണ്. അവാച്യമായ പീഢാസഹനം വെളിപ്പെടുത്തുക മാത്രമാണ് ക്രിസ്തുനാഥൻ ചെയ്തതു്. ''എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്തുകൊണ്ടു എന്നെ ഉപേക്ഷിച്ചു'' എന്ന വാക്കുകൾ കൊണ്ടാണു 21-ാം സങ്കീർത്തനം ആരംഭിക്കുന്നതു്. ആ സങ്കീർത്തനം അവസാനിക്കുന്നതാകട്ടെ യഹോവയിലുള്ള വലിയ ശരണം പ്രഖ്യാപിച്ചുകൊണ്ടുമാണ്. ആ സങ്കീർത്തനവാക്യമാണ് ക്രിസ്തുനാഥൻ ഉപയോഗിച്ചതു്. ''പിതാവേ, ഇവർ ചെയ്യുന്നതു് എന്തെന്നു് ഇവർ അറിയാത്തതുകൊണ്ടു് ഇവരോടു ക്ഷമിക്കണമെ'' (ലൂ 23. 34) കുരിശിന്മേൽ കിടന്നുകൊണ്ടു തന്നെ പീഢിപ്പിച്ചവർക്കും വധിക്കുന്നവർക്കും വേണ്ടി ക്രിസ്തുനാഥൻ ചെയ്ത ഈ പ്രാർത്ഥന ക്രിസ്ത്യാനികളെന്നഭിമാനിക്കുന്ന നമ്മുടെ ജീവിതത്തെ സ്വാധീനിച്ചിട്ടുണ്ടോ? ശത്രുക്കളോടു ഹൃദയത്തിൽനിന്നും ക്ഷമിക്കുക വീരോചിതമായ ഒരു കൃത്യമാണ്. ''ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമെ'' എന്നാണു ക്രിസ്തുനാഥൻ നമ്മെ പഠിപ്പിച്ചിരിക്കുന്നതു്. വ്യക്തികളിലും കുടുംബങ്ങളിലും സമുദായങ്ങളിലുമെല്ലാം ഈ തത്വം ഒരുപോലെ സാർത്ഥകമാണ്. ഈ ക്ഷമയില്ലാതെ ആരാധനയിൽ നാം പങ്കുകൊണ്ടാൽ എന്തു ഫലം? ഈ ക്ഷമയില്ലാതെ ദൈവത്തിനു വഴിപാടു് അർപ്പിച്ചാൽ എന്തു പ്രയോജനം? ''ആകയാൽ നീ യാഗപീഠത്തിങ്കൽ നിന്റെ വഴിപാടു കൊണ്ടുവരികയും നിന്റെ സഹോദരൻ നിന്നോടു എന്തെങ്കിലും വിരോധം വച്ചുകൊണ്ടിരിക്കുന്നെന്നു് അവിടെവച്ചു് നീ ഓക്കുകയും ചെയ്താൽ, നിന്റെ പഴിപാടു് അവിടെ ബലിപീഠത്തിന്മേൽ വച്ചുകൊണ്ടു്, നീ ചെന്നു് ഒന്നാമതായി സഹോദരനോടു രമ്യപ്പെടുക. പിന്നെ വന്നു് നിന്റെ വഴിപാടു് അർപ്പിക്കുക.'' (മത്താ 5; 23, 24) ''പിതാവേ, അങ്ങേ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ ഭരമേല്പിക്കുന്നു'' (ലൂ 23; 46) ക്രിസ്തുനാഥന്റെ ഐഹികജീവിതത്തിന്റെ പരിസമാപ്തിവേളയിലുള്ള ഈ പ്രാർത്ഥന നമ്മുടെ ജീവിതാന്ത്യത്തിൽ നമുക്കും ഹൃദയത്തിൽനിന്നു ചൊല്ലുവാൻ ഇടയാകട്ടെ.

ദിവ്യരക്ഷകൻ അവിടുത്തെ ശിഷ്യന്മാരൊന്നിച്ചു പ്രാർത്ഥിച്ചുവെന്നു് പ്രത്യക്ഷമായി പറയുന്ന വേദപുസ്തകവാക്യങ്ങളില്ല. പക്ഷേ, തീർച്ചയായും അങ്ങു പ്രാർത്ഥിച്ചിരിക്കണം. ദൈവരാജ്യത്തിന്റെ സ്ഥാപനത്തിനും പ്രചരണത്തിനും വേണ്ടി അവരെ ജീവിതമാതൃക വഴിയും പ്രബോധനങ്ങൾ വഴിയും ഒരുക്കിയിരുന്ന ക്രിസ്തുനാഥൻ അവരൊന്നിച്ചു പ്രാർത്ഥിച്ചിരിക്കണം. യഹൂദാചാരപ്രകാരമുള്ള പെസഹാ ദിവ്യഗുരുവും ശ്ലീഹന്മാരും ആചരിച്ചിരുന്നു. അവസാനത്തെ പെസഹാവേളയിൽ അങ്ങു വി. കുർബാന സ്ഥാപിക്കയും ചെയ്തു. ''അനന്തരം അവിടുന്നു സ്തോത്രഗാനം ആലപിച്ചതിനു ശേഷം ഒലിവേത്തു മലയിലേക്കു പോയി'' എന്നു വി. മത്തായിയും വി. മർക്കോസും രേഖപ്പെടുത്തിയിട്ടുണ്ട്. പെസഹാഭക്ഷണത്തിന്റെ അന്ത്യത്തിൽ യഹൂദന്മാർ ചൊല്ലുമായിരുന്ന 114 മുതൽ 117 വരെയുള്ള സങ്കീർത്തനങ്ങളായിരിക്കണം സുവിശേഷകന്മാർ ഉദ്ദേശിച്ചതു്.

പൊതുപ്രാർത്ഥനയെക്കുറിച്ചു് നമ്മുടെ കർത്താവു് അരുളിച്ചെയ്തിട്ടുള്ളതു കാണുക. ''വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു, തങ്ങൾ പ്രാർത്ഥിക്കുന്ന ഏതു കാര്യത്തെക്കുറിച്ചും നിങ്ങളിൽ രണ്ടുപേർ ഭൂമിയിൽ യോജിച്ചിരുന്നാൽ സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിൽനിന്നു് അതവർക്കു ലഭിക്കും. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടിയിരിക്കുമോ, അവരുടെ മദ്ധ്യേ ഞാനുമുണ്ടു്.'' (മത്താ: 18; 19) ഈ വാക്കുകളുടെ അർത്ഥം നാം ശരിക്കു ഗ്രഹിക്കേണ്ടതുണ്ടു്. നമ്മുടെ കർത്താവു പ്രസ്താവിക്കുന്ന യോജിപ്പ് ആന്തരികമായതാണ്. അതു ബാഹ്യമായിരിക്കണമെന്നു നിർബന്ധമില്ല. ബാഹ്യമായ ഒന്നിച്ചുകൂടൽ ആന്തരികമായ ഐക്യത്തോടുകൂടിയായിരിക്കണം, ആന്തരികമായ ഐക്യത്തിന്റെ അടയാളമായിരിക്കണം, ക്രിസ്തുവിലുള്ള അവരുടെ ഐക്യമായിരിക്കണം പരസ്പരമുള്ള ഐക്യത്തിന്റെയും ഒന്നി

ച്ചുകൂടലിന്റെയും പ്രേരകശക്തി അപ്പോൾ കർത്താവ് അവരുടെ മദ്ധ്യേ സന്നിഹിതനാണ്. അങ്ങയിൽ യോജിച്ചുകൊണ്ടുള്ള അവരുടെ പ്രാർത്ഥന പിതാവായ ദൈവം ചെവിക്കൊള്ളും. ആദിമ ക്രിസ്ത്യാനികൾക്ക ഈ പ്രബോധനം സുവിദിതമായിരുന്നു. "നമ്മുടെ കർത്താവായ ഈശോമിശിഹായുടെ നാമത്തിൽ നിങ്ങളേവരും ഒരുമിച്ചുകൂട്ടുക" യെന്ന് വി പൗലോസ് പ്രസ്താവിക്കുന്നുണ്ട്. (1 കോറി 5; 4)

വി. യോഹന്നാന്റെ സുവിശേഷം പതിനഞ്ചും പതിനാറും അധ്യായങ്ങൾ ഒന്നു മനസ്സിരുത്തി വായിച്ചുനോക്കുക. പിതാവായ ദൈവത്തോടുള്ള ഐക്യവും സ്നേഹവും— ഇവയെല്ലാം ദിവ്യഗുരു ഹൃദയസ്പർശിയായ രീതിയിൽ ചർച്ച ചെയ്തിട്ടുള്ളത് നാം പഠിക്കുകതന്നെവേണം. അവിടുന്നു പ്രസ്താവിക്കുന്ന ഈ ഐക്യമാണ് അവിടുത്തെ രാജ്യത്തിന്റെ മൗലിക നിയമങ്ങൾ. ഈ നിയമങ്ങൾ പാലിച്ചുകൊണ്ടുവേണം ദൈവരാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഓരോ വ്യക്തിയും പരിശ്രമിക്കേണ്ടതു്. ഈ നിയമങ്ങൾ ആരാധനയ്ക്കും ബാധകങ്ങളാണ്.

പൊതുവായ പ്രാർത്ഥനയ്ക്കു ദിവ്യരക്ഷകൻ കൊടുത്തിട്ടുള്ള പ്രാധാന്യം ഗ്രഹിക്കുന്നതിനു "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർത്ഥന അവിടുന്നു ശ്ലീഹന്മാരെ പഠിപ്പിച്ച സന്ദർഭവും കാര്യവും ഓർത്താൽ മതി. സ്നാപകയോഹന്നാൻ ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചതുപോലെ തങ്ങളെയും പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണമെന്നു ഒരു ശ്ലീഹാ അങ്ങയോടപേക്ഷിച്ചപ്പോഴാണ് പ്രസ്തുത പ്രാർത്ഥന അങ്ങു പഠിപ്പിച്ചതു്. ഈശോയുടെ എല്ലാ പ്രാർത്ഥനകൾക്കുമുള്ള പൊതു സവിശേഷതകൾ ഈ പ്രാർത്ഥനയ്ക്കുമുണ്ട്.

യഹൂദജനതയ്ക്ക് യഹോവായെക്കുറിച്ചുണ്ടായിരുന്ന ധാരണ ശക്തിമാനും പ്രതാപവാനുമായ ഒരു രാജാവിനെക്കുറിച്ചും അടിമയോടു നിർദ്ദാക്ഷിണ്യമായി പെരുമാറുന്ന ഒരു യജമാനനെക്കുറിച്ചും ഉള്ള ധാരണയായിരുന്നു. പക്ഷേ, ദിവ്യരക്ഷകൻ ആ ധാരണ തിരുത്തി ദൈവം പിതാവാണ്, സ്നേഹമേറിയ പിതാവാണ്, മക്കളുടെ ആധ്യാത്മികവും ലൗകികവുമായ കാര്യങ്ങളിൽ താല്പര്യമുള്ള ഹൃദയാലുവായ പിതാവാണ്. ഈ ആശയമാണ് "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ," എന്ന പ്രാർത്ഥനയിൽ നാം കാണുന്നതു്. "ഞങ്ങളുടെ പിതാവേ" എന്ന സംബോധന മക്കളുടെ ഐക്യം കാണിക്കുന്നു. പിതാവായ ദൈവത്തെക്കുറിച്ചുള്ള പ്രഖ്യാപനം ദൈവകല്പനകൾ പാലിക്കുവാനുള്ള സന്നദ്ധതയുടെ പ്രഖ്യാപനം കൂടിയാണ്. ദൈവത്തിന്റെ പിതൃത്വം, ദൈവരാജ്യസ്ഥാപനം, ദൈവതിരുമനസ്സിന്റെ നിറവേറൽ—ഇവയാണ് ഈ പ്രാർത്ഥനയുടെ ആദ്യഭാഗത്തിലുള്ളതു്. ഇവ മൂന്നും നമ്മുടെ കർത്താവിന്റെ മുൻ പ്രാർത്ഥനകളിലെല്ലാം കാണാം. രണ്ടാമത്തെ ഭാഗമാകട്ടെ, നമ്മുടെ ആവശ്യങ്ങളെക്കുറിച്ചുള്ള അപേക്ഷയാണ്. ഐഹിക ജീവിതം ഉത്തമമായി നയിക്കുന്നതിനാവശ്യമായ കാര്യങ്ങൾ നാം അപേക്ഷിക്കുന്നു.

ഈ പ്രാർത്ഥനയുടെ ലാളിത്യം, ലഘുത്വം, സുഗ്രാഹ്യത— ഇവ നമ്മുടെ സവിശേഷമായ ശ്രദ്ധ അർഹിക്കുന്നുണ്ട്. ധാരാളം ഭാഷ്യങ്ങൾക്കു ഈ പ്രാർത്ഥന വിധേയമായിട്ടുണ്ട്. സാമ്രാജ്ഞിക നിയമങ്ങളുടെയും സുവിശേഷങ്ങളുടേയും ഒരു സംഗ്രഹമാണ് (Breviarium to tins evangelie) തെർത്തുല്യൻ ഈ പ്രാർത്ഥനയിൽ കാണുന്നതു്. (De orat, ciand l0) വി. അഗസ്തീനോസ്, ഈ പ്രാർത്ഥനയിൽ വിശ്വാസം; ശരണം, ഉപവി—എന്നീ മൗലികസത്ഗുണങ്ങളും എട്ടു സൗഭാഗ്യങ്ങളും യോഗ്യമായി വി. കുർബാന സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകളും അതുമൂലമുളവാകുന്ന ഫലങ്ങളും കാണുന്നുണ്ട്. വി. ബൊനവെന്തുരായാകട്ടെ ഈ പ്രാർത്ഥനയിലെ ആദ്യത്തെ മൂന്നപേക്ഷകൾ ദൈവികപുണ്യങ്ങളോടും ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുന്നു.

## നമ്മുടെ കാര്യം?

ദിവ്യരക്ഷകന്റെ പ്രാർത്ഥനാജീവിതവും പ്രാർത്ഥനകളും ഉപരിപ്ലവമായിട്ടെങ്കിലും നാം ചർച്ച ചെയ്തുകഴിഞ്ഞു. നമ്മുടെ പ്രാർത്ഥനാജീവിതവും പ്രാർത്ഥനകളും എപ്രകാരമാണ്? ദൈവത്തോടു പുത്രസഹജമായ മനോഭാവം നമുക്കുണ്ടോ? ഉണ്ടെങ്കിൽ നമ്മുടെ ജീവിതത്തിൽ ഈ മനോഭാവത്തിനുള്ള പ്രായോഗികസ്ഥാനം എന്താണ്? സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളാണു നാമെല്ലാവരുമെന്നുള്ള വിചാരം പരസ്പരം സ്നേഹവും

# അസുഖം നിമിത്തം കിടപ്പിലാകുമ്പോൾ

(ഫാ. ഓസ്‌വാൾഡ്)

ഏതെങ്കിലും സുഖക്കേടുനിമിത്തം പതിവുള്ള ജോലികളിൽ നിന്ന് വിരമിച്ച്, ദീനശയ്യയിൽ ചികിത്സയ്ക്കും വിശ്രമത്തിനുമായി ഏതാനും ദിവസങ്ങൾ ചിലവഴിക്കുവാൻ ആർക്കാണ് ഇടയായിട്ടില്ലാത്തത്? ഒരാൾ രോഗബാധിതനായികിടക്കയെ അഭയംപ്രാപിച്ചിരിക്കുന്ന കാലഘട്ടം വളരെ നിർണ്ണായകമായ ഒന്നാണ്.

ഇന്നലെവരെ ആരോഗ്യത്തിൻെറയും, പ്രസരിപ്പിൻെറയും, ഉന്മേഷത്തിൻെറയും ഒരു പ്രതിരൂപമെന്നോണം കർമ്മനിരതനായി നാലുപാടും ചിതറി നടന്നിരുന്നു; ഇന്നിതാ നിങ്ങൾ രോഗബാധിതനായി. നിസ്സഹായനായി കാലും നീട്ടി മലർന്നുകിടക്കുന്ന നിങ്ങൾ വേദനയുടെയും സഹനത്തിൻെറയും ലോകത്തിലെ ഒരു പൗരനായി തീർന്നിരിക്കുന്നു. ഇപ്പോൾ നിങ്ങളുടെ പ്രതികരണമെന്താണ്? അനുദിനജീവിതത്തിൻെറ താളം തെററിക്കുകയും കർമ്മപരിപാടികൾക്കു വിഘ്നമുണ്ടാക്കുകയും ചെയ്ത "ദുർവിധി"യെ പഴിക്കുവാനും നിങ്ങളെത്തന്നെ ശപിക്കുവാനുമായിരിക്കും തോന്നുക അല്ലേ?

ആരോഗ്യദൃഢഗാത്രരായി അങ്ങുമിങ്ങും നടക്കുന്നവരെ കാണുമ്പോൾ, അവരുടെ ഭാഗ്യത്തിൽ അല്പമൊരു അസൂയയും, നിങ്ങളുടെ നിർഭാഗ്യത്തിൽ അതിരററ വിഷാദവും തോന്നിയിട്ടുണ്ടാവും എന്നാൽ അല്പമൊന്നു ആലോചിച്ചു നോക്കിയാൽ, രോഗാവസ്ഥയിൽനിന്ന് മാറവസരങ്ങളിൽ അപ്രാപ്യമായ നേട്ടങ്ങൾ നമ്മുടെ ജീവിതത്തിനു കൈവരുത്താമെന്നു കാണാം. നേട്ടങ്ങൾ എന്നു പറയുമ്പോൾ, പൂർവ്വപിതാവായ ജോബിനെപ്പോലെ സഹിച്ച് പുണ്യസമ്പത്തു വർദ്ധിപ്പിക്കാം എന്ന പരിമിതമായ വീക്ഷണമല്ല ഉണ്ടായിരിക്കേണ്ടത്. അതിവിശിഷ്ടമായ ചില ആന്തരിക ശക്തികൾ രോഗാവസ്ഥയിലേ വികസ്വരമായി വെളിയിൽ വരികയുള്ളുവെന്നു പറയാം. ഇതു ഗ്രഹിച്ചാൽ അസുഖവും വേദനയും അനുഭവിച്ചിട്ടില്ലാത്തവരോട്

---

ഐക്യവും പരിപാലിക്കാൻ നമുക്കു പ്രചോദകമാകണം. ഈ ഐക്യവും സ്നേഹവും ക്രിസ്തുനാഥൻെറ പ്രാർത്ഥനയ്ക്കു വിഷയീഭവിച്ചതാണെന്ന് നാം കണ്ടതാണ്. ക്രിസ്തുവിൻെറ സഭയിലെ അംഗങ്ങളാണെന്ന് അഭിമാനിക്കുന്ന നാം ഐക്യവും സ്നേഹവും കൂടാതെ പ്രാർത്ഥിച്ചാൽ എന്തു ഫലമാണുണ്ടാകുക?

ആരാധനയെ സംബന്ധിച്ചു സൂനഹദോസ് പാസാക്കിയ ഘടനയുടെ പതിനൊന്നാം ആർട്ടിക്കിളിൽ നാം വായിക്കുന്നു: "ആരാധനക്രമം പൂർണ്ണഫലങ്ങൾ നൽകണമെങ്കിൽ വിശ്വാസികൾ ഉചിതമായ മനോഭാവങ്ങളോടെ വരുകയും മനപ്പൂർവ്വം കൂടാതെ അതിൽ സംബന്ധിക്കുകയും ലഭിക്കുന്ന കൃപനിഷ്ഫലമാകാതിരിക്കാൻ ദൈവികകൃപയോടു സഹകരിക്കുകയും ആവശ്യമാണ്."

കൂടെക്കൂടെ ആരാധനയിൽ പങ്കു കൊള്ളുന്നവരായ നമുക്ക്, എന്തേ, ജീവിതത്തിൽ യഥാർത്ഥ പരിവർത്തനം സംഭവിക്കാത്തത്? ആവശ്യമായ മനോഭാവങ്ങളുടെ അഭാവവും ജീവിതവും ആരാധനയുമായി ഉണ്ടായിരിക്കേണ്ട അഭേദ്യമായ ബന്ധമില്ലായ്മയുമാണ് അതിനു കാരണം.

മലങ്കരസുറിയാനികത്തോലിക്കരായ നമ്മുടെ വലിയ നോമ്പിലെ ഏഴരയുടെ പ്രാർത്ഥനയിൽനിന്നു ഒരു ഭാഗം ഉദ്ധരിച്ചുകൊള്ളട്ടെ. "എന്നാൽ ഭക്ഷണത്തിൽ നിന്നു് ഉപവസിക്കുന്നവനും വൈരാഗ്യവും പൈശുന്യവും നിറഞ്ഞിരിക്കുന്നവനും ഉണ്ട്; മദ്യപാനത്തിൽ നിന്നു് ഒഴികയും രഹസ്യത്തിൽ തൻെറ സഹോദരനെ കൊല്ലുകയും ചെയ്യുന്നവനും ഉണ്ട്." ഹൃദയശുദ്ധി പാലിക്കുക. ഹൃദയശുദ്ധിയോടുകൂടി പ്രാർത്ഥിക്കുക, ആരാധനയിൽ പങ്കെടുക്കുക. (തുടരും)

അസൂയയ്ക്കു പകരം അനുകമ്പയാണ് നമുക്കു തോന്നുക.

മുൻപൊരിയ്ക്കലും രോഗബാധിതനാകാത്ത ഒരാൾ അസുഖം നിമിത്തം ആദ്യമായി കിടപ്പിലാകുമ്പോൾ അതു വലിയ ഒരു "മെനക്കേടാ"യി തോന്നാതിരിക്കുകയില്ല. അതിൽനിന്നുള്ള നേട്ടങ്ങൾ എളുപ്പം അയാളുടെ ശ്രദ്ധയിൽ പെട്ടെന്നു വരികയില്ല. എന്നാൽ അമേരിക്കയിലെ എഡ്‌വേർഡ് ലിങ്ങ്സ്റ്റൻ എന്ന ഒരു യുവഡോക്ടർ ക്ഷയരോഗം പിടിപെട്ട് വിദൂരമായ ഒരു മലഞ്ചെരുവിലെ ഏകാന്തതയിൽ ദീർഘനാൾ വിശ്രമിക്കുവാൻ നിർബന്ധിതനായപ്പോൾ, അദ്ദേഹത്തിന് ഒരു മുഷിച്ചിലും തോന്നിയില്ല. തന്നെപ്പോലെയുള്ള ടി. ബി. രോഗികൾക്കു താമസത്തിനും ചികിത്സക്കും എല്ലാ ആധുനിക സൗകര്യങ്ങളുമുള്ള ഒരു ഹോസ്പിറ്റലിന്റെ നിർമ്മാണമായിരുന്നു അദ്ദേഹത്തിന്റെ ചിന്താവിഷയം. ന്യൂയോക്കിലെ സാരനക്കി (Saranac)ലുള്ള പ്രസിദ്ധമായ സാനിട്ടോറിയം ഡോ. ലിവിങ്ങ്സ്റ്റന്റെ അന്നത്തെ സ്വപ്നം സഫലീകരിച്ചതാണ്.

ദേഹാസ്വാസ്ഥ്യംനിമിത്തം ബാഹ്യപ്രവർത്തനങ്ങളിൽനിന്നു വിരമിക്കുമ്പോൾ നാം കൂടുതൽ അന്തർമുഖരായിത്തീരുന്നു. അതുവരെ അവഗണിക്കപ്പെട്ടിരുന്ന ആന്തരികശക്തികൾ നമ്മുടെ ജീവിതത്തിനു നവമായ ഒരു ആഴം കൈവരുകയും ചെയ്യും. രോഗാവസ്ഥയിൽ ആദ്ധ്യാത്മികവും മാനസികവുമായ നമ്മുടെ ദർശനശക്തി വർദ്ധിക്കുകയും, പുതിയ കാഴ്ചപ്പാടുകൾവഴി നമ്മുടെ ജീവിതത്തിനു ഒരു പുതിയ പരിണാമംതന്നെ കൈവരുകയും ചെയ്യുന്നു.

അരോഗാവസ്ഥയിൽ നൂറുകൂട്ടം ജോലികളും, ഉത്തരവാദിത്വങ്ങളും വ്യഗ്രതകളും നിമിത്തം ഒരാളുടെ ജീവിതം കൊടുമ്പിരികൊള്ളുന്നുവെങ്കിൽ അയാൾക്ക് അസുഖംനിമിത്തമുണ്ടാകുന്ന നിർബന്ധിത വിശ്രമം വലിയ ഒരു ആശ്വാസമായിരിക്കും. ബസ്സിന്റെ സമയം തെറ്റുമോയെന്നു ബദ്ധപ്പെട്ട് മഴയത്തു നടക്കേണ്ട, ഓഫീസിൽ പോകേണ്ട, കണക്ക് എഴുതേണ്ട, പാഠം തയ്യാറാക്കേണ്ട—ഒന്നും വേണ്ട; മരുന്നും കുടിച്ചുകൊണ്ട് അവിടെ കിടന്നാൽ മതിയാകും. ബന്ധപ്പാടും വ്യഗ്രതയും കൂടാതെ സ്വാതന്ത്ര്യമായി ശ്വസിക്കുമ്പോൾ മനസ്സിനും ഭാവനയ്ക്കും ലഭ്യമാകുന്ന അയവും ഉന്മേഷവും ഒന്നു വേറെതന്നെ.

രോഗശയ്യയിൽ ദീർഘനേരം നീണ്ടുനിവർന്നു കിടക്കുമ്പോൾ നാം ഭാവനയെ നിർബാധം സഞ്ചരിക്കുന്നതിനായി കയറൂരിവിടുന്നു. സ്വൈരമായി പറന്നുയരുന്ന ഭാവന അനേകം മോഹനസ്വപ്നങ്ങൾ കോർത്തുകൂട്ടുക സ്വാഭാവികമാണ്. അവയെല്ലാം പ്രായോഗികമല്ലെങ്കിൽത്തന്നെയും, വളരെ പ്രയോജനകരമായ പല കർമ്മപരിപാടികളും അവയിൽ കണ്ടെത്തിയെന്നുവരും. ഇതുപോലെയുള്ള സന്ദർഭങ്ങളിലാണ് ദീർഘനാളായി നമ്മുടെ മനസ്സിനെ അലട്ടിയിരുന്ന കുഴഞ്ഞ പ്രശ്നങ്ങൾക്കു നാം സമാധാനം കണ്ടെത്തുന്നതു്. അതുവരെ അടഞ്ഞും കാണാതെയുംകിടന്ന ചാലുകളിൽക്കൂടെ ചിന്താശക്തി സർഗ്ഗാത്മകമായി പ്രവഹിക്കുന്നതുകൊണ്ട് ഒരു പുതിയ ഉന്മേഷത്തോടും വിവേകത്തോടുംകൂടെ രോഗശാന്തിക്കു ശേഷമുള്ള ജീവിതത്തെ അഭിമുഖീകരിക്കുന്നതിനു സാധിക്കും.

ലോകത്തിന്റെ ഗതിയെത്തന്നെ സാരമായി ബാധിച്ചിട്ടുള്ള പല വൻ പദ്ധതികളും ആശയങ്ങളും രൂപംകൊണ്ടിട്ടുള്ളതു് രോഗക്കിടക്കയിൽ വച്ചാണ്. ഒരു പ്രസിദ്ധ യോദ്ധാവാകുന്നതിനു വേണ്ടി കുതിരപ്പുറത്തു കയറി പടക്കളത്തിലേക്കു തിരിച്ച യുവാവായ ഫ്രാൻസിസ് അസ്സീസിയെ അവിചാരിതമായി ഒരു രോഗം തടഞ്ഞു ഒരു വഴിയമ്പലത്തിൽ കൊണ്ടുപോയി കിടത്തിയതു് എത്ര വലിയ ഒരു അനുഗ്രഹമായിരുന്നില്ല! അവിടെവച്ചല്ലേ യജമാനനായ ദൈവത്തെ നിർവ്യാജമായി സേവിക്കുന്നതിനുള്ള അഭിനിവേശം അദ്ദേഹത്തിനുണ്ടായതു്. എത്ര ദൂരവ്യാപകമായ ഫലങ്ങളാണ് ആ രോഗത്തിൽ നിന്നുണ്ടായതു്!

ലൗകികമാത്രമായ പ്രശസ്തിക്കുവേണ്ടി അദ്ധ്വാനിക്കുന്നതിന്റെ ബുദ്ധിശൂന്യത അന്ന് ഫ്രാൻസിസിനു ബോദ്ധ്യപ്പെട്ടതുപോലെ, നമ്മു

ടെ ജീവിതത്തിൽ ആശാവഹമായ പരിവർത്തനങ്ങൾ സൃഷ്ടിക്കുവാൻ രോഗാവസ്ഥ സഹായകമാകാറുണ്ടു്. ആത്മശോധനയും ആത്മവിമർശനവും കൂടാതെ ആരുടെയും ജീവിതത്തിൽ പുരോഗതിയുടെ നവീനാദ്ധ്യായങ്ങൾ ആരംഭിക്കുകയില്ല ബാഹ്യപ്രവർത്തനങ്ങളിലും ഒച്ചപ്പാടുകളിലും മുഴുകി നടക്കുന്നവർക്കു് ആത്മശോധന തികച്ചും അരോചകമാണു്. നമ്മുടെ പരാജയങ്ങളുടെയും പോരായ്മകളുടെയും മുഖത്തു തറച്ചുനോക്കുവാൻ നമുക്കു ധൈര്യം പോരാ. അവയ്ക്കു മൂടുപടം നെയ്തുണ്ടാക്കുന്നതിനും നീതികരണം കണ്ടുപിടിക്കുന്നതിനുമാണു് നാം ശ്രമിക്കുന്നതു്.

രോഗക്കിടക്കയിൽവച്ചു് നമ്മുടെ ശാരീരികമായ ബലഹീനതയും നിസ്സഹായതയും അനിഷേദ്ധ്യമായ ഒരു യാഥാർത്ഥ്യമായി പരിണമിക്കുമ്പോൾ, ജീവിതത്തിന്റെ വിവിധ തുറകളിൽ നമുക്കു നേരിട്ട പരാജയങ്ങളെ വസ്തുനിഷ്ഠമായി പുനഃപരിശോധന നടത്തുവാൻ തക്ക ഇച്ഛാബലം നമുക്കു ലഭിക്കും. ആത്മ പഗ്രഥനത്തിന്റെ വെളിച്ചത്തിൽ അഭിവൃദ്ധിയിലേക്കുള്ള പ്രായോഗിക തീരുമാനങ്ങൾ രൂപംകൊള്ളാതിരിക്കയില്ല.

അനാരോഗ്യവും വേദനയും അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത ദൃഢഗാത്രനും തന്റേടിയുമായ ഒരു മനുഷ്യനു് തന്റെ ചുററുമുള്ള രോഗികളുടെയും അവശരുടെയും വേദനകളിലും കഷ്ടപ്പാടുകളിലും സഹതാപം തോന്നുക പ്രയാസമാണു്. നമ്മുടെ ഹൃദയത്തിന്റെ കാഠിന്യം കുറച്ചു് അലിവിന്റെയും അനുകമ്പയുടെയും മൃദുലവികാരങ്ങൾ വെളിയിൽ കൊണ്ടുവരുന്നതിനും, നമ്മുടെ സ്വഭാവത്തിന്റെ പരുഷമായ വശങ്ങൾ തേച്ചുമിനുക്കുന്നതിനും രോഗാവസ്ഥക്കുള്ള കഴിവു് അപാരംതന്നെ. കീഴുള്ളവരോടു വേണ്ടതിലധികം കർക്കശമായി പെരുമാറിയിരുന്ന ഒരു മേലധികാരി ഏതാനും ആഴ്ച ടൈഫോയിഡു് ബാധിതനായി കിടന്ന ശേഷം തികച്ചും സ്നേഹശീലനും ദയാലുവുമായി വെളിയിൽ വരുക സ്വാഭാവികമാണു്.

എത്ര മദ്യപാനികളെ, ഭാര്യയെയും കുഞ്ഞുങ്ങളെയും കൊല്ലാക്കൊല നടത്തിയിരുന്ന എത്ര ഭർത്താക്കന്മാരെ, അനീതിയിലും അക്രമങ്ങളിലും ആഭാസത്തരങ്ങളിലും മുഴുകി നടന്ന എത്രയെത്ര ക്രൂരഹൃദയരെ സുഖക്കേടിന്റെ കരുത്തുള്ള കരം മെരുക്കിയെടുത്തു് സൽസ്വഭാവികളാക്കിയിട്ടില്ല. ശാരീരിക വേദനയും നിസ്സാരകാര്യങ്ങളിൽപോലും മററുള്ളവരെ ആശ്രയിക്കേണ്ടിവരുന്നതും, സ്നേഹഭാജനങ്ങളുടെ വാത്സല്യപൂർവ്വകമായ ശുശ്രൂഷകളും രോഗിയുടെ ഹൃദയത്തിൽ ലോലവികാരങ്ങളെ പാകിവളർത്തുന്നതിൽ അത്ഭുതമില്ല.

വിനയത്തിന്റെ ഒരു വിദ്യാലയമാണു് ദീനശയ്യ. നമുക്കു നമ്മെക്കുറിച്ചുള്ള അമിതമായ മതിപ്പിനു കുറവുവരുന്നതാണു് മറെറാരു നേട്ടം. ഭാവനാധിഷ്ഠിതമായ നമ്മുടെ വലുപ്പം രോഗാവസ്ഥയിൽ താനേ കുറയും. ബഹുമുഖമായ പരിപാടികളിൽ മുഴുകി പല വിജയങ്ങളും കൈവരിക്കുന്ന ഒരാൾ തന്റെ പ്രവർത്തനങ്ങളുടെ വ്യാപ്തിയും ബാഹുല്യവും സ്വന്തം വ്യക്തിത്വത്തിന്റെ വില നിർണ്ണയിക്കാനുള്ള അളവുകോലായി വിനിയോഗിച്ചെന്നു വരും. "ഞാനില്ലെങ്കിൽ കാണാം എല്ലാം എങ്ങനെയാകുമെന്നു്: ഞാനില്ലെങ്കിൽ ഒന്നും നടക്കുകയില്ല" എന്നൊക്കെ വീരവാദം മുഴക്കുന്നവർ വിസ്മയനീയമായ ഒരു പരമാർത്ഥം രോഗാവസ്ഥയിൽ ഗ്രഹിക്കും: വിചാരിച്ചതുപോലെ അനുപേക്ഷണീയരല്ല തങ്ങളെന്നും, 'നികത്താനാവാത്ത ഒരു നഷ്ടം" ആരുടേയും രോഗംകൊണ്ടോ ദേഹവിയോഗംകൊണ്ടോ ഈ ലോകത്തിനുണ്ടാകുന്നില്ലെന്നും. നമ്മെക്കുറിച്ചും നമ്മുടെ പ്രവർത്തനരംഗത്തെക്കുറിച്ചും ഒരു യാഥാർത്ഥ്യബോധം നമ്മിൽ ഉളവാകുന്നതു് എത്രയോ വലിയ ഒരനുഗ്രഹമാണു്. ഇതിന്റെ അഭാവത്തിലല്ലെ പല ജീവിതങ്ങളും തകർന്നുപോകുന്നതു്?

എല്ലാവരെക്കൊണ്ടും ലോകത്തിനു് ഉപകാരമുണ്ടാകാമെങ്കിലും, ആരുടെയും സാന്നിദ്ധ്യം ഒഴിച്ചുകൂടാത്തതല്ല പകരം ആളെ ലഭിക്കാത്തവിധം അത്ര പ്രാധാന്യമുള്ള ഒരു സ്ഥാനമാണു് ഞാൻ അലങ്കരിക്കുന്നതു് എന്ന മിഥ്യാബോധം മാഞ്ഞുപോകണമെങ്കിൽ കുറെ ദിവസത്തേക്കു്

# ലീജിയൻ ഓഫ് മേരി ജൂബിലി സമ്മേളനം

തിരുവനന്തപുരം അതിരൂപതയിൽ ലീജിയൻ ഓഫ് മേരി ആരംഭിച്ചിട്ട് ഇരുപത്തഞ്ചു വർഷം കഴിഞ്ഞു. പരക്ഷ കേന്ദ്രസമിതിയുടെ അംഗീകാരത്തോടുകൂടി ലീജിയൻ പ്രസീദിയം സ്ഥാപിച്ചതു് 1953-ലാണു്. അതിന്റെ ദശാബ്ദജൂബിലി സമാപനസമ്മേളനം 1964 മേയ് 29 മുതൽ 31 വരെ കൊട്ടാരക്കര കിഴക്കേത്തെരുവു സ്കൂളിൽവെച്ചു് അഭിവന്ദ്യതിരുമനസ്സിലെ മഹനീയസാന്നിദ്ധ്യത്തിൽ വിപുലമായ പരിപാടികളോടെ നടന്നിരിക്കുന്നു. അതിരൂപതയുടെ എല്ലാ ഭാഗങ്ങളിൽനിന്നുമായി എഴുപതിൽപരം പ്രസീദിയാപ്രതിനിധികൾ സന്നിഹിതരായിരുന്നു.

വികാരിജനറാൾ റൈററ് റവ. മോൺ. സി. ററി. കുരുവിള പ്രഥമസമ്മേളനം ഉൽഘാടനം ചെയ്തു. റവ. ഫാദർ ബനവഞ്ചർ O. I. C. റവ. ഫാ. ഡോമിനിക് സക്കറിയാ, റവ. ഫാ. ലോറൻസ് തോട്ടം എന്നീ വൈദികന്മാർ യഥാക്രമം "അൽമേനികളുടെ പൗരോഹിത്യം", "വി. കുർബാന ആരാധനയുടെയും പ്രേഷിതവൃത്തിയുടെയും ജീവൻ", "ലീജിയനും മിഷൻവേലയും" എന്നീ വിഷയങ്ങൾ ആസ്പദമാക്കി ചർച്ചാസമ്മേളനങ്ങൾ നടത്തി.

ചങ്ങനാശ്ശേരി കൊമീസിയം പ്രസിഡൻറ് ബ്ര. പി. സി. ജോസഫ്, സെക്രട്ടറി ബ്ര. പി. സി. മാത്യു എന്നിവർ ലീജിയനും പ്രേഷിതവേലയും, ലീജിയൻ പ്രവത്തനങ്ങൾ എന്നീ വിഷയങ്ങൾ അധികരിച്ചു് പ്രസംഗിച്ചു. എറണാകുളം കർമ്മലീത്താ സുപ്പീരിയർ വെരി. റവ. ഫാദർ മാത്യു O. C. D. ധ്യാനപ്രസംഗം നടത്തി.

സമാപനദിവസം രാവിലെ അഭിവന്ദ്യതിരുമനസ്സുകൊണ്ടു് ലീജിയനുവേണ്ടി ദിവ്യബലി അർപ്പിക്കുകയും അംഗങ്ങളെല്ലാവരും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്തു. സമാപനസമ്മേളനത്തിൽ കേരളത്തിലെ ലീജിയൻ പ്രചാരകൻ ബ്ര. രത്നസ്വാമി പ്രസംഗിച്ചു. ഓരോ ഇടവകയിലും അൽമായപ്രേഷിതർ ബ. വൈദികരോടു സഹകരിച്ചു് ആത്മാത്ഥമായി പ്രവത്തിക്കുവാൻ അഭിവന്ദ്യതിരുമേനി ഉദ്ബോധിപ്പിച്ചു.

---

എന്നെ കിടപ്പിലാക്കുന്ന ഒരു അസുഖം വരണം. ഭാവനയിലുള്ള നമ്മുടെതന്നെ ചിത്രത്തിൽ അധികമുള്ള ചായം നീക്കുവാൻ ഇതുപോലെ ഉപകരിക്കുന്ന മറെറാന്നില്ല.

രോഗം ഗുരുതരമാവുകയും മരണഭീതി ഉളവാക്കുകയും ചെയ്യുന്നതു് ചില പാപികളെ സംബന്ധിച്ചിടത്തോളം ഒരു വലിയ അനുഗ്രഹമാണെന്നു പറയാം. മരണം അടുത്തടുത്തു വരുന്നതുകണ്ടാലേ ചില കഠിന പാപികളുടെ ഉള്ളിൽ ദൈവം, ആത്മാവു്, വിധിതുടങ്ങിയ നിത്യസത്യങ്ങൾ എന്തെങ്കിലും ചലനം സൃഷ്ടിക്കുകയുള്ളു. എത്ര വൻ പാപികളെ അപകടനിലയിലെത്തിയ രോഗം നരകത്തിന്റെ വക്കിൽ നിന്നു് ഉന്തിമാററിയിട്ടില്ല. മരണാസന്നർ തപ്തഹൃദയത്തോടെ ആത്മീയാവശ്യങ്ങൾ നിറവേററുന്നതു മററുള്ളവരുടെ സദുപദേശംകൊണ്ടു മാത്രമല്ല. അതിലുപരിയായി അവരെ പ്രേരിപ്പിക്കുന്നതു ജീവിതം തുലാസ്സിൽക്കിടന്നാടിയപ്പോൾ അവരുടെ ഉള്ളിലുണ്ടായ പരിവത്തനമാണു്. ആദ്ധ്യാത്മിക സത്യങ്ങൾ രോഗാവസ്ഥയിൽ ഒരു പ്രത്യേക രീതിയിലാണു് മനസ്സിലേക്കു് ഊന്നിറങ്ങുന്നതു്.

"രോഗിയായി കിടക്കുമ്പോൾ ബൈബിളിലെ സാധാരണവാക്യങ്ങൾക്കു പിന്നിൽ അഗാധവും വിപുലവുമായ അത്ഥം ഗ്രഹിക്കുവാൻ എനിക്കു് സാധിക്കുന്നു" എന്നു് പാവനചരിതനായ ഒരു വൈദികൻ പറഞ്ഞതിൽ അതിശയോക്തിയുണ്ടോ?

(അസ്സീസ്സി)

# വിവിധ വൃത്താന്തങ്ങൾ

## പ്രോട്ടസ്റ്റൻറ ബൈബിളിൻെറ കത്തോലിക്കാ പതിപ്പു്.

റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷൻ (R. S. V.) എന്ന പ്രസിദ്ധമായ പ്രോട്ടസ്റ്റൻറു് ഇംഗ്ലീഷ് ബൈബിളിൻെറ ഒരു കത്തോലിക്കാപതിപ്പു പ്രസിദ്ധം ചെയ്യുന്നതിനുള്ള അനുമതി റോമിൽനിന്നു നൽകപ്പെട്ടിരിക്കുന്നതായറിയുന്നു. ഹീബ്രൂ, ഗ്രീക്ക് എന്നീ മൂലഭാഷകളിൽ നിന്നു തർജ്ജമ ചെയ്യപ്പെട്ടിരുന്നതാണു പ്രസ്തുത ബൈബിൾ. കത്തോലിക്കർക്കാവശ്യമായ വ്യത്യാസങ്ങൾ ഈ ബൈബിളിൽ വരുത്തുന്നതിനു് ഇതിൻെറ പകർപ്പവകാശം വഹിക്കുന്ന അമേരിക്കൻ പ്രോട്ടസ്റ്റൻറു കൗൺസിൽ സമ്മതിച്ചിട്ടുണ്ടു്.

## ശവദാഹത്തെപ്പററിയുള്ള നിയമം.

മൃതശരീരങ്ങൾ ദഹിപ്പിക്കുന്നതിനെതിരായുള്ള കത്തോലിക്കാനിയമങ്ങളിൽ അല്പം അയവു വരുത്തിയിട്ടുള്ളതായി റോമിൽനിന്നുള്ള ചില വാർത്താവിതരണ ഏജൻസികൾ പ്രസ്താവിക്കുന്നു. സ്വശരീരം ദഹിപ്പിക്കണമെന്നുള്ള ആഗ്രഹമുള്ളതുകൊണ്ടു മാത്രം ഒരാൾക്കു് അന്ത്യകൂദാശയും വി. കുർബാനയും നിഷേധിക്കരുതെന്നു് പുതിയ നിയമം നിർദ്ദേശിക്കുന്നു. മൃതശരീരങ്ങൾ ഭൂമിയിൽ മറവു ചെയ്യണം എന്നു തന്നെയാണു് സഭ ഇപ്പോഴും പഠിപ്പിക്കുന്നതു്. ചില രാജ്യങ്ങളിലെ ദേശീയാചാരവും ആരോഗ്യനിയമവും ശവദാഹം നിർബ്ബന്ധിതമാക്കിയിട്ടുള്ളതുകൊണ്ടു്, സഭാനിയമത്തിൽ ഇപ്പോൾ വരുത്തിയിരിക്കുന്ന അയവു് പൊതുവെ സ്വാഗതം ചെയ്യപ്പെടുന്നുണ്ടു്.

## വികലാംഗരുടെ സ്ഥിരീകരണശുശ്രൂഷ

വികലാംഗരായ 28 ബാലികാബാലന്മാരുടെ സ്ഥിരീകരണശുശ്രൂഷ (മൂറോനഭിഷേകം) പോൾ ആറാമൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് വത്തിക്കാൻ അരമനയിലെ ചാപ്പലിൽ വച്ചു നിർവ്വഹിച്ചിരിക്കുന്നു. കഴിഞ്ഞ ജൂൺ മാസത്തിൽ മാർപ്പാപ്പാ സ്ഥാനത്തേയ്ക്കുയർത്തപ്പെട്ടതിനു ശേഷം ആദ്യമായിട്ടാണു് പ. പിതാവ് ഈ കൂദാശാകർമ്മം നടത്തിയതു്.

## അക്രൈസ്തവർക്കായുള്ള സെക്രട്ടറിയേററു്.

അകത്തോലിക്കാ സഭകളുമായുള്ള ബന്ധത്തിനുവേണ്ടി നിയമിക്കപ്പെട്ടിരിക്കുന്ന സെക്രട്ടറിയേററിനു തുല്യമായി അക്രൈസ്തവമതങ്ങളോടുള്ള ബന്ധത്തിനുവേണ്ടി ഒരു പുതിയ സെക്രട്ടറിയേററു സ്ഥാപിച്ചിരിക്കുന്നതായി മാർപ്പാപ്പാതിരുമേനി പ്രഖ്യാപിച്ചിരിക്കുന്നു. കാർഡിനൽ മരെല്ലാ ഈ സെക്രട്ടറിയേററിൻെറ പ്രസിഡൻറായിരിക്കും. പ്രധാനമായും ഹിന്ദു, മുസ്ലീം, ബുദ്ധമതങ്ങളോടുള്ള ബന്ധമായിരിക്കും ഈ സെക്രട്ടറിയേററിൻെറ ശ്രദ്ധയിൽ വരുന്നതു്.

* * *

## വി. കുർബാന ടെലവിഷനിൽ

ഇംഗ്ലണ്ടിലെ വെസ്റ്റ്മിനിസ്റ്റർ ആർച്ചുബിഷപ്പായ ഡോ. ഹീനാൻ ലണ്ടൻ കത്തീഡ്രലിൽ അർപ്പിച്ച വി. കുർബാന ഇംഗ്ലണ്ടിലും യൂറോപ്പിലെ ഒൻപതു രാജ്യങ്ങളിലും ഒരേ സമയം ടെലവിഷനിൽ പ്രദർശിപ്പിക്കുകയുണ്ടായി. അഞ്ചു കോടി ജനങ്ങൾ ഇതു ദർശിച്ചു എന്നു കണക്കാക്കപ്പെടുന്നു. "അവ്യക്തവും വഴിതെററിക്കുന്നതുമായ ശബ്ദങ്ങളുടെ ഈ ലോകത്തിൽ നമ്മെ വഴി കാണിക്കുന്ന സഭ മാതാവിനുവേണ്ടി നമുക്കു ദൈവത്തെ സ്തുതിക്കാം" എന്നു് ആർച്ചുബിഷപ് ഹീനാൻ തൻെറ പ്രസംഗത്തിൽ പ്രസ്താവിച്ചു.

* * *

## ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുക.

തുർക്കി രാജ്യത്തു് പലവിധ ഞെരുക്കങ്ങൾ അനുഭവിക്കേണ്ടി വന്നിരിക്കുന്ന അഥനാഗൊറാസ് പാത്രിയർക്കീസിനും ഓർത്തഡോക്സ് സഭകൾക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നു് ജർമ്മനിയിലെ കാർഡിനൽ ഡോഫ്നർ അഭ്യർത്ഥിച്ചിരിക്കുന്നു. പാത്രിയർക്കീസിനെ തുർക്കിരാജ്യത്തുനിന്നു ബഹിഷ്കരിച്ചേക്കാമെന്നുള്ള ഭയവും കാർഡിനൽ പ്രകടിപ്പിക്കുകയുണ്ടായി.

* * *

# സഭാകലണ്ടർ

ജൂൺ 14-പെന്തിക്കൊസ്തിക്കശേഷം നാലാം ഞായർ
" 15-തിങ്കൾ ദൈവമാതാവിൻെറ നാമത്തിൽ പ്രഥമ പള്ളിസ്ഥാപനം.
" 16-ചൊവ്വ ശ്ലീഹാനോമ്പാരംഭം.
" 18-വ്യാഴം മാർ അപ്രേം മല്പാൻ
" വെള്ളി-മാർ യൂദാശ്ലീഹാ
" 21-പെന്തിക്കൊസ്തിക്കശേഷം അഞ്ചാം ഞായർ
" 24-ബുധൻ യോഹന്നാൻ സ്നാപകൻെറ ജനനം
" 27-ശനി മാർ തിയോഫിലോസ് തിരുമേനിയുടെ ചരമദിനം
" 28-പെന്തിക്കൊസ്തി ആറാം ഞായർ
" 29-തിങ്കൾ ശ്ലീഹാനോമ്പുവീടൽ- മാർ പത്രോസ്, മാർ പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ.
" 30-ചൊവ്വാ പന്ത്രണ്ടു ശ്ലീഹന്മാർ
ജൂലൈ 1-ബുധൻ മാർ കുസ്മമോസും മാർ ദമിയാനോസും.
" 3-വെള്ളി മാർ തോമാശ്ലീഹായുടെ ദുക്റോനൊ
" 5-പെന്തിക്കൊസ്തി ഏഴാം ഞായർ- എഴുപത്തിരണ്ട് അറിയിപ്പുകാർ
" 12 പെന്തിക്കൊസ്തി എട്ടാം ഞായർ
" 15-ബുധൻ മാർ കുറിയാക്കോസും വി. യൂലീത്തിയും.

* * * *

## പരേതരായ പട്ടക്കാരും കന്യാസ്ത്രീകളും

ജൂലൈ 1-റവ. ഫാ. ഏബ്രഹാം മാരേട്ട് കല്ലൂപ്പാറ
" 6-വ. ദി ശ്രീ. പുലിക്കോട്ട ജോസഫ് റമ്പാൻ
ജൂലൈ 14-സിസ്റ്റർ കാർമൽ D. M.
" 15-റവ. ഫാ. മാണി യോഹന്നാൻ ചേരാവള്ളിൽ. R. I. P.


**For favours received**



**Inserted by**

T. A. Abraham, Mylapra.



## ക്രൈസ്തവകാഹളം പരസ്യനിരക്ക്

| | | |
|---|---|---|
| 1 പേജിനു് | രൂപാ | 40 |
| $\frac{1}{2}$ " | " | 20 |
| $\frac{1}{4}$ " | " | 10 |
| ഉപകാരസ്മരണാർത്ഥം പടം പ്രസിദ്ധപ്പെടുത്തുന്നതിനു് | " | 5 |

മാനേജർ.


## സുവിശേഷവും ദേശീയ സംസ്കാരവും

"ദൈവത്തിൻെറ സുവിശേഷം ഒരു ജനതയുടെ സ്വാഭാവികഗുണത്തിലും പ്രതിഭയിലുമുള്ള സത്യവും സുന്ദരവും നല്ലതുമായ അംശങ്ങളെ നശിപ്പിക്കുന്നതല്ല. സുവിശേഷത്തെ സ്വാഗതം ചെയ്യാൻശ്രമിക്കുന്ന ജനതയിൽ ഇവ ഇഷ്ടപ്പെടുവാനോ കെട്ടുപോകുവാനോ ഇടയാകരുതെന്നാണു് ആരംഭംമുതൽ ഇന്നുവരെ തിരുസ്സഭ വിവേകപൂർവ്വം സ്വീകരിച്ചുവരുന്ന നിലപാട്"

പന്ത്രണ്ടാം പീയൂസ്—




# തിരുവനന്തപുരം

## വൈദികസ്ഥലംമാററവും നിയമനവും

| | | |
|---|---|---|
| റവ. ഫാ. | ഏബ്രഹാം വാലുപറമ്പിൽ | പുത്തൻകാവ് |
| ,, | അലക്സാണ്ടർ പണിക്കർ | സെൻറ് ജോൺസ് കോളജ്, അഞ്ചൽ. |
| ,, | ഡാനിയൽ അയ്യനേത്ത് | ,, ,, |
| ,, | ഡാനിയേൽ കടകംപള്ളിൽ | പുത്തൂർ. |
| ,, | ഡാനിയേൽ വടക്കേക്കര | കടമ്മനിട്ട |
| ,, | ഡോമനിക്ക് സക്കറിയാ | സെൻറ് മേരീസ് കത്തീഡ്രൽ, പാളയം. |
| ,, | ജേക്കബ് ജോൺ | വയലത്തല. |
| ,, | ജേക്കബ് കിഴക്കേടത്ത് | സെൻറ് മേരീസ് കത്തീഡ്രൽ, പാളയം. |
| ,, | ജോൺ കണ്ണങ്കര | ബാലരാമപുരം. |
| ,, | ജോഷ്വാ കുന്നത്തേത്ത് | ചാരുംമൂട്. |
| ,, | കുരിയാക്കോസ് കോയിക്കലഴികത്ത് | സെൻറ് അലോഷ്യസ് സെമിനാരി. |
| ,, | മാത്യു മുരുത്തിയിൽ | രാമഞ്ചിറ. |
| ,, | ഉമ്മൻ അയ്യനേത്ത് | സെൻറ് ജോൺസ് കോളജ്, അഞ്ചൽ. |
| ,, | സാമുവേൽ മണ്ണിൽ | ശാന്തിഭവൻ, കുറവങ്കോണം. |
| ,, | സാമുവേൽ പള്ളിവാതുക്കൽ | പിരപ്പൻകോട്. |
| ,, | തോമസ് കൊട്ടാരത്തിൽ | മാർ ഈവാനിയോസ് കോളെജ്. |
| ,, | തോമസ് മൂലേവീട്ടിൽ | ചേപ്പാട്. |
| ,, | വി. റ്റി. തോമസ് | കുടശ്ശനാട്. |
| ,, | സേവ്യർ ഞായപ്പള്ളി | പനച്ചിമൂട്. |
| ,, | സക്കറിയാസ് ചങ്ങങ്കരി | പുത്തൻപീടിക. |
| ,, | ജോഷ്വാ പീടികയിൽ | കടമ്പനാട |
| ,, | തോമസ് ചിറയത്ത് | പുലിയൂർ |
| ,, | തോമസ് കുമ്പക്കാട്ട് | ആർച്ചുബിഷപ്സ്ഹൗസ്. |
| ,, | ജോഷ്വാ തെക്കേചരുവിൽ | കാർമ്മല. |
| ,, | അഗസ്റ്റിൻ വിരുപ്പേൽ | കൂടൽ. |
| ,, | അലക്സാണ്ടർ പനംകുന്നിൽ | മാർ ഈവാനിയോസ് കോളജ്. |
| ,, | തോമസ് നെരിയാട്ടിൽ | മത്തക്കാല. |
| ,, | മാത്യു വാഴപ്പിള്ളേത്ത് | മാർത്താണ്ഡം. |
| ,, | ഫിലിപ്പ് ഉഴനല്ലൂർ | തട്ട, അടൂർ. |
| ,, | ഡാനിയേൽ തോട്ടം | മെഴുകുമ്മേൽ. |
| ,, | സക്കറിയാസ് കുഴിപ്പറമ്പിൽ | മാർ ഈവാനിയോസ് കോളെജ്. |
| ,, | മാത്യു ചെങ്കല്ലൂർ | കിഴക്കേത്തെരുവ്. |
| ,, | മാത്യു ഇലഞ്ഞിക്കൽ | ആർച്ചുബിഷപ്സ് ഹൗസ്. |

മേയ് മാസം 12-ാംതീയതി അഭിവന്ദ്യതിരുമേനി നാലാഞ്ചിറ ബഥനിമഠത്തിലെ നവസന്യാസിനികൾക്ക് സഭാവസ്ത്രം നല്കിയിരിക്കുന്നു.

15-ാം തീയതി മറിയമക്കളുടെ സമൂഹത്തിലെ നവസന്യാസിനികൾക്ക് പോങ്ങുംമൂട് മഠത്തിൽവച്ച് സഭാവസ്ത്രം നല്കിയിരിക്കുന്നു.

മേയ്മാസം 10-ാം തീയതി ശാസ്താംകോട്ട പണുതിരിക്കുന്ന പള്ളിയുടെ കൂദാശാകർമ്മം അഭിവന്ദ്യതിരുമേനി നിർവഹിച്ചു.

28-ാംതീയതി യാക്കോബായ പാത്രിയക്കീസു തിരുമേനിയും കാതോലിക്കാബാവാ തിരുമേനിയും പട്ടം അരമനയിലെത്തി മെത്രാപ്പോലീത്താതിരുമേനിയെ സന്ദർശിക്കുകയും അവരുടെ ബഹുമാനാർത്ഥം നടത്തിയ ചായസല്ക്കാരത്തിൽ പങ്കുകൊള്ളുകയും ചെയ്തു.

31-ാം തീയതി വൈകുന്നേരം തിരുവനന്തപുരത്ത് ഉള്ളൂർ കാട്ടുവിള എന്ന സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന ദൈവാലയത്തിൻെറ കൂദാശാകർമ്മം അഭിവന്ദ്യതിരുമേനി നിർവഹിച്ചിരിക്കുന്നു.

ജൂൺ 5-ാം തിയതി അഭിവന്ദ്യ തിരുമേനി അട്ടർ പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും സണ്ടേസ്കൂൾ വാർഷികയോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തു. അന്നുതന്നെ, അവിടെ അനുവദിച്ചിരിക്കുന്ന റസിഡൻഷ്യൽ സ്കൂളിൻെറ കൂദാശാകർമ്മവും നിർവഹിച്ചു. തദനന്തരം മഞ്ചാടിമുക്ക് എന്ന സ്ഥലത്ത് ഒരു പുതിയ ദൈവാലയത്തിൻെറ ശിലാസ്ഥാപനകർമ്മവും നിർവ്വഹിച്ചു. വൈകുന്നേരം വയലാപള്ളിയിൽ എഴുന്നള്ളി 25 വീട്ടുകാരെ കത്തോലിക്കാ സഭയിലേക്കു സ്വീകരിച്ചു.

## സണ്ടേസ്കൂൾ വാർഷികം

ഇലമ്പൂർ സെൻറ് പാട്രിക്ക് കത്തോലിക്കാ ഇടവകയിലെ സണ്ടേസ്കൂളിൻെറ വാർഷികം മെയ് മാസം 17-ാം തീയതി ആഘോഷപൂർവ്വം നടത്തപ്പെട്ടിരിക്കുന്നു. യോഗത്തിൽ വെ. റവ. ഫാ. തോമസ് പണിക്കർ ആദ്ധ്യക്ഷം വഹിച്ചു. റവ.ഫാ. സാമുവേൽ യുണ്ടിയിൽ, റവ. ഒ. കെ. വർഗ്ഗീസ്, ശ്രീമാൻ ചാരുംമൂട്ട് എന്നിവർ യോഗത്തിൽ പ്രസംഗങ്ങൾനടത്തി. യോഗാനന്തരം വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

## പള്ളിപെരുനാൾ

കറത്തിയാട്ട് കത്തോലിക്കാപള്ളിയിലെ പെരുനാൾ മേയ്മാസം 6-ാംതീയതി ബുധനാഴ്ച തിരുവനന്തപുരം ആർച്ചുബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ പൂർവ്വാധികം മംഗളമായി കൊണ്ടാടിയിരിക്കുന്നു. ഇതോടനുബന്ധിച്ച് 4, 5, 6 എന്നീ തിയതികളിൽ വന്ദ്യ ദിവ്യശ്രീ പീലിപ്പോസ് റമ്പാച്ചൻെറ ആദ്ധ്യക്ഷതയിൽ സുവിശേഷ പ്രസംഗയോഗവും നടത്തപ്പെടുകയുണ്ടായി.

## നവപൂജാർപ്പണം

ബഥന്യാശ്രമാംഗമായ റവ ഫാ. ലോറൻസ് O. I. C. അവർകളുടെ നവപൂജാർപ്പണം സ്വന്തം ഇടവകപ്പള്ളിയായ ചേപ്പാട്ടു തിരുഹൃദയപ്പള്ളിയിൽവച്ച് ജൂൺ 13-ാംതീയതി അഭിവന്ദ്യതിരുമേനിയുടേയും പെ. ബ. റമ്പാച്ചൻെറയും അനേകം വൈദികരുടേയും ഒരു നല്ല ജനക്കൂട്ടത്തിൻെറയും സാന്നിദ്ധ്യത്തിൽ നിർവഹിക്കപ്പെട്ടിരിക്കുന്നു.

## സൺഡേസ്കൂൾ അദ്ധ്യാപക സമ്മർക്യാമ്പ്

തിരുവനന്തപുരം വടക്ക്, തിരുവനന്തപുരം തെക്ക്, നെടുമങ്ങാട്ട്, ബാലരാമപുരം എന്നീ വൈദികഡിസ്ട്രിക്ടുകളിലെ സൺഡേസ്കൂൾ അദ്ധ്യാപകർക്കായുള്ള സമ്മർക്യാമ്പ് മേയ് മാസം 20, 21, 22, 23 എന്നീ തീയതികളിൽ മാർ ഈവാനിയോസ് കോളജിൽ വച്ച് വിവിധ പരിപാടികളോടുകൂടി നടത്തപ്പെട്ടിരിക്കുന്നു. അഭിവന്ദ്യതിരുമേനി ക്യാമ്പു ഉൽഘാടനം ചെയ്തു. വന്ദ്യദിവ്യശ്രീ ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ, റവ. ഫാദേഴ്സ് ഡാനിയേൽ അയ്യനേത്ത്, ഡോമിനിക് സഖറിയാ, ശ്രീ. പി. സി. ഗ്രിഗറി എന്നിവരുടെ നേതൃത്വത്തിൽ ക്യാമ്പിനെ വളരെയധികം വിജയിപ്പിച്ചു. വികാരിജനറാൾ വന്ദ്യദിവ്യശ്രീ മോൺസിഞ്ഞോർ സി. റ്റി. കുരുവിളയുടെ ആദ്ധ്യക്ഷതയിൽ കൂടിയ സമാപനസമ്മേളനത്തിൽ വച്ച് കലാപരിപാടികളിലും കായികമത്സരങ്ങളിലും പങ്കെടുത്ത് വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണംചെയ്തു.

Registered No: K. 405.

### കൊല്ലം

മേയ് 19, 20, 21 എന്നീ തീയതികളിൽ ഈ ഡിസ്ട്രിക്റ്റിലെ സൺഡേസ്കൂൾ ക്യാമ്പ് വിജയകരമായി പുത്തൂർ വച്ചു നടത്തി. അതിൽ 87-ൽപരം പേർ സംബന്ധിച്ചിരുന്നു. വെ. ഡോമിനിക്കച്ചനും, ഡാനിയേലച്ചനും ക്ലാസ്സുകൾ എടുത്തു.

### പുനലൂർ–കൊട്ടാരക്കര

1964 ഏപ്രിൽ 30 മുതൽ മേയ് 2-ാംതീയതിവരെ പുനലൂർ–കൊട്ടാരക്കര എന്നീ വൈദികഡിസ്ട്രിക്ടുകളിലെ സൺഡേസ്കൂൾ അദ്ധ്യാപകർക്കായുള്ള സമ്മർക്യാമ്പ് കൊട്ടാരക്കര കിഴക്കേത്തെരുവിൽവച്ച് സമംഗളം നടത്തിയിരിക്കുന്നു. ക്യാമ്പിൽ 59 സൺഡേസ്കൂൾ അദ്ധ്യാപകർ സംബന്ധിച്ചിരുന്നു

### കോന്നി

കോന്നി ഡിസ്ട്രിക്റ്റിലെ സൺഡേസ്കൂൾ അദ്ധ്യാപക വാർഷിക ക്യാമ്പ് 1964 മേയ് 25, 26 എന്നീ തീയതികളിൽ വകയാറു വച്ച് സമംഗളം നടന്നിരിക്കുന്നു. വിവിധ സൺഡേസ്കൂളുകളിൽനിന്നുമായി അമ്പതോളം അദ്ധ്യാപകർ ക്യാമ്പിൽ സംബന്ധിച്ചിരുന്നു.

## തിരുവല്ലാ

മലബാറിൽ നിലമ്പൂരിനടുത്തുള്ള പൂളയ്ക്കോട്ട് എന്ന സ്ഥലത്ത് വി. ഗീവറുഗ്ഗീസ് സഹദായുടെ നാമത്തിൽ പുതുതായി പണുതീരുന്ന ദൈവാലയത്തിൻെറ ക്രൂദാശാകർമ്മം ഏപ്രിൽ 18-ാം തീയതി തിരുവല്ലാ മെത്രാൻ തിരുമനസ്സുകൊണ്ട് നിവ്വഹിച്ചിരിക്കുന്നു. തദവസരത്തിൽ ബ. ഫാ എബ്രഹാം മറ്റത്തിപ്പറമ്പിൽ പ്രസംഗിച്ചു. രാത്രിയിൽ കഥാപ്രസംഗവും ഉണ്ടായിരുന്നു.

### സ്ററുഡൻറ്സ് സമ്മർക്യാമ്പ്

ഹൈസ്കൂൾ ക്ലാസ്സുകളിലും പ്രീയൂണിവേഴ്സിററി ക്ലാസ്സിലും പഠിക്കുന്ന തിരുവല്ലാരൂപതയിലെ വിദ്യാത്ഥിനീ വിദ്യാത്ഥികളെ ഉദ്ദേശിച്ചു ആണ്ടുതോറും നടത്തിവരുന്ന സ്ററുഡൻറ്സ് സമ്മർക്യാമ്പ് ഈ വർഷം മേയ് 3-ാം തീയതിമുതൽ 7-ാം തീയതി വരെ തിരുമൂലപുരം സെൻറു തോമസ് ഹൈസ്കൂളിൽവച്ച് നടത്തപ്പെട്ടു 257-ൽപ്പരം കുട്ടികൾ ക്യാമ്പിൽ സംബന്ധിച്ചിരുന്നു. ചങ്ങനാശ്ശേരി സെൻറു ബക്കുമൻസ് കോളജ് വൈസ് പ്രിൻസിപ്പൽ റവ ഫാ. കുര്യാക്കോസ് ഏണേക്കാട്ട്. എം. എ, ശ്രീ. ജെ. മാത്യു. ബി. എ. ബി. ററി. മുതലായവർ ക്യാമ്പു ദിവസങ്ങളിൽ വിജ്ഞാനപ്രദങ്ങളായ വിഷയങ്ങളെപ്പററി പ്രസംഗിക്കുകയും ചർച്ചകൾ നയിക്കുകയും ചെയ്തു. ക്യാമ്പിനോടനുബന്ധിച്ച് വിവിധ കലാപ്രകടനങ്ങൾ, വിനോദയാത്ര, ഡ്രാമാ, സിനിമാപ്രദർശനം, എക്സിബിഷൻ മുതലായവയും ഉണ്ടായിരുന്നു. കായികമത്സരങ്ങളും സാഹിത്യമത്സരങ്ങളും നടത്തപ്പെടുകയും വിജയികൾക്കു സമ്മാനദാനവും നടത്തപ്പെട്ടു 6-ാം തീയതി വൈകിട്ട് സക്കറിയാസ്മാർ അത്തനാസ്യോസ് തിരുമേനിയുടെ അധ്യക്ഷതയിൽ സമാപനസമ്മേളനം നടത്തപ്പെട്ടു 7-ാം തീയതി തിരുമേനിയുടെ വി. കുർബാനയോടുകൂടി ക്യാമ്പ് അവസാനിച്ചു.

### സൺഡേസ്കൂൾ അദ്ധ്യാപക സെമിനാർ

തിരുവല്ലാരൂപതയിലെ സൺഡേസ്കൂൾ അദ്ധ്യാപകർക്കായി മെയ് 7-ാം തീയതി മുതൽ 11-ാം തീയതിവരെ തിരുമൂലപുരത്തുവച്ചു ഒരു സെമിനാർ നടത്തപ്പെട്ടിരിക്കുന്നു. വെ. റവ മോൺ തോമസ് വടശ്ശേരി L. D, വെരി റവ. ഫാ. തോമസ് പാഴൂർ, M. A, റവ. ഫാ ഫിലിപ്പ് എരട്ടമാക്കിൽ B. A B T, റവ ഫാ മാത്യു മുഴിയിൽ S. J., ശ്രീ. തോമസ് കണിയാംപ്ലാക്കൽ. M. A. എന്നിവർ പ്രസംഗങ്ങളും ചർച്ചകളും നടത്തി. റവ. ഫാ. ജോൺ ഒ ഐ സി ആനന്ദ് സെമിനാർ ദിവസങ്ങളിൽ ആത്മീയ പ്രഭാഷണങ്ങൾ നടത്തിയരുളി.

*Printed at the St. Mary's Press, Pattom, Trivandrum-4. and Published by Rt. Rev. Msgr. Philipose Remban.*